

'റസൂൽ (സ) തിരുമേനി'
മാപ്പരുളിയ മഹാപ്രവാചകൻ

# സത്യദൂതൻ

ഫെബ്രുവരി 2011 | ലക്കം 2 | വില ₹ 20



- ക്രിസ്ത്യൻ – മുസ്‌ലിം സംവാദം, റസൂൽ തിരുമേനി(സ)യുടേയും വാഗ്ദത്ത മസീഹ്(അ)ന്റെയും മാതൃക
- അൽറാസി വൈദ്യശാസ്ത്രത്തിലെ അഗ്രഗാമി
- ബാബേൽ ഗോപുരവും പൊതുഭാഷയും

# മുസ്‌ലിഹ് മൗഊദ് ദിനം

ആഗോള തലത്തിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഫെബ്രുവരി 20ന് മുസ്‌ലിഹ് മൗഊദ് ദിനം ആചരിച്ചു വരുന്നു. വാഗ്ദത്ത മഹ്ദി മസീഹായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) 1886ൽ ഇസ്‌ലാമിന്റെ സത്യത്തെ ലോകത്തെങ്ങും പരത്തുന്നതിന്നുതകുന്ന ജാജ്ജ്വല്യമാനമായ ഒരു ദൃഷ്ടാന്തം വെളിപ്പെടുത്തുന്നതിന്നും ഇസ്‌ലാമിന്റെ ശോച്യാവസ്ഥയ്ക്ക് ഒരു പരിഹാരമുണ്ടാക്കുന്നതിന്നും വേണ്ടി ദൈവസന്നിധിയിൽ നിരന്തരമായി പ്രാർത്ഥിച്ചതിന്റെ ഫലമായി ആ മഹാത്മാവിന് ലോക പ്രശസ്തി ആർജ്ജിക്കുന്ന, വിവിധ വൈശിഷ്ട്യങ്ങൾക്കുടമയായ ഒരു പുത്രന്റെ ജനനത്തെക്കുറിച്ച് അല്ലാഹു മുന്നറിയിപ്പ് നൽകി. ആ പ്രവചനം അദ്ദേഹം 1886 ഫെബ്രുവരി 20നാണ് പ്രസിദ്ധീകരിച്ചത്. ലോകത്ത് മഹാ വിപ്ലവത്തിന് കാരണമായ ആ വാഗ്ദത്ത പുത്രനെക്കുറിച്ചുള്ള ഹരിതവിജ്ഞാപനത്തിന്റെ ഭാഗം ചുവടെ ചേർക്കുന്നു.

**ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുൾ ചെയ്യുന്നു:**

“അല്ലാഹു എന്നെ സംബോധന ചെയ്തുകൊണ്ടു ഇപ്രകാരം പറഞ്ഞു: ഞാൻ നിനക്ക് അനുഗ്രഹത്തിന്റെ ഒരടയാളം നൽകുന്നു... അത്ഭുത ശക്തിയുടേയും ഔദാര്യത്തിന്റെയും സായൂജ്യത്തിന്റെയും അടയാളം. വരപ്രസാദത്തിന്റെയും അനുഗ്രഹവായ്പിന്റെയും അടയാളം നിനക്കു ലഭിക്കാൻ പോകുന്നു. വിജയങ്ങളുടെ കുഞ്ചിക നിനക്കു കരസ്ഥമാവുകയാണ്... ഇസ്‌ലാം മതത്തിന്റെ മേന്മയും ദൈവവചനത്തിന്റെ പെരിമയും ജനങ്ങൾക്കു വെളിപ്പെടുന്നതിനും, ഞാൻ സർവ്വ ശക്തനും ഇച്ഛിക്കുന്നതു ചെയ്യുന്നവനുമാണെന്ന് ലോകത്തിനു മനസ്സിലാക്കുന്നതിന്നും, ഞാൻ നിന്നോടൊപ്പമാണെന്നു അവർക്കു ദൃഢബോദ്ധ്യം വരുന്നതിന്നും, ദൈവത്തിന്റെ അസ്തിത്വത്തിൽ വിശ്വസിക്കുന്നവർക്കും ദൈവത്തിന്റെ മതത്തേയും ഗ്രന്ഥത്തേയും പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫാ (സ) യേയും നിഷേധിക്കുകയും കള്ളവാദിയായി ചിത്രീകരിക്കുകയും ചെയ്യുന്നവർക്കും തുറന്ന ഒരു ദൃഷ്ടാന്തമായിരിക്കുന്നതിന്നും കുറ്റവാളികളുടെ മാർഗം വെളിപ്പെടുമാറാകുന്നതിന്നും വേണ്ടിയത്രെ ഇപ്രകാരം അരുളിയിട്ടുള്ളത്. ആകയാൽ നിനക്കു സുവിശേഷമായിരിക്കട്ടെ: പ്രതാപവാനും പരിശുദ്ധനുമായ ഒരു പുത്രൻ നിനക്കു നൽകപ്പെടും. ഒരു പാവനപുത്രൻ നിനക്കു ലഭിക്കുന്നതാണ്. ആ കുട്ടി നിന്റെ ബീജത്തിൽ നിന്നും നിന്റെ സന്തതിയിൽനിന്നുമുള്ളവൻ തന്നെയായിരിക്കും...”

“അവൻ പ്രതാപവും പ്രഭാവവും ഐശ്വര്യവും ഉള്ളവനായിരിക്കും. അവൻ ലോകത്ത് വന്ന് തന്റെ മസീഹീ ഗുണവും റൂഹുൽഹഖിന്റെ (സത്യത്തിന്റെ ആത്മാവ്) അനുഗ്രഹവും മുഖേന അനേകരുടെ രോഗത്തെ സുഖപ്പെടുത്തും. അവൻ കലിമത്തുല്ലാഹ് (അല്ലാഹുവിന്റെ വചനം) ആകുന്നു. എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ അനുഗ്രഹവും അവന്റെ അഭിമാനവും അവനെ മഹത്വത്തിന്റെ വചനത്താൽ അയച്ചിരിക്കുന്നു. അവന്റെ വരവോടുകൂടി അത് പ്രകടമാകുന്നതാണ്. അവൻ വലിയ ബുദ്ധിശാലിയും കാര്യജ്ഞനും സഹനശീലനും ആയിരിക്കും. ലൗകികവും ആത്മീയവുമായുള്ള വിദ്യകളാൽ അവൻ നിറക്കപ്പെടും. അവൻ മൂന്നിനെ നാലാക്കുന്നവനായിരിക്കും.(ഇതിന്റെ അർത്ഥം മനസ്സിലായിട്ടില്ല) തിങ്കളാഴ്ച!! അനുഗ്രഹ പൂർണ്ണമായ തിങ്കളാഴ്ച!! വാത്സല്യ പുത്രൻ, മഹാ ഭാഗ്യവാനായുള്ളവൻ. ആദ്യന്ത രഹിതനായ ദൈവം പ്രത്യക്ഷപ്പെടുന്ന സ്ഥാനവും സത്യത്തിന്റെയും ഔന്നത്യത്തിന്റെയും നിലയനവും ആയുള്ളവൻ. അല്ലാഹു ആകാശത്തിൽനിന്നു ഇറങ്ങിയപോലെ. അവന്റെ ആവിർഭാവം എത്രയും അനുഗ്രഹീതവും ദൈവത്തിന്റെ പ്രതാപം വെളിപ്പെടുത്തുന്നതിന്നു കാരണവും ആയിരിക്കും. ഏതൊരുവനെ ദൈവം തന്റെ അഭീഷ്ടമാകുന്ന പരിമളംകൊണ്ടു പരിലിപ്തനാക്കിയിരിക്കുന്നുവോ ആ പ്രഭാവശാലി വരുന്നു. നാം നമ്മുടെ വചനം അവനിൽ ആക്കും. അവന്റെ തലക്കുമീതെ ദൈവത്തിന്റെ നിഴൽ ഉണ്ടായിരിക്കും. അവൻ വേഗംവേഗം വളർന്നു വരികയും ബന്ധനസ്ഥരുടെ മോചനത്തിനു കാരണമാകുകയും ചെയ്യും. ഭൂമിയുടെ കോണുകളിലെല്ലാം അവൻ കീർത്തി പ്രാപിക്കും. ജാതികൾ അവങ്കൽനിന്നു അനുഗ്രഹം കൈകൊള്ളും. അനന്തരം അവൻ സ്വർഗത്തിൽ തനിക്കുള്ള ആത്മീയ സ്ഥാനത്തേക്കു കരേറ്റപ്പെടും. ഇത് വിധിച്ചുപോയ കാര്യമാകുന്നു”.

(തബ്ലീഗെ രിസാലത്ത് 1-ാം വാല്യം, ഭാഗം 55-61)

لا اله الا الله محمد رسول الله

# സത്യദൂതൻ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

## ഉള്ളടക്കം

5 എഡിറ്റോറിയൽ


6 യുഗശബ്ദം



ഖുത്ബ
റസൂൽ(സ)തിരുമേനി, മാപ്പരുളിയ മഹാ പ്രവാചകൻ
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു)



ലേഖനം
ക്രിസ്ത്യൻ മുസ്‌ലിം സംവാദം റസൂൽ(സ)യുടേയും വാഗ്ദത്ത മസീഹിന്റെയും മാതൃക
യാസർ അറഫാത്ത്, തിരുത്തിയാട്




ലേഖനം
അൽറാസി വൈദ്യശാസ്ത്രത്തിലെ അഗ്രഗാമി
സകരിയ



ലേഖനം
കോഡക്സ് സിനായിറ്റിക്കസ്
നവിദാ ശാഹിദ്


25
ലേഖനം
പ്രകൃതി ക്ഷോപമോ ദൈവീക ശിക്ഷയോ?
മുഹമ്മദ് ഉമർ



ലേഖനം
ബാബേൽ ഗോപുരവും പൊതുഭാഷയും
എ. എം. മുഹമ്മദ് സലിം

36 ലോകജാലകം
അഹ്ഇദത്തുൽ സലാം വി.എം

38
കുറിപ്പുകൾ
പാക്കിസ്ഥാനിലെ മതനിന്ദാ നിയമം മതതീവ്രവാദികൾക്ക് തിരിച്ചറിവുണ്ടാവട്ടെ
മുസാഫിർ




The Sathyadoothan Monthly

2011 ഫെബ്രുവരി
ഹി.ശ.1390 - തബ്‌ലീഗ്
1432 സഫർ - റ.അവ്വൽ
പുസ്തകം 83 ലക്കം 2
വില 20 രൂപ

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ: 9497343704**

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ: 8907182933**
Email-salimqld@yahoo.in

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ: 8089574250**

**വിലാസം**

എഡിറ്റർ
സത്യദൂതൻ
മസ്ജിദ് ഉമർ
സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്,
കൊച്ചി - 682018
email-sathyadoothan1@gmail.com

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-at at Anaswara Offset, Ernakulam
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

## വിശുദ്ധ ഖുർആനിൽ നിന്ന്



സത്യമായും നിങ്ങളിൽ നിന്നുതന്നെയുള്ള ഒരു ദൂതൻ നിങ്ങളുടെയടുക്കൽ വന്നിരിക്കുന്നു. നിങ്ങൾ വിഷമത്തിലാവുന്നത് അദ്ദേഹത്തിന് അസഹ്യമാണ്. നിങ്ങളുടെ (ക്ഷേമത്തിൽ) ഉൽക്കടമായ ആഗ്രഹമുള്ള ആളാണ് അദ്ദേഹം. സത്യവിശ്വാസികളോട് കൃപയും കരുണയുമുള്ള ആളുമാണ്. **(9:128)**

## നബിവചനം



നബി തിരുമേനി (സ) തന്റെ വീട്ടിൽ എന്താണ് ജോലി ചെയ്യാറുണ്ടായിരുന്നതെന്ന് ആയിശ (റ) യോട് ചിലർ ചോദിച്ചു. അവർ പറഞ്ഞു: 'തിരുമേനി (സ) തന്റെ ഭാര്യമാരെ വീട്ടുജോലികളിൽ സഹായിച്ചുകൊണ്ടിരിക്കും. നമസ്കാര സമയമായാലോ, നമസ്കാരത്തിനുവേണ്ടി പള്ളിയിലേക്ക് പോകുകയും ചെയ്യും' **(ബുഖാരി)**

## വാഗ്ദത്ത മസീഹിന്റെ വചനം



### റസൂൽ തിരുമേനി (സ) : അനുഗ്രഹങ്ങളുടെ ഉറവിടം.

അല്ലാഹുവാണെ സത്യം, എനിക്കുണ്ടായ വിജയം എന്റെ റബ്ബിൽ നിന്നും ലഭ്യമായതാണ്. ഞാൻ അവനെ സ്തുതിക്കുന്നു. അതോടൊപ്പം അറബി പ്രവാചകൻ (സ) യുടെ മേൽ ഞാൻ സലാത്തോതുകയും ചെയ്യുന്നു. കാരണം എല്ലാ അനുഗ്രഹങ്ങളും അദ്ദേഹത്തിൽ നിന്നാണ് ഇറങ്ങിയിരിക്കുന്നത്. എന്റെ എല്ലാ ഊടും പാവും തിരുമേനി (സ) യിൽ നിന്നുള്ളതാണ്. എനിയ്ക്ക് ആ പുണ്യാത്മനാണ് വേരും ശാഖയും തന്നനുഗ്രഹിച്ചിരിക്കുന്നത്. എന്റെ വിത്തിനേയും കൃഷിയേയും മുളപ്പിച്ചത് അവിടന്ന് തന്നെയാണ്.മുളപ്പിക്കുന്നവരിൽ ഏറ്റവും ശ്രേഷ്ഠൻ അദ്ദേഹം മാത്രമാണ്. **(മിനനൂർറഹ്മാൻ 42,43)**

എഡിറ്റോറിയൽ

# മുഹമ്മദ് നബി (സ): ആത്മീയാനുഗ്രഹങ്ങളുടെ പാരമ്യം.

അല്ലാഹുവിന്റെ സൃഷ്ടികളിൽ വെച്ച് ഏറ്റവും ശ്രേഷ്ഠനായ മുഹമ്മദ് നബി (സ) യെപറ്റി '**നാം നിന്നെ പ്രപഞ്ചത്തിന് ഒരു കാരുണ്യമായിട്ടാണ് അയച്ചിട്ടുള്ളത്**'(21:108) എന്ന് വിശുദ്ധ ഖുർആൻ പറയുന്നു. ഖുർആൻ തുടരുന്നു: '**തീർച്ചയായും നിന്റെ നേരെയുള്ള അവന്റെ അനുഗ്രഹം എത്രയും മഹത്തരമായിട്ടുള്ളതാണ്**' (17:88) '**അല്ലാഹു സത്യവിശ്വാസികളിൽ അവരിൽ നിന്ന്തന്നെയുള്ള ഒരു ദൂതനെ നിയോഗിച്ചയക്കുക വഴി തീർച്ചയായും അവർക്ക് ഔദാര്യം ചെയ്തിരിക്കുന്നു.**' (3:165)

സർവ്വ മാനുഷ ഗുണങ്ങളുടെയും പരമ സമ്പൂർണ്ണപദത്തിലെത്തിയ റസൂൽ തിരുമേനി (സ) ദൈവ കാരുണ്യത്തിന്റെയും അവന്റെ സൃഷ്ടി പ്രകടനത്തിന്റെയും മഹത്തായ ഒരു സാക്ഷ്യമാണ്. പ്രസ്താവയോഗ്യമല്ലാത്ത അഗണ്യാവസ്ഥയിൽ നിന്നും പ്രയാണമാരംഭിച്ച മനുഷ്യൻ റസൂൽ തിരുമേനി(സ)യുടെ അവതരണത്തോടെയാണ് ആദരവിന്റെ പരമസീമയിലെത്തുന്നത്. ഈ പ്രയാണത്തെ സംബന്ധിച്ച് വിശുദ്ധ ഖുർആൻ പറയുന്നു: '**മനുഷ്യന്, അവൻ പറയത്തക്ക ഒരു വസ്തുവായിരുന്നിട്ടില്ലാത്ത ഒരു കാലം തീർച്ചയായും വന്നുകഴിഞ്ഞിട്ടുണ്ട്. സത്യമായും നാം മനുഷ്യനെ മിശ്രിതമായ ഒരു രേതസ്കണത്തിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നു. നാം അവനെ പരീക്ഷണങ്ങൾക്ക് വിധേയനാക്കുന്നതിന് വേണ്ടി. അങ്ങനെ നാം അവനെ കേൾവിയും കാഴ്ചയുമുള്ളവനാക്കിത്തീർത്തു.**'(76:2,3)

ജൈവികമായും ആത്മീയമായും താഴ്ന്ന നിലയിൽ നിന്നും ആരംഭിച്ച മനുഷ്യന്റെ ഈ പരിണാമ പ്രക്രിയ നിരവധി ഘട്ടങ്ങൾ തരണം ചെയ്ത് വിവേകപൂർണവും ധിഷണാബദ്ധവുമായ കാഴ്ചയും കേൾവിയും ആർജ്ജിച്ച് മനുഷ്യ സമൂഹത്തിന്റെ പ്രാഥമികാവസ്ഥയിലെത്തിച്ചേർന്നു. ഈ ഘട്ടത്തിൽ ദൈവിക വെളിപാടുകളുടെ പ്രഥമ സ്വീകർത്താവായി ഹദ്റത്ത് ആദം (അ) നെ ദൈവം തിരഞ്ഞെടുത്തു. അവിടെ നിന്നും പ്രവാചക പരമ്പരകളിലൂടെ ആരംഭിച്ച മനുഷ്യസമൂഹത്തിന്റെ ആത്മീയ വികാസം പ്രവാചകന്മാരിൽ വെച്ച് തന്നെ ഏറ്റവും ഉന്നതനായ മുഹമ്മദ് മുസ്തഫ (സ) തിരുമേനിയിൽ പരിപൂർണ്ണമാകുകയാണ്. '**അദ്ദേഹം അല്ലാഹുവിന്റെ ദൂതനും പ്രവാചകന്മാരുടെ മുദ്രയുമാകുന്നു.**'(33:41)

ദൈവിക വെളിപാടുകൾ കൊണ്ടനുഗൃഹീതനായ റസൂൽ തിരുമേനി (സ) യെ അനുധാവനം ചെയ്യുന്നവർക്ക് ദീപത്തിൽ നിന്ന് ദീപം കൊളുത്താൻ കഴിയുന്നത് പോലെ ആത്മീയ സിദ്ധികൾ കൈവരിക്കാൻ കഴിയുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്യുന്നു.'**വല്ലവരും അല്ലാഹുവിനേയും ഈ ദൈവദൂതനെയും അനുസരിക്കുന്നതായാൽ അവർ അല്ലാഹു അനുഗ്രഹിച്ചിട്ടുള്ള പ്രവാചകന്മാർ, സിദ്ദീഖുകൾ, ശുഹദാക്കൾ, സ്വാലിഹീങ്ങൾ എന്നിവരുടെ കൂടെയായിരിക്കും.**' (4:78) ആത്മീയതയുടെ അത്യുന്നത പദവിയായ നുബുവ്വത്ത് പോലും റസൂൽ തിരുമേനി (സ) യെ പിൻതുടർന്നാൽ ലഭിക്കുമെന്നാണെങ്കിൽ, അവിടത്തെ മഹിതസ്ഥാനം അടയാളപ്പെടുത്തുക മനുഷ്യസാധ്യമല്ല.

വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) പറയുന്നു: '*നബി (സ) തിരുമേനിയുടെ ദിവ്യ ശക്തിപ്രഭാവത്തിന് സമാനനായോ അവിടത്തെ കിടപിടിക്കത്തക്കതായോ ഒരു പ്രവാചകനും ഇല്ലെന്നത് സംശയരഹിതമായ വസ്തുതയാണ്. മലക്കുകൾക്ക് കൂടി ആ ഔന്നത്യം എത്തിപ്പിടിക്കുവാൻ സാധ്യമല്ല. ആ സ്ഥിതിക്ക് മറ്റുള്ളവർക്ക് ആ പരിപൂർണ്ണ പ്രവാചകനുമായി എന്ത് താരതമ്യമാണുണ്ടാവുക.*' (ബറാഹീനെ അഹ്മദിയ്യ ഭാഗം 3 പേജ് 242)



# 'മുഹമ്മദ് നബി (സ)'

ഹദ്റത്ത് അഹ്മദ് (അ)

"എല്ലാ മനുഷ്യരിലും വെച്ച് പരിപൂർണ്ണനും പ്രവാചകന്മാരിൽവെച്ച് സമ്പൂർണ്ണനും ആയ അദ്ദേഹം പരിപൂർണ്ണാനുഗ്രഹങ്ങളോടുകൂടി വന്നു. അതുകൊണ്ടുണ്ടായ ആത്മീയ വിപ്ലവം മൂലം ഒന്നാമത്തെ ഖിയാമത്തുണ്ടായി. മരിച്ചുകിടക്കുന്ന ഒരു ലോകത്തെ അവിടന്ന് പുനർജ്ജീവിപ്പിച്ചു. ആ അനുഗൃഹീത പ്രവാചകൻ ഖാതമുൽ അമ്പിയാ ഇമാമുൽ അസ്ഫിയാ ഖാതമുൽ മുർസലീൻ ഫഖ്റുന്നബിയ്യീൻ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയല്ലാതെ മറ്റാരുമല്ല. എന്റെ പ്രിയപ്പെട്ട അല്ലാഹുവേ, ഈ പ്രിയങ്കരനായ നബിയിൽ ലോകാരംഭംമുതൽ ആർക്കും നൽകാത്ത രീതിയിലുള്ള അനുഗ്രഹങ്ങളും കാരുണ്യങ്ങളും നീ ചൊരിയേണമേ! ഈ മഹാനായ പ്രവാചകൻ ലോകത്ത് വന്നില്ലായിരുന്നുവെങ്കിൽ ലോകത്ത് ഇതിന്നു മുമ്പ് അവതീർണ്ണരായ യൂനുസ്, അയ്യൂബ്, മസീഹിബ്നുമർയം, മലാക്കി, യഹ്‌യാ, സക്കരിയ്യാ എന്നീ പ്രവാചകന്മാരുടെ സത്യത്തിന്ന്, അവരൊക്കെ ദൈവത്തിന്റെ പ്രിയപ്പെട്ട, ദൈവസാമീപ്യം പ്രാപിച്ച പ്രവാചകന്മാരായിരുന്നിട്ടും നമ്മുടെ പക്കൽ ഒരു തെളിവും ഉണ്ടാകുമായിരുന്നില്ല. ഇവരൊക്കെ സത്യപ്രവാചകന്മാരായി അറിയപ്പെടുന്നത് ഹദ്റത്ത് റസൂൽ തിരുമേനി (സ) യുടെ മഹത്തായ ഔദാര്യം കൊണ്ടായിരുന്നു". (ഇത്മാമുൽ ഹുജ്ജത്-36)

"നീതിന്യായ ദൃഷ്ടിയോടുകൂടി നാം വീക്ഷിക്കുകയാണെങ്കിൽ എല്ലാ നുബുവ്വത്ത് പ്രസ്ഥാനങ്ങളിലുംവെച്ച് മഹോന്നതനായ പ്രവാചകനായി, എന്നെന്നും തേജസ്സും ജീവനും ഉള്ള പ്രവാചകനായി, അല്ലാഹുവിന്റെ ഏറ്റവും പ്രിയങ്കരനായ പ്രവാചകനായി ഒരേ ഒരു പരിപൂർണ്ണ മനുഷ്യനെ മാത്രമേ കാണാൻ സാധിക്കുകയുള്ളു. അദ്ദേഹമത്രെ നബിമാരുടെ നായകനും റസൂൽമാരുടെ അഭിമാനവും എല്ലാ ദൈവദൂതന്മാരുടെയും കിരീടവും ആയ മുഹമ്മദ് മുസ്തഫാ, അഹ്മദ് മുജ്തബാ സല്ലല്ലാഹു അലൈഹിവസല്ലം. ആ തിരുമേനി (സ) യുടെ തണലിൽ 10 ദിവസം ചരിക്കുന്ന ആൾക്ക് ഇതിന്നുമുമ്പെ ആയിരം വർഷം ജീവിച്ചിരുന്നവർക്ക് ലഭിക്കാത്ത പ്രകാശം ലഭ്യമാകുന്നതാണ്... അവസാനത്തെ എന്റെ വസിയ്യത്ത് ഇതാണ്, എല്ലാവിധത്തിലുള്ള പ്രകാശങ്ങളും നമുക്ക് റസൂൽതിരുമേനിയെ പിന്തുടരുന്നതിന്റെ ഫലമായിട്ടാണ് ലഭ്യമാകുന്നത്. ആരു പിൻപറ്റിയാലും അവർക്ക് ഈ പ്രകാശം ലഭിക്കുന്നതാണ്. ഒരു കാര്യവും അസംഭവ്യമായി തോന്നാതിരിക്കുമാറ് അവർക്ക് അല്ലാഹുവിൽ നിന്നുള്ള സ്വീകാര്യത ലഭിക്കുന്നതാണ്. പൊതുവിൽ ജനങ്ങൾക്കു അദൃശ്യനായിരിക്കുന്ന ദൈവം അവർക്ക് ജീവനുള്ള ദൈവമായി കാണാൻ സാധിക്കുന്നു. പൊയ്ദൈവങ്ങളെല്ലാം തന്നെ അവരുടെ കാലടിക്കീഴിൽ ചവിട്ടി അമർത്തപ്പെടുന്നതാണ്. എല്ലായിടങ്ങളിലും അനുഗ്രഹീതരായിത്തീരുന്ന അവരോടൊപ്പം ദൈവശക്തി എന്നെന്നും ഉണ്ടായിരിക്കും."

(സിറാജെ മുനീർ 82,83)



# റസൂൽ (സ) തിരുമേനി മാപ്പരുളിയ മഹാ പ്രവാചകൻ

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു)

റസൂൽ തിരുമേനി (സ) യുടെ സ്വഭാവത്തെക്കുറിച്ച് ഹദ്റത്ത് ആയിശ (റ) യുടെ അഭിപ്രായം, അവിടത്തെ ജീവിതം വിശുദ്ധ ഖുർആന്റെ കർമ്മ രൂപമാണെന്നായിരുന്നു. '**ഇന്നത്തെ ദിവസം നിങ്ങൾക്ക് നിങ്ങളുടെ മതത്തെ പൂർത്തിയാക്കിത്തരികയും എന്റെ അനുഗ്രഹത്തെ നിങ്ങൾക്ക് പൂർത്തീകരിക്കുകയും ചെയ്തിരിക്കുന്നു**' എന്ന വചനം ദീനിന്റെയും അനുഗ്രഹത്തിന്റെയും പൂർത്തീകരണം റസൂൽ തിരുമേനി (സ) യിലൂടെയാണ് സംഭവിച്ചത് എന്ന് വ്യക്തമാക്കുന്നു.

റസൂൽ തിരുമേനി (സ) യുടെ മാപ്പ് കൊടുക്കുന്ന 'അഫ്‌വ' എന്ന സ്വഭാവഗുണത്തെപ്പറ്റി ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുൾ ചെയ്യുന്നു: 'അല്ലാഹുവുമായി ഏറ്റവും അടുത്ത ആളുകൾക്ക് നേരെ വളരെയേറെ ശകാരവാക്കുകൾ ചൊരിയുകയും അവരെ കഠിനമായ മർദ്ദനങ്ങൾക്ക് വിധേയരാക്കുകയും ചെയ്യും. എന്നാൽ അവർക്ക് ദൈവത്തിൽ നിന്നും ലഭിച്ച കൽപന അവിവേകികളിൽ നിന്ന് ഒഴിഞ്ഞു മാറുക എന്നത് മാത്രമായിരുന്നു. സ്വഭാവഗുണങ്ങളിൽ പരിപൂർണ്ണനായ റസൂൽ തിരുമേനി (സ) എല്ലാ പീഢനങ്ങൾക്കും വിധേയനായി അവിവേകികളിൽ നിന്നും ഒഴിഞ്ഞു മാറി ജീവിച്ചു. അല്ലാഹുവിന്റെ വാഗ്ദാനപ്രകാരം അവിടുത്തെ ജീവനും അഭിമാനവും അല്ലാഹു



**(14 – 01 – 2011 ന് അമീറുൽ മുഅ്മിനീൻ ബൈത്തുൽ ഫുതൂഹിൽ വെച്ച് നിർവ്വഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.)**

കാത്തുസൂക്ഷിച്ചു. മർദ്ദകർ സ്വയം അപമാനിതരായി അവിടത്തെ കാൽക്കൽ വീണു. ക്ഷമയുടെ അതുല്യമാതൃകയാണ് അവിടന്ന് കാഴ്ചവെച്ചത്.'

നിഷ്പക്ഷമായ നിലയിൽ ചരിത്രം അവലോകനം ചെയ്യുകയാണെങ്കിൽ റസൂൽ തിരുമേനി (സ) യുടെ മാപ്പ് കൊടുക്കുക, ക്ഷമിച്ചുകൊടുക്കുക എന്നീ സ്വഭാവഗുണങ്ങൾക്ക് തുല്യമായി മറ്റൊരുദാഹരണം കണ്ടെത്താൻ സാധ്യമല്ല. പല ക്രിസ്തീയ, ഹിന്ദു എഴുത്തുകാരും ഇത് രേഖപ്പെടുത്തിയിട്ടുണ്ട്. അബ്ദുല്ലാഹിബ്നു സുലൂലിന്റെ ചരിത്രമെടുക്കാം. പ്രത്യക്ഷത്തിൽ ഇസ്‌ലാം മതം സ്വീകരിച്ചിരുന്നുവെങ്കിലും അവസരം കിട്ടുമ്പോൾ റസൂൽ തിരുമേനി (സ) യെ ഏത് വിധേനയും അക്രമിക്കാൻ തക്കം പാർത്തു കഴിയുന്ന ഒരു കപടവിശ്വാസിയായിരുന്നു അയാൾ. റസൂൽ തിരുമേനി (സ) മദീനയിൽ വരുന്നതിന് മുമ്പ് അബ്ദുല്ലാഹിബ്നു സുലൂൽ അവിടെ ഭരണാധികാരിയായി വാഴാൻ തയ്യാറായി നിന്നിരുന്നു, നബിതിരുമേനി(സ) മദീനയിൽ ആഗതനായതിന് ശേഷം അവിടന്നാണ് ഭരണാധികാരിയായി തിരഞ്ഞെടുക്കപ്പെട്ടത്. അതിൽ പിന്നെ ഈ വ്യക്തിക്ക് റസൂൽ തിരുമേനി (സ) യോട് ഉള്ളിൽ കടുത്ത പകയായിരുന്നു. അയാളുടെ വിദ്വേഷത്തിനും വെറുപ്പിനും പ്രതികരണമായി റസൂൽ തിരുമേനി (സ) യിൽ നിന്നും മാപ്പും ക്ഷമയും മാത്രമാണ് പ്രകടമായത്.

ബദ്റ് യുദ്ധത്തിന് മുമ്പ് റസൂൽ തിരുമേനി (സ) ഫിദ് എന്ന സ്ഥലത്ത് ഒരു കഴുതപ്പുറത്ത് യഹൂദരും വിഗ്രഹാരാധകരും അടങ്ങിയ ഒരു സദസ്സിനു മുമ്പാകെ ചെന്നു നിന്നു. അപ്പോൾ അവിടെ അബ്ദുല്ലാഹിബ്നു സുലൂലുമുണ്ടായിരുന്നു. അയാൾ അന്ന് ഇസ്‌ലാം മതം സ്വീകരിച്ചിരുന്നില്ല. കഴുതയുടെ കാൽപെരുമാറ്റത്തിൽ നിന്ന് പൊടിപടലങ്ങൾ ഉയർന്നപ്പോൾ അബ്ദുല്ലാഹിബ്നു സുലൂൽ മൂക്കുപൊത്തി, തങ്ങളുടെ മേൽ മണ്ണിടരുത് എന്ന് പറഞ്ഞു. റസൂൽ തിരുമേനി (സ) തന്റെ വാഹനമൃഗത്തിൽ നിന്നിറങ്ങി, അവിടന്ന് തന്റെ ദൗത്യം പ്രബോധനം ചെയ്യുകയുണ്ടായി. അപ്പോൾ അബ്ദുല്ലാഹിബ്നു സുലൂൽ പറഞ്ഞു. അല്ലയോ

സുഹൃത്തേ! നീ പറയുന്ന വാക്കുകൾ അത്ര നല്ലതൊന്നുമല്ല. ഇത് സത്യമാണെങ്കിൽ തന്നെ ഞങ്ങളുടെ ഈ സദസ്സിൽ കേൾപ്പിച്ച് ഞങ്ങളെ ബുദ്ധിമുട്ടിക്കാതിരിക്കുക. നീ നിന്റെ വീട്ടിൽ പോകുകയും അവിടെ വരുന്നവർക്ക് ഖുർആൻ കേൾപ്പിക്കുകയും ചെയ്യുക. അബ്ദുല്ലാഹിബ്നു സുലൂലിന്റെ വാക്കുകൾ കേട്ടപ്പോൾ അബ്ദുല്ലാഹിബ്നു റവാഹ (റ) പറഞ്ഞു. യാ റസൂലുല്ലാഹ്, അങ്ങ് തീർച്ചയായും ഞങ്ങളുടെ സദസ്സിൽ വന്ന് ഖുർആൻ കേൾപ്പിക്കുക. ഖുർആൻ പാരായണം കേൾക്കാൻ ഞങ്ങൾ ഇഷ്ടപ്പെടുന്നു.' പിന്നീട് സദസ്സിൽ മുസ്ലിംകളും യഹൂദികളും ബഹുദൈവാരാധകരും തമ്മിൽ ബഹളമായി. റസൂൽ തിരുമേനി (സ) അവരെ നിശബ്ദരാക്കാൻ പാടുപെട്ടു. സമാധാനം സ്ഥാപിച്ചതിന് ശേഷം സഅദ്ബിൻ ഉബാദ് (റ) ന്റെ അരികിലെത്തി. അദ്ദേഹം റസൂൽ തിരുമേനി (സ) യോട് പറഞ്ഞു. 'അല്ലാഹുവാണെ സത്യം അങ്ങേക്ക് അവതരിച്ച കാര്യങ്ങൾ സത്യമായി പുലർന്നിരിക്കുന്നു. ഈ സ്ഥലവാസികൾ അബ്ദുല്ലാഹിബ്നു സുലൂലിനെ കിരീടാവകാശിയായി തിരഞ്ഞെടുക്കാൻ ആഗ്രഹിച്ചിരുന്നു. പിന്നീട് അങ്ങയിലൂടെ സത്യം വെളിപ്പെട്ടപ്പോൾ അവർ അയാളെ കൈയൊഴിഞ്ഞു. അത് അയാൾക്ക് വളരെ വിഷമമുണ്ടാക്കിയിരിക്കണം. അതുകൊണ്ടാണ് അയാൾ ഇപ്രകാരം പ്രവർത്തിച്ചത്. നബി(സ) ആ വ്യക്തിക്ക് പൊറുത്തുകൊടുക്കുകയുമുണ്ടായി.

റസൂൽ തിരുമേനി (സ) യും സഹാബാക്കളും സദാസമയവും മർദ്ദകർക്കും ശത്രുക്കൾക്കും പൊറുത്തുകൊടുക്കുകയും മാപ്പരുളുകയും ചെയ്തു. അബ്ദുല്ലാഹിബ്നു സുലൂൽ റസൂൽ തിരുമേനി (സ) ക്കെതിരെ കുതന്ത്രം പ്രയോഗിക്കാൻ തക്കം പാർത്തിരുന്നു. ഒരിക്കൽ ഒരു മുഹാജിറും അൻസാറും തമ്മിൽ വെള്ളം കുടിക്കുന്നത് സംബന്ധിച്ച് തമ്മിൽ വഴക്കുണ്ടായി. അൻസാർ ഉച്ചത്തിൽവിളിച്ചുപറഞ്ഞു: 'അൻസാറുകളേ, എന്നെ സഹായിക്കാൻ വരിക.' മുഹാജിർ പറഞ്ഞു: 'അല്ലയോ മുഹാജിറുകളേ, എന്നെ സഹായിക്കാൻ വരിക.' രണ്ട്കൂട്ടരുടേയും ഈ ഉച്ചത്തിലുള്ള പോർവിളിയും വിളിച്ചു പറയലും കേട്ടപ്പോൾ റസൂൽ തിരുമേനി (സ) പറഞ്ഞു. "ജാഹിലിയ്യാ കാലഘട്ടത്തിലുള്ളത് പോലെ ആരാണ് ഉച്ചത്തിൽ വിളിച്ച് പറയുന്നത്. ഇത്തരം പ്രവൃത്തികൾ ഉപേക്ഷിക്കുക. അത് നല്ല കാര്യമല്ല". ഈ വഴക്കിന്റെ വിവരമറിഞ്ഞ അബ്ദുല്ലാഹിബ്നു സുലൂൽ പറഞ്ഞു: "അല്ലാഹുവാണെ സത്യം മദീനയിൽ തിരിച്ച് വരുമ്പോൾ മദീനയിലെ ഉന്നതനായ വ്യക്തി ഇവിടത്തെ അപമാനിതനായ വ്യക്തിയെ പുറത്താക്കുന്നതായിരിക്കും". (നഊദുബില്ലാഹ്)

അബ്ദുല്ലാഹിബ്നു സുലൂലിന്റെ ഈ വാക്കുകൾ നബി (സ) ശ്രവിക്കാനിടയായി. സംഭവമറിഞ്ഞ ഉമർ (റ)പറഞ്ഞു. യാ റസൂലുല്ലാഹ്! എനിക്ക് അനുവാദം തരിക, ഞാൻ ഈ മുനാഫിഖിന്റെ തല കൊയ്തെടുക്കുന്നതാണ്. റസൂൽ തിരുമേനി (സ) പ്രതിവചിച്ചു. 'ആ മനുഷ്യനോട് വിട്ടുവീഴ്ച ചെയ്യുക. മുഹമ്മദ് തന്റെ അനുയായിയെ കൊലചെയ്തു എന്ന് പറയാനിടവരുത്തരുത്. ഇത്രയേറെ ദുഷ്പ്രചരണം നടത്തിയിട്ടും റസൂൽ തിരുമേനി(സ) അദ്ദേഹത്തെ അനുയായി എന്നാണ് വിളിച്ചത്. അവിടന്ന് ആ സംഭവത്തെക്കുറിച്ച് ചുഴിഞ്ഞന്വേഷിക്കാൻ നിന്നില്ല. അല്ലാഹു വെളിപാടിലൂടെ റസൂൽ തിരുമേനി(സ) ക്ക് ആ സംഭവം വ്യക്തമാക്കിക്കൊടുത്തു. ഖുർആൻ പറയുന്നു. 'ഞങ്ങൾ മദീനയിലേക്ക് തിരിച്ചു വരുമ്പോൾ ഏറ്റവും ബഹുമാന്യനായ ഒരാൾ ഏറ്റവും നിന്ദ്യനായ ഒരു വ്യക്തിയെ അവിടെ നിന്ന് പുറത്താക്കുക തന്നെ ചെയ്യുമെന്ന് അവർ പറയുന്നു. എന്നാൽ എല്ലാ ബഹുമതിയും അല്ലാഹുവിനും അവന്റെ റസൂലിനും സത്യവിശ്വാസികൾക്കുമുള്ളതത്രെ. പക്ഷേ അവിശ്വാസികൾ അതറിയുന്നില്ല' റസൂൽ തിരുമേനി (സ) യുടെ സൂക്ഷ്മ ബുദ്ധികൊണ്ടും അല്ലാഹു അറിയിച്ചുകൊടുത്ത വെളിപാടിലും അബ്ദുല്ലാഹിബ്നു സുലൂൽ കപടവിശ്വാസിയാണെന്ന് മറ്റാരെക്കാളും അവിടന്ന് മനസ്സിലാക്കിയിരുന്നു. എന്നിട്ടും യാതൊരു നടപടിയും എടുത്തില്ല. അയാളുടെ മകൻ സാത്വികനായ ഒരു സഹാബിയായിരുന്നു. അദ്ദേഹം റസൂൽ തിരുമേനി (സ) യോട് പറഞ്ഞു. 'എന്റെ പിതാവിനെ വധിക്കണമെങ്കിൽ എന്നോട് പറയുക. ഞാൻ ആ കൃത്യം നിർവഹിക്കുന്നതാണ്. അത് മറ്റാരെങ്കിലും ചെയ്താൽ ജാഹിലിയ്യാ കാലഘട്ടത്തിലുള്ളത്പോലെ ഗോത്രവൈരവും രക്തച്ചൊരിച്ചിലും ഉണ്ടാകുമെന്ന് ഞാൻ ഭയപ്പെടുന്നു.' റസൂൽ തിരുമേനി (സ) പറഞ്ഞു: 'യാതൊരു പ്രശ്നവുമില്ല. ഞാൻ ഒരുവിധത്തിലുള്ള ശിക്ഷ നൽകാനും ആഗ്രഹിക്കുന്നില്ല. താങ്കളുടെ പിതാവിനോട് ഞാൻ സൗമ്യമായും കാരുണ്യത്തോടെയും പെരുമാറുന്നതായിരിക്കും.'

പിന്നീടൊരിക്കൽ ഹദ്റത്ത് ആയിശ (റ) യാത്രാസംഘത്തിന് പിന്നിലായി പോവുകയും അവസാനം യാത്ര ചെയ്ത സ്വഹാബി അവരെ കാണുകയും കൂടെ കൊണ്ടുവരികയും ചെയ്തു. ഇത് സംബന്ധിച്ച് ഉടലെടുത്ത അപവാദപ്രചരണം അബ്ദുല്ലാഹിബ്നു സുലൂൽ ഏറ്റെടുത്ത് നടത്തുകയു

ണ്ടായി. റസൂൽ തിരുമേനി (സ) ദുഃഖിതനായി. ഇക്കാര്യത്തിൽ തനിക്കുണ്ടായ വേദന റസൂൽ തിരുമേനി (സ) ഒരു പ്രസംഗമധ്യേ പറഞ്ഞു. ആയിശ (റ)യുടെ പരിശുദ്ധതയെ സംബന്ധിച്ച് അല്ലാഹു തിരുമേനി (സ) ക്ക് വെളിപാടിറക്കുകയും ചെയ്തു. എന്നിട്ടും അബ്ദുല്ലാഹിബ്നു സുലൂലിനെ ശിക്ഷിക്കാൻ റസൂൽ തിരുമേനി (സ) കൂട്ടാക്കിയില്ല. അയാൾക്ക് പൊറുത്തുകൊടുത്തു. അബ്ദുല്ലാഹിബ്നു സുലൂൽ മരിച്ചപ്പോൾ സാത്വികനായ അദ്ദേഹത്തിന്റെ മകൻ വന്നുകൊണ്ട് തന്റെ പിതാവിന്റെ ജനാസ പുതപ്പിക്കാൻ റസൂൽ തിരുമേനിയുടെ തിരുവസ്ത്രം ആവശ്യപ്പെടുകയും ചെയ്തു. അവിടുന്ന് തന്റെ വസ്ത്രം നൽകുകയുണ്ടായി. റസൂൽ തിരുമേനി (സ) യുടെ മഹത്തായ സ്വഭാവഗുണം എത്ര ഉന്നതമായിരുന്നു!. അവിടന്ന് സുലൂലിന്റെ ജനാസ നമസ്കരിക്കുകയും ഖബറിടത്തിൽ പോയി ദുആ ചെയ്യുകയും ചെയ്തു. ഇത് കണ്ട ഹദ്റത്ത് ഉമർ (റ)പറഞ്ഞു.

"അങ്ങേക്ക് എല്ലാ കാര്യങ്ങളും നന്നായറിയാം. ഇയാൾ കപടവിശ്വാസിയാണ്. 70 തവണ മാപ്പിരന്നാലും മുനാഫിഖിന് പാപം പൊറുത്തുകൊടുക്കില്ല എന്ന് അല്ലാഹു പറഞ്ഞിട്ടുണ്ടല്ലോ . റസൂൽ (സ) പ്രതിവചിച്ചു:

ഞാൻ എഴുപതിൽ അധികം തവണ അദ്ദേഹത്തിന് പാപമോചനത്തിനായി പ്രാർത്ഥിക്കുന്നതാണ്. അധികം ചെയ്യേണ്ടിവന്നാൽ അതിനും തയ്യാറാണ്. ഇതായിരുന്നു അവിടത്തെ മാതൃക.

ഹദ്റത്ത് അനസ് (റ) നിവേദനം ചെയ്ത ഒരു ഹദീസിൽ ഒരു കാട്ടറബി റസൂൽ തിരുമേനി (സ) യുടെ കഴുത്തിൽ പുതച്ച പുതപ്പ് കഴുത്തിൽ പാട്‌വരുമാറ് ശക്തിയായി വലിച്ചുകൊണ്ട് 'അല്ലയോ മുഹമ്മദ്, അല്ലാഹു താങ്കൾക്ക് നൽകിയ ധനത്തിൽ നിന്നും എനിക്ക് രണ്ട് ഒട്ടകങ്ങളെ നൽകുക. താങ്കളുടെ ധനം എനിക്ക് വേണ്ട' എന്ന് പറഞ്ഞു. റസൂൽ തിരുമേനി (സ) നിശബ്ദനായി. നബി(സ) പറഞ്ഞു. 'ധനം അല്ലാഹുവിന്റേതാണ്. ഞാൻ അവന്റെ ദാസൻ മാത്രമാണ്. നീ എന്നെ വിഷമിപ്പിച്ചതിനാൽ ഞാൻ നിന്നെ ശിക്ഷിക്കുന്നതാണ്'. അപ്പോൾ കാട്ടറബി പറഞ്ഞു: ഇല്ല, താങ്കൾ എന്നോട് പകരം ചോദിക്കില്ല . അപ്പോൾ നബി (സ) ചോദിച്ചു 'എന്തുകൊണ്ട് പകരം ചോദിക്കപ്പെടുകയില്ല?' കാട്ടറബി പറഞ്ഞു: 'തിന്മക്ക് പകരം താങ്കൾ തിന്മകൊണ്ട് പകരം ചോദിക്കാറില്ല'. ഇതുകേട്ടപ്പോൾ റസൂൽ (സ) പുഞ്ചിരിച്ചു. റസൂൽ തിരുമേനി (സ) യുടെ മൃദുലവും നിർമ്മലവുമായ സ്വഭാവം അവർക്കറിയാമായിരുന്നതുകൊണ്ടാണ് ഈ ധൈര്യം കാട്ടിയത്. അവിടന്ന് ആ കാട്ടറബിക്ക് ഒരൊട്ടകപ്പുറത്ത് ധാന്യവും മറ്റൊരൊട്ടകപ്പുറത്ത് കാരക്കയും നൽകി. ഒരിക്കൽ 80 പേർ റസൂൽ തിരുമേനിയെ ആക്രമിച്ചു വധിക്കാനൊരുങ്ങിയെങ്കിലും അവർ പിടിക്കപ്പെട്ടു. പക്ഷെ കുറ്റവാളികളായ അവർക്കെല്ലാം മാപ്പ് നൽകി വിട്ടയക്കുകയാണ് ഉണ്ടായത്.

**റസൂൽ (സ) യുടെ 'പൊറുത്തുകൊടുക്കുക' എന്ന സ്വഭാവം കാരണം കഠിന ശത്രുക്കൾ പോലും ഇസ്‌ലാം മതം സ്വീകരിച്ചു. ഇസ്‌ലാമിക സന്ദേശങ്ങൾ എത്രയോ ഇരട്ടി വേഗത്തിൽ സ്വീകരിക്കപ്പെട്ടു. ഈ മഹത്തായ മാതൃകയനുസരിച്ച് ഇന്നത്തെ മുസ്‌ലിംകൾ പ്രവർത്തിച്ചിരുന്നുവെങ്കിൽ!**

ഒരിക്കൽ 'അസ്സലാമു അലൈകും' എന്ന ആശംസക്ക് പകരം 'അസ്സാമു അലൈകും' എന്ന് ഒരു യഹൂദി അഭിശംസിക്കുകയുണ്ടായി. കോപാകുലരായ അനുയായികൾ അയാളെ അക്രമിക്കാനൊരുങ്ങി. റസൂൽ (സ) അവരെ തടഞ്ഞു. അന്യരോടും സഹതാപവും കാരുണ്യവും പൊറുമയുമായിരുന്നു റസൂൽ (സ) അനുവർത്തിച്ചിരുന്നത്. പരിധി ലംഘിക്കുമ്പോൾ മാത്രമായിരുന്നു ശിക്ഷ നടപ്പാക്കിയത്. അതുപോലെ മാംസത്തിൽ വിഷം കലർത്തി റസൂൽ തിരുമേനി (സ) യെ കൊലപ്പെടുത്താൻ ശ്രമിച്ച യഹൂദി സ്ത്രീക്ക് നിരുപാധികം അവിടന്ന് മാപ്പ് നൽകി.

ഉഹ്ദ് യുദ്ധത്തിൽ ഹദ്റത്ത് ഹംസ (റ) യെ ശഹീദാക്കിയ ഒരു വഹ്ശിയുടെ നിവേദനം ശ്രദ്ധേയമാണ്. മക്കയിൽ എല്ലായിടത്തും ഇസ്‌ലാം വ്യാപിച്ചപ്പോൾ അയാൾ ത്വാഇഫിലേക്ക് പോയി. അവിടെ നിന്നും ഒരു പ്രതിനിധിസംഘം മക്കയിലേക്ക് പോയിരുന്നു. വഹ്ശി പറയുന്നു: 'പ്രതിനിധി സംഘത്തോട് ഒരിക്കലും അവിടന്ന് പ്രതികാരം ചെയ്യില്ല എന്ന് എനിക്ക് അറിയാമായിരുന്നു. ഞാനും അവരോടൊപ്പം പോയി'. റസൂൽ തിരുമേനി (സ) ചോദിച്ചു: 'നീയാണോ ഹംസ (റ)നെ കൊല

പ്പെടുത്തിയ ആ വഹ്ശി?.' അയാൾ പറഞ്ഞു: 'അതെ ശരിയാണ്. എന്റെ തെറ്റുകൾ അവിടന്ന് പൊറുത്തുതരണം'. റസൂൽ (സ) ചോദിച്ചു: 'നിനക്ക് എങ്ങനെ അത് സാധ്യമായി. ഇനി നീയെന്റെ മുന്നിൽ വരരുത്.' വഹ്ശി തുടരുന്നു: 'നബി (സ) യുടെ ഈ നിർദ്ദേശത്തിന്നു ശേഷം ഞാൻ മദീനയിൽ നിന്നും തിരിച്ചുപോന്നു.' ഹംസ(റ) യുടെ ശഹാദത്തിനെക്കുറിച്ചുള്ള വിവരണങ്ങൾ വഹ്ശി നൽകിക്കൊണ്ടിരുന്നപ്പോൾ, തന്റെ സ്നേഹഭാജനമായ പിതൃസഹോദരന്റെ ദുഃഖസ്മരണകൾ കാരണം അവിടത്തെ കണ്ണിലൂടെ കണ്ണുനീർ ധാരധാരയായി ഒഴുകി. അബൂജഹ്ലിന് എതിരായി തന്റെ പക്ഷത്ത് ഉറച്ചുനിന്ന ആ പിതൃവ്യനോട് റസൂൽ തിരുമേനി (സ)ക്ക് അഗാധമായ സ്നേഹമായിരുന്നു. എന്നിട്ടും ഹംസ(റ) വിന്റെ കൊലയാളിക്ക് റസൂൽ തിരുമേനി (സ) മാപ്പരുളി.

റസൂൽ തിരുമേനി (സ) യെ ഏറ്റവും കൂടുതൽ എതിർത്തത് അബൂജഹ്ൽ ആയിരുന്നു. മഹാക്രൂരനും, പീഢകനുമായ യുദ്ധക്കുറ്റവാളി എന്ന നിലക്ക് അബൂജഹ്ലിന്റെ മകൻ ഇക്രിമയെയും മക്കാ വിജയത്തിന് ശേഷവും വധിക്കാനുള്ള കൽപനയുണ്ടായിരുന്നു. ഇതറിഞ്ഞ ഇക്രിമ യമന്റെ ഭാഗത്തേക്ക് ഒളിച്ചോടുകയുണ്ടായി. അദ്ദേഹത്തിന്റെ ഭാര്യ ഹാരിസിബ്നു ഹിശാമിന്റെ മകൾ ഇതിനകം ഇസ്ലാം മതം സ്വീകരിച്ചിരുന്നു. ഇക്രിമയെ പിന്തുടർന്നു പോയ ഭാര്യ, തോണിയിൽ രക്ഷപ്പെടാൻ കാത്ത്നിൽക്കുന്ന ഇക്രിമയെ കണ്ടു. മറ്റൊരു നിവേദനത്തിൽ തോണിയിൽ സഞ്ചരിക്കുകയായിരുന്നു എന്നുമുണ്ട്. 'റസൂൽ തിരുമേനി (സ) അഭയാർത്ഥികളെ ഒരിക്കലും കൈവെടിയുകയില്ല. അതുകൊണ്ട് താങ്കൾ അവിടുത്തെ തിരുസന്നിധിയിലേക്ക് പോകണ'മെന്ന് ഭാര്യ ഇക്രിമയോട് അഭ്യർത്ഥിച്ചു. ഇക്രിമ അവിടുത്തെ സന്നിധിയിൽ വന്നു. 'അല്ലയോ മുഹമ്മദ്, എന്റെ ഭാര്യ എന്നോട് പറഞ്ഞത് താങ്കൾ എനിക്ക് അഭയം നൽകിയിരിക്കുന്നു എന്നാണ്'. അവിടുന്ന് പറഞ്ഞു: 'അവൾ പറഞ്ഞത് ശരിയാണ്.' ഇത് കേട്ട ഇക്രിമ ലജ്ജിച്ചു തലതാഴ്ത്തി. ശഹാദത്ത് കലിമ ചൊല്ലി മുസ്ലിമായി. അവിടുന്ന് പ്രതിവചിച്ചു: 'അല്ലയോ ഇക്രിമ, താങ്കൾ എന്റെ കഴിവിൽ പെട്ട ഏത് കാര്യവും ചോദിച്ചുകൊള്ളുക, ഞാൻ നൽകുന്നതാണ്.' ഇക്രിമ പറഞ്ഞു: 'ഞാൻ താങ്കളോട് ചെയ്ത എല്ലാ അപരാധങ്ങളും എനിക്ക് പൊറുത്തു തരിക.' അവിടുന്ന് ഇക്രിമക്ക് വേണ്ടി ഇപ്രകാരം പ്രാർത്ഥിച്ചു: 'അല്ലാഹുവേ, ഇക്രിമ എന്നോട് ചെയ്ത എല്ലാ അതിക്രമങ്ങളും പൊറുത്തു കൊടുക്കേണമേ. ഇക്രിമ എന്നോട് പറഞ്ഞ എല്ലാ കാര്യങ്ങളും മാപ്പാക്കേണമേ.' ഇതായിരുന്നു അവിടത്തെ മാതൃക.

മക്കാവിജയവേളയിൽ റസൂൽ തിരുമേനി (സ) യെ വധിക്കാനായി വന്ന ഫസാലാബിൻ ഉമർ എന്ന വ്യക്തിയുടെ കഥ നോക്കൂ. ഫസാലയുടെ ഉദ്ദേശത്തെപ്പറ്റി അല്ലാഹു റസൂൽ തിരുമേനി (സ) യെ അറിയിച്ചിരുന്നു. അയാളെ വിളിച്ച് അവിടുന്ന് ഉദ്ദേശമാരാഞ്ഞു. കളവ് പറഞ്ഞുരക്ഷപ്പെടാൻ ശ്രമിച്ച ഫസാലയുടെ നെഞ്ചിൽ റസൂൽ തിരുമേനി(സ) തന്റെ തൃക്കരംകൊണ്ട് സ്പർശിച്ചു. ഫസാല പറയുന്നു: 'അവിടന്ന് തന്റെ കൈ എന്റെ നെഞ്ചിൽ വെച്ചപ്പോൾ എന്റെ എല്ലാ വെറുപ്പും ഇല്ലാതായി. ഏതൊരു വ്യക്തിയെ വധിക്കാനാണോ ഞാൻ പുറപ്പെട്ടത്. അദ്ദേഹത്തോടുള്ള സ്നേഹം ഒരു മഹാപ്രവാഹമായി എന്റെ ഹൃദയത്തിൽ നിന്നും ഒഴുകി'. ഇതായിരുന്നു നമ്മുടെ യജമാനനായ റസൂൽ തിരുമേനി (സ) ക്ക് ശത്രുക്കളോടുള്ള സമീപനം. പിടിക്കപ്പെട്ട കുറ്റവാളിയിൽ സ്നേഹത്തിന്റെ അമ്പെയ്ത് തന്റെ സ്നേഹഭാജനമാക്കി മാറ്റുകയും അവർ തനിക്ക്വേണ്ടി ജീവൻ ത്യജിക്കാൻ സന്നദ്ധരാവുകയും ചെയ്യുന്ന അത്ഭുതപരിവർത്തനമായിരുന്നു അവിടുന്ന് നടത്തിയത്. അല്ലാഹു പറയുന്നു: '**മുഹമ്മദിൽ നിങ്ങൾക്ക് ഉത്തമ മാതൃകയുണ്ട്**.' ശത്രുവിനെ മിത്രമാക്കി മാറ്റുന്ന ഈ സ്വഭാവശീലമാണ് മുസ്ലിംകൾ സ്വായത്തമാക്കേണ്ടത്. ഹദ്റത്ത് ഉമർ (റ) ന്റെ ഒരു നിവേദനം ഇപ്രകാരമാണ്: 'യാ റസൂലുല്ലാഹ് അങ്ങ് നൂഹ് നബിയെപ്പോലെ ഞങ്ങൾക്ക്മേൽ ശാപപ്രാർത്ഥന നടത്തിയിരുന്നുവെങ്കിൽ ഞങ്ങളെല്ലാവരും നശിച്ചൊടുങ്ങുമായിരുന്നു. അങ്ങയെ ഞങ്ങൾ വളരെയധികം പീഢിപ്പിച്ചു. അങ്ങയുടെ മുഖത്ത് നിന്ന് രക്തം വാർന്നൊഴുകി. അങ്ങയുടെ മുൻവശത്തെ പല്ലുകൾ ക്ഷതമേറ്റ് കൊഴിഞ്ഞു. എന്നിട്ടും അങ്ങ് നല്ലതുമാത്രമാണ് ഞങ്ങളെപ്പറ്റി പറഞ്ഞത്. അങ്ങയുടെ ദുആ ഇപ്രകാരമായിരുന്നു. എന്റെ അല്ലാഹുവേ, എന്റെ സമുദായത്തിന് പൊറുത്ത് കൊടുക്കേണമേ അവർ എന്താണ് ചെയ്യുന്നതെന്ന് അവർ അറിയുന്നില്ല.' റസൂൽ (സ) യുടെ പൊറുത്തുകൊടുക്കുക എന്ന സ്വഭാവം കാരണം കഠിന ശത്രുക്കൾ പോലും ഇസ്ലാം മതം സ്വീകരിച്ചു. ഇസ്ലാമിക സന്ദേശങ്ങൾ എത്രയോ ഇരട്ടി വേഗത്തിൽ സ്വീകരിക്കപ്പെട്ടു. ഈ മഹത്തായ മാതൃകയനുസരിച്ച് ഇന്നത്തെ മുസ്ലിംകൾ പ്രവർത്തിച്ചിരുന്നുവെങ്കിൽ! അല്ലാഹു ഇവർക്ക് ബുദ്ധി പ്രദാനം ചെയ്യട്ടെ.



# ക്രിസ്ത്യൻ – മുസ്‌ലിം സംവാദം: റസൂൽ(സ)തിരുമേനിയുടേയും വാഗ്ദത്ത മസീഹ്(അ)ന്റെയും മാതൃക

യാസർ അറഫാത്ത്, തിരുത്തിയാട്

**ഇസ്‌ലാമിക ചരിത്രത്തിൽ വളരെ പ്രധാനപ്പെട്ട ഒരു സംഭവമാണ് റസൂൽ തിരുമേനി (സ) നജ്റാനിലെ ക്രിസ്ത്യാനികളുമായി നടത്തിയ സംവാദം. റസൂൽ തിരുമേനി (സ) യുടെ ജീവിതത്തിൽ ക്രിസ്ത്യാനികളുമായി നടത്തിയ ഒരേയൊരു സംവാദവുമാണിത്. ആ സംവാദത്തിൽ ഈസാ നബി (അ) മരിച്ച് മണ്ണോട് ചേർന്നുപോയി എന്ന് അസന്ദിഗ്ദവും അനിഷേധ്യവുമായ രീതിയിൽ റസൂൽ തിരുമേനി (സ) പ്രഖ്യാപിക്കുന്നു. എന്നിട്ടും ഈസാ നബി (അ) ആകാശത്തിരിക്കുന്നു എന്ന വിശ്വാസം വിചിത്രമല്ലേ? റസൂൽ തിരുമേനി (സ) നജ്റാനിലെ ക്രിസ്ത്യാനികളുമായി നടത്തിയ സംവാദം ഇപ്രകാരമായിരുന്നു.**

സംഘത്തിലെ മൂന്ന് പേരാണ് സംസാരിച്ചത്. അവർ പറഞ്ഞു: 'മർയമിന്റെ പുത്രൻ ഈസാ ദൈവമാണ്. കാരണം അദ്ദേഹം മരിച്ചവരെ ജീവിപ്പിക്കുമായിരുന്നു. അദ്ദേഹം അല്ലാഹുവിന്റെ പുത്രനാണ്. കാരണം അദ്ദേഹത്തിന് പിതാവുണ്ടായിരുന്നിട്ടില്ല. പിന്നെ പറഞ്ഞു. അദ്ദേഹം മൂന്നിൽ മൂന്നാമനാകുന്നു.'ഞങ്ങൾ പറഞ്ഞു', 'ഞങ്ങൾ പ്രവർത്തിച്ചു' എന്ന് ദൈവവചനമുണ്ടല്ലോ. ദൈവം ഏകനായിരുന്നെങ്കിൽ 'ഞാൻ പറഞ്ഞു','ഞാൻ പ്രവർത്തിച്ചു' എന്നേ പറയൂ. നബി (സ) അവരോട് ചോദിച്ചു: 'ഒരു പുത്രനും അവന്റെ പിതാവിനോട് സദൃശനാകാതിരിക്കില്ല എന്ന് നിങ്ങൾക്കറിയില്ലേ?' അവർ പറഞ്ഞു: 'അറിയാം.' റസൂൽ തിരുമേനി (സ): നമ്മുടെ റബ്ബ് ഒരിക്കലും മരണമില്ലാത്ത നിത്യജീവനാണെന്നും *ഈസാക്ക് നാശം സംഭവിച്ചു (അതാ അലൈഹിൽ ഫനാ)* എന്നും നിങ്ങൾക്കറിയില്ലേ? അവർ പറഞ്ഞു: അറിയാം. നബി (സ): നമ്മുടെ റബ്ബ് എല്ലാ വസ്തുക്കളേയും സംരക്ഷിച്ചുകൊണ്ടും ആവശ്യമായ വിഭവങ്ങൾ നൽകിക്കൊണ്ടും പരിപാലിച്ച് നിലനിർത്തുന്നവനാണെന്ന് നിങ്ങൾക്കറിയില്ലേ? അവർ പറഞ്ഞു: 'അറിയാം'. നബി(സ): ഇപ്പറഞ്ഞതെന്തെങ്കിലും ഈസാക്ക് കഴിയുമായിരുന്നോ? അവർ: ഇല്ല. നബി (സ): നമ്മുടെ റബ്ബ് ഗർഭാശയങ്ങളിൽ അവൻ ഇച്ഛിക്കുംപടി രൂപപ്പെടുത്തുന്നു. നമ്മുടെ റബ്ബ് തിന്നുന്നില്ല, കുടിക്കുന്നില്ല, മാറ്റത്തിന് വിധേയനാകുന്നില്ല. ശരിയല്ലേ? അവർ : ശരിയാണ്. നബി (സ): നിങ്ങൾക്കറിയില്ലേ, ഈസായെ അദ്ദേഹത്തിന്റെ മാതാവ് മറ്റേതൊരു സ്ത്രീയും ഗർഭം ധരിക്കുന്നതുപോലെ ഗർഭം ധരിക്കുകയും, മറ്റേതൊരു സ്ത്രീയും പ്രസവിക്കുന്നതുപോലെ പ്രസവിക്കുകയും, മറ്റേതൊരു സ്ത്രീയും കുഞ്ഞിന് ആഹാരം കൊടുക്കുന്നതുപോലെ ആഹാരം കൊടുക്കുകയും, പിന്നീട് അദ്ദേഹം സ്വയം ഭക്ഷണം കഴിക്കുകയും, വെള്ളം കുടിക്കുകയും, വളർച്ചയുടെ മാറ്റങ്ങൾക്ക് വിധേയനാവുകയും ചെയ്തുവെന്ന്? അവർ : അറിയാം. നബി (സ): ഇങ്ങനെയുള്ള ഒരാൾ എങ്ങിനെയാണ് നിങ്ങൾ വാദിക്കുന്നതുപോലെ ദൈവമാകുക? സംഘം മറുപടി പറഞ്ഞില്ല. ഈ സന്ദർഭത്തിൽ അല്ലാഹു സൂറ ആലുഇംറാനിലെ ആദ്യത്തെ 80 ഓളം സൂക്തങ്ങൾ അവതരിപ്പിച്ചു. (തഫ്സീർ മുനീർ 2–ാം വാള്യം, പേജ് 145,146)– (ഉദ്ധരണം: പ്രബോധനം വാരിക 2001 ആഗസ്റ്റ് 18 പേജ് 24.)

**വാഗ്ദത്ത മഹ്ദി മസീഹ് ഹദ്റത്ത് അഹ്മദ്(അ)മായി ഒരു ക്രിസ്ത്യൻ വിദ്യാർത്ഥി നടത്തിയ അഭിമുഖമാണ് താഴെ കൊടുത്തിരിക്കുന്നത്.**

ബിരുദ പഠനത്തിലേർപ്പെട്ട മുൻഷി അബ്ദുൽ ഹഖ് 1901 ഡിസംബർ 22ന് വാഗ്ദത്ത മസീഹിനെ സന്ദർശിക്കുകയുണ്ടായി. മൂന്ന് വർഷം മുമ്പ് ക്രിസ്തുമതം സ്വീകരിച്ച അബ്ദുൽഹഖ് ഹദ്റത്ത് അഹ്മദ്(അ)ന്റ ലിഖിതങ്ങൾ വായിച്ചിരുന്നു. വാഗ്ദത്തമസീഹി(അ)ന്റെ തിരുമുഖത്തു നിന്നുംഇസ്‌ലാമിന്റെ യാഥാർത്ഥ്യം നേരിട്ടുബോദ്ധ്യമാകണമെന്ന് അബ് ദുൾഹഖ് ആഗ്രഹം പ്രകടപ്പിച്ചു. ഹദ്റത്ത് അഹ്മദ് (അ) അദ്ദേഹത്തെ ഖാദിയാനിൽ വന്നു രണ്ട് മാസംതാമസിക്കാൻ ക്ഷണിക്കുകയുണ്ടായി.

ഹദ്റത്ത് മഹ്ദി മസീഹുമായി നടത്തിയ ഒന്നാമത്തെ കൂടിക്കാഴ്ചയിൽ, താൻ ക്രിസ്തുമതം സ്വീകരിച്ചു മൂന്നുവർഷക്കാലമായെന്നും തന്റെ ചില ക്രിസ്തീയ സ്നേഹിതന്മാരോടൊപ്പമുള്ള സഹവാസവും സംഭാഷണവും ഫിറോസ്പൂരിലെ പാതിരി ന്യൂട്ടനുമായുള്ള തന്റെ കൂടിക്കാഴ്ചകളുമാണ് തന്നെ ഒരു ക്രിസ്ത്യാനിയാകുവാൻ പ്രേരിപ്പിച്ചതെന്നും അബ്ദുൽ ഹഖ് പറഞ്ഞു.ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) ഇപ്രകാരം പ്രതിവചിച്ചു:

"താങ്കൾക്ക് ഇസ്ലാമിനെക്കുറിച്ച് എന്തു തന്നെ ആക്ഷേപങ്ങൾ ഉണ്ടെങ്കിലും അവ ഒന്നൊന്നായിട്ടെഴുതി എനിക്കു തരിക. ഞാൻ ഇൻശാ അല്ലാഹ്, ഓരോന്നിനും മറുപടി തരുന്നതാണ്. ഏതെങ്കിലും മറുപടിയിൽ നിങ്ങൾക്കു തൃപ്തി തോന്നുന്നില്ലെങ്കിൽ തൃപ്തിവരുന്നത് വരെ ആവർത്തിച്ചാവർത്തിച്ച് കൊണ്ടിരിക്കാവുന്നതാണ്. താങ്കളുടെ ആക്ഷേപങ്ങൾക്കു തൃപ്തികരമായ മറുപടി ലഭിച്ചതിനുശേഷം ഞാൻ താങ്കൾക്ക് ഇസ്ലാമിന്റെ സവിശേഷ ഗുണങ്ങളും അതിന്റെ മഹാത്മ്യങ്ങളും വിവരിച്ച് തരുന്നതാണ്."

*ഇതിനുശേഷം നടന്ന സംഭാഷണത്തിന്റെ ചില ഭാഗങ്ങൾ ചുവടെ ചേർക്കുന്നു.*

**ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) ഇപ്രകാരം അരുൾ ചെയ്തു:** മതകാര്യം വളരെ സുപ്രധാനവും സൂക്ഷ്മവും ആയ ഒന്നാണ്. അതിന് വളരെയധികം അഗാധമായ പരിചിന്തനവും അതീവ ശ്രദ്ധയും ആവശ്യമുണ്ട്. അതിനായി സമുദായത്തിലെ ഏകോപിപ്പിച്ച അഭിപ്രായങ്ങളും സ്വായത്തമാക്കേണ്ടതുണ്ട്. സമാനത അംഗീകരിക്കപ്പെടാത്തതും പൊതുവായി സാദൃശ്യവും തുല്യതയും കാണപ്പെടാത്തതുമായ ഒരു കാര്യവും വിശ്വസനീയമല്ല എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ഉദാഹരണമായി ഒരാൾ സുരക്ഷിതമായ ഒരു പെട്ടിയിൽ ആയിരം ഉറുപ്പിക വെച്ചിരുന്നുവെന്നും എന്നാൽ അത് മായയായി മറഞ്ഞുപോയി എന്നും ആരെങ്കിലും പറയുകയാണെങ്കിൽ അതൊരിക്കലും വിശ്വസനീയമാകുന്നില്ല. ഇത്പോലെ തന്നെയാണ് ക്രിസ്ത്യാനികളുടെ വിശ്വാസങ്ങളുടെ അവസ്ഥയും. നിങ്ങൾ നിങ്ങളുടെ ആക്ഷേപങ്ങൾ ക്രോഢീകരിച്ച് അറിയിക്കുക. ഇൻശാ അല്ലാഹ്, ഞാൻ മറുപടി പറയുന്നതാണ്.

**മുൻശി അബ്ദുൽഹഖ്:** താങ്കൾ ത്രിയേകത്വം, പാപപരിഹാര സിദ്ധാന്തം എന്നീ വിശ്വാസങ്ങളെ ഖണ്ഡിച്ച് തരികയാണെങ്കിൽ പിന്നെ ഒരുപക്ഷേ ഞാനൊന്നും ചോദിക്കുന്നതല്ല.

**ഹദ്റത്ത് വാഗ്ദത്ത് മസീഹ്** ത്രിയേകത്വം പാപപരിഹാരസിദ്ധാന്തം എന്നിവയുടെ ഖണ്ഡനത്തിന് ധാരാളം തെളിവുകൾ ഇൻശാഅല്ലാഹ് നാം തരുന്നതാണ്. എന്നാൽ എന്റെ അഭിപ്രായത്തിൽ ഞാൻ സൂചിപ്പിച്ചരീതിലുള്ള ക്രമം നിങ്ങൾ സ്വീകരിക്കുകയാണെങ്കിൽ അതുകൊണ്ടു വളരെ പ്രയോജനമുണ്ടാകും. ഞാനിപ്പോൾ അതിനെ വിഘ്നപ്പെടുത്തുവാൻ ആഗ്രഹിക്കുന്നില്ലെങ്കിലും സംക്ഷിപ്തമായ ചില കാര്യങ്ങൾ പറയുവാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ യഹൂദികൾ, മുസ്ലിംകൾ, ക്രിസ്ത്യാനികൾ എന്നിങ്ങനെ മൂന്നു സമുദായങ്ങളാണുള്ളത്. ഇവരിൽയഹൂദരും മുസ്ലിംകളും ഏകദൈവ വിശ്വാസത്തിൽ അധിഷ്ഠിതരാണ്. എന്നാൽ ക്രിസ്ത്യാനികളാകട്ടെ ത്രിയേകത്വ വിശ്വാസക്കാരാണ്.

ഞങ്ങൾക്കു ക്രിസ്ത്യാനികളോടു ചോദിക്കാനുള്ളത് ത്രിയേകത്വ സിദ്ധാന്തത്തിനു വല്ല യാഥാർത്ഥ്യവും ഉണ്ടെങ്കിൽ മോക്ഷപ്രാപ്തിക്കും പാപപരിഹാരത്തിനും ഈയൊരു മാർഗം മാത്രമേ ഉള്ളൂവെങ്കിൽ, ഈ വിശ്വാസത്തെക്കുറിച്ച് തൗറാത്തിൽ എന്തുകൊണ്ട് ഒരു സൂചന പോലും കാണപ്പെടുന്നില്ല?. ഇത് സംബന്ധിച്ച് യഹൂദികളുടെ പക്കൽ വല്ല തെളിവും ഉണ്ടോ എന്ന് അവരോടു ചോദിച്ചു നോക്കുക. യഹൂദികളിൽ തന്നെ അനേകം വിഭാഗങ്ങളും ഉണ്ട്. അവർക്കിടയിൽ പല വിധത്തിലുള്ള അഭിപ്രായ വ്യത്യാസങ്ങളും കാണപ്പെടുന്നു. എന്നാൽ ഏക ദൈവവിശ്വാസത്തിന്റെ കാര്യത്തിൽ അവർക്കിടയിൽ ഏകോപിച്ച അഭിപ്രായവും യോജിപ്പും ആണുള്ളത്. ത്രിയേകത്വ സിദ്ധാന്തത്തിൽ വിശ്വസിക്കുന്നതാണ് മോക്ഷപ്രാപ്തിക്കും പാപപരിഹാരത്തിനുമുള്ള മാർഗമെങ്കിൽ യഹൂദികളുടെ എല്ലാ വിഭാഗങ്ങളും അതിനെ പാടെ വിസ്മരിക്കുകയാണോ ചെയ്തിരിക്കുന്നത്? ഒരു വിഭാഗവും ഈ സിദ്ധാന്തത്തിൽ വിശ്വസിക്കുന്നവരായി കാണപ്പെടുന്നില്ല.

ഓരോ കാലത്തും ആയിരക്കണക്കിൽ മതപണ്ഡിതന്മാർ ഉണ്ടായിരിക്കുകയും ഹദ്റത്ത് മസീഹിന്റെ കാലം വരെ ധാരാളം പ്രവാചകൻമാർ അവതരിക്കുകയും ചെയ്ത വലിയൊരു സമുദായത്തിന് ഹദ്റത്ത് മൂസാനബി(അ) മുഖേന ലഭിച്ച ഒരു വിശ്വാസ പ്രമാണത്തെപ്പറ്റി, മനുഷ്യന്റെ മോക്ഷത്തിനും പാപ പരിഹാരത്തിനും കാരണമാകുന്ന ഒരടിസ്ഥാന വിശ്വാസത്തെ കുറിച്ച് ഒരറിവും ഇല്ല എന്നു പറയുന്നത് എത്രമാത്രം വിസ്മയകരമായ കാര്യമാണ്. ഇത് ബുദ്ധിക്കും അനുമാനത്തിനും എതിരായ വിശ്വാസമാണ്. ഇതിൽനിന്ന്, ഈ ത്രിയേകത്വ സിദ്ധാന്തം മനുഷ്യ നിർമ്മിതമായ വിശ്വാസമാണെന്നു മനസ്സിലാക്കാം. പ്രവാചകൻമാർക്ക് ലഭിച്ച വേദഗ്രന്ഥങ്ങളിൽ ഇതിനെക്കുറിച്ച് ഒരു പ്രതിപാദനവും ഇല്ല തന്നെ. ഉണ്ടായിരിക്കാനും നിവൃത്തിയില്ല. കാരണം സത്യവിരുദ്ധമായ ഒരു സിദ്ധാന്തമാണിത്. ചുരുക്കത്തിൽ യഹൂദികൾക്കിടയിലുള്ള ഏക ദൈവവിശ്വാസത്തിൽ കാണപ്പെടുന്ന യോജിപ്പും ത്രിയേകത്വത്തി

ലുള്ള വിശ്വാസമില്ലായ്മയും ഈ സിദ്ധാന്തം അന്ധവും അബദ്ധവും ആണെന്നതിനുള്ള തെളിവാണ്. മാത്രമല്ല, ക്രിസ്ത്യാനികളുടെ വിവിധ വിഭാഗങ്ങൾക്കിടയിൽ തന്നെ ത്രിയേകത്വസിദ്ധാന്തത്തെക്കുറിച്ച് എപ്പോഴും വിഭിന്നതയും കാണപ്പെട്ടുവരുന്നു. ഇപ്പോഴും യൂനിറ്റേറിയൻ വിഭാഗം നിലനിൽക്കുന്നുണ്ട്.

ഞാൻ ഒരു യഹൂദിയോട് തൗറാത്തിൽ എവിടെയെങ്കിലും ത്രിയേകത്വത്തെക്കുറിച്ചു വല്ല അദ്ധ്യാപനവും ഉണ്ടോ എന്നും നിങ്ങളുടെ അനുഷ്ഠാന കർമങ്ങളിൽ അതിനുവല്ല സ്ഥാനവും ഉണ്ടോ എന്നും ചോദിച്ചതിന് ഒരിക്കലും ഇല്ല എന്നാണദ്ദേഹം മറുപടി പറഞ്ഞത്. ദൈവത്തിന്റെ ഏകത്വത്തെക്കുറിച്ച് വിശുദ്ധ ഖുർആൻ നൽകുന്ന അദ്ധ്യാപനം തന്നെയാണ് തങ്ങളുടേതെന്നും തങ്ങളിൽപെട്ട ഒരു വിഭാഗവും ത്രിയേകത്വത്തിൽ വിശ്വസിക്കുന്നില്ല എന്നും ത്രിയേകത്വ വിശ്വാസത്തിലാണ് മനുഷ്യന്റെ മോക്ഷം അധിഷ്ഠിതമായിട്ടുള്ളതെങ്കിൽ തൗറാത്തിലെ കല്പനകൾ തങ്ങളുടെ വീട്ടുപടിക്കലും കുപ്പായക്കൈകളിലും ഉല്ലേഖനം ചെയ്യപ്പെടേണമെന്ന കല്പനക്കനുസരിച്ച് ത്രിയേകത്വ സിദ്ധാന്തവും എഴുതപ്പെടേണമെന്ന് നിർദ്ദേശിക്കപ്പെടുമായിരുന്നു എന്നും അദ്ദേഹം പറയുകയുണ്ടായി.

ത്രിയേകത്വ സിദ്ധാന്തത്തിന്റെ പൊള്ളത്തരം എടുത്തുകാണിക്കുന്ന മറ്റൊരു തെളിവ്, മനുഷ്യന്റെ ആന്തരീക മതതത്വസംഹിതയിൽ (പ്രകൃതിനിയമത്തിൽ) അങ്ങനെയുള്ള ഒരുദാഹരണവും മാതൃകയും ഇല്ല എന്നുള്ളതാണ്. പ്രകൃതിനിയമം സ്വയം ഏകത്വത്തെ ആവശ്യപ്പെടുന്നു. ഏതെങ്കിലും ഒരു വ്യക്തി ത്രിയേകത്വ സിദ്ധാന്തം എത്തിയിട്ടില്ലാത്ത ഒരു ദ്വീപിൽ അജ്ഞാതവാസം നടത്തുകയാണെങ്കിൽ അയാളോടു തൗഹീദിനെക്കുറിച്ചായിരിക്കും ചോദിക്കപ്പെടുക എന്ന് പാതിരി ഹണ്ടർ തന്റെ ഗ്രന്ഥങ്ങളിൽ ഏറ്റു പറയുന്നുണ്ട്. ഇതിൽ നിന്ന്, മനുഷ്യന്റെ ആ 'അന്തരീകശരീരത്ത്' അഥവാ പ്രകൃതിനിയമം തൗഹീദിനെയാണ് ഇഷ്ടപ്പെടുന്നത്, ത്രിയേകത്വത്തെയല്ല എന്നു മനസ്സിലാക്കാവുന്നതാണ്. കാരണം ത്രിയേകത്വം മനുഷ്യന്റെ പ്രകൃതിക്കനുയോജ്യമായതാണെങ്കിൽ അതിനെക്കുറിച്ചായിരിക്കുമല്ലോ ചോദിക്കപ്പെടുന്നത്.

ത്രിയേകത്വ സിദ്ധാന്തത്തിന്റെ വ്യാജത്തെ തെളിയിക്കുന്ന മറ്റൊരു തെളിവ് അല്ലാഹു സൃഷ്ടിച്ചിരിക്കുന്ന എല്ലാ അടിസ്ഥാന വസ്തുക്കളും ഗോളാകൃതിയിലുള്ളവയാണെന്നതാണ്. വെള്ളത്തുള്ളികൾ, ആകാശത്തിൽ കാണപ്പെടുന്ന ഗ്രഹങ്ങൾ, ഭൂമി എന്നിവയെ വീക്ഷിക്കുക. ഈ ഗോളാകൃതി ഏകത്വത്തെ വിളംബരപ്പെടുത്തുന്നു. ദൈവത്തിന്റെ സത്തയിൽ ത്രിയേകത്വമെന്ന ഒന്നുണ്ടെങ്കിൽ മേൽപറഞ്ഞ വസ്തുക്കളെല്ലാം തന്നെ ത്രികോണാകൃതിയാലിരിക്കണം ഉണ്ടാകേണ്ടത്.

ഈ കാര്യങ്ങൾ കൂടാതെ, ത്രിയേകത്വവിശ്വാസികൾക്കാണ് തങ്ങളുടെ വിശ്വാസത്തെ തെളിയിക്കാനുള്ള ബാധ്യതയുള്ളത്. തങ്ങളുടെ വിശ്വാസത്തിനുള്ള തെളിവുകൾ ഉദ്ധരിക്കേണ്ടത് അവരുടെ കടമയാണ്.

വിവിധ കക്ഷികളും വിഭാഗങ്ങളും ഉണ്ടായിട്ടും യഹൂദികൾ ഒന്നടങ്കം ഏകദൈവവിശ്വാസികളാണ്. ആന്തരീക ശരീരത്തിൽ കാണപ്പെടുന്ന സ്വാധീനം പ്രകൃതിനിയമത്തിൽ ദൃശ്യമാകുന്ന ഏകത്വസങ്കല്പം എന്നിവ ഈ യാഥാർത്ഥ്യം മനസ്സിലാക്കിത്തരുന്നു. ഇവയെക്കുറിച്ച് ഭക്തിമാർഗേണ അവഗാഢം ചിന്തിക്കുകയാണെങ്കിൽ ത്രിയേകത്വ സിദ്ധാന്തം ന്യായരഹിതവും സത്യവിരുദ്ധവും ആണെന്നു മനസ്സിലാക്കാവുന്നതാണ്.

ഒരു മനുഷ്യൻ തനിക്കു സംതൃപ്തി നൽകാത്ത വഴി ഒരിക്കലും സ്വായത്തമാക്കുന്നില്ല എന്ന കാര്യം മനുഷ്യന്റെ സ്വഭാവത്തിലും അവന്റെ പ്രകൃതിയിലും പെട്ട ഒന്നാണ്. 'വരമ്പുകളിൽ കൂടി നടക്കുന്നവരേക്കാൾ രാജവീഥിയിൽ കൂടി ചരിക്കുന്നവരാണധികവും. കാരണം അതിൽ കൂടി സഞ്ചരിക്കുന്നവർക്ക് ഒരു വിധത്തിലുമുള്ള ഭയാശങ്കയും അപകടഭീതിയും ഉണ്ടാകുന്നില്ല., ഈ വഴിയിൽ ഉള്ള സാക്ഷി വളരെ ശക്തിയുള്ളതാണെന്നവർ മനസ്സിലാക്കുന്നു. ഈ ലോകത്ത് നമ്മുടെ കാഴ്ചപ്പാടിൽ ഈ സത്യം നമുക്കു തുടർന്നുകാണുവാൻ സാധിക്കുന്നുവെന്നിരിക്കെ പരലോകത്തേക്കുള്ള വഴി സ്വായത്തമാക്കുന്നതിൽ വിശ്വാസയോഗ്യവും സർവ്വോപരി സജീവമായതുമായ സാക്ഷ്യം ഇല്ലാത്തതും അവനു മനഃസംതൃപ്തി നൽകാത്തതുമായ വഴികളെ എങ്ങനെ അവന്ന് സ്വീകരിക്കാൻ സാധിക്കും?

ഇപ്പോൾ ലോകത്ത് ആയിരക്കണക്കിലുള്ള മാർഗ്ഗങ്ങൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ അനുഗൃഹീതവും സുഗമവുമായ വഴി ഭൗതികമായ എല്ലാ അത്യാർത്തികളെയും സുഖഭോഗങ്ങളെയും ത്യജിച്ചുകൊണ്ട് ദൈവ സംപ്രാപ്തിക്കായി വിശപ്പും ദാരിദ്ര്യവും സഹിച്ച് ദൈവപാതയിൽ ചരിക്കുന്നതിനായി അന്വേഷിച്ചിറങ്ങുന്നു എന്നതാണ്. ആത്മാർത്ഥമായ ഉദ്ദേശ്യത്തോടുകൂടി അന്വേഷിക്കുന്നവർക്ക് ആ വഴി കണ്ടെത്തുവാൻ സാധിക്കുന്നതാണ്.

ക്രിസ്തുമതത്തിന്റെ അടിത്തറ തകർക്കാൻ നമ്മുടെ പക്കൽ ഒഴുക്കേറിയ ഒരു നദി തന്നെയുണ്ട്. ആ ഇന്ദ്രജാലം പൊട്ടിച്ചിതറുന്ന കാലമിതാ സമാഗതമായിരിക്കുന്നു. കുരിശിനാൽ ഉണ്ടാക്കപ്പെട്ട വിഗ്രഹം ഇതാ ഭഞ്ജിക്കപ്പെടാൻ പോകുന്നു.

വാസ്തവത്തിൽ അല്ലാഹു എന്നെ നിയോഗിച്ചയച്ചില്ലെങ്കിൽ തന്നെ ക്രിസ്തുമതത്തിന്റെ പൊള്ളത്തരം വെളിച്ചത്ത് വരുവാൻ കാലം തന്നെ അതിനുള്ള ഏർപ്പാട് ചെയ്യുമായിരുന്നു. കാരണം, ഒരു സ്ത്രീയുടെ ഉദരത്തിൽ പിറന്ന മനുഷ്യനെ, മനുഷ്യസഹജമായ ആവശ്യങ്ങൾ പൂർത്തിയാക്കുന്നതിൽ നിന്ന് അതീതനല്ലാത്ത, എല്ലാവിധ പരിമിതികളും പരിധികളും ഉൾപ്പെട്ട ഒരു ദുർബല മനുഷ്യനെ ദൈവമാക്കി പൂജിക്കുന്നത് അല്ലാഹുവിന്റെ അഭിമാനത്തിനും മഹത്വത്തിനും നിരക്കാത്തതാണല്ലോ.

യേശുക്രിസ്തു കുരിശിൽ വെച്ച് മരണമടഞ്ഞുവെന്ന വിശ്വാസം തികച്ചും വ്യാജവും അബദ്ധജഡിലവും ആണെന്നു ഞാനെന്റെ ഒരു ഗ്രന്ഥത്തിൽ പല ഗവേഷണങ്ങളുടെയും അടിസ്ഥാനത്തിൽ സ്ഥാപിച്ചിരിക്കുന്നു. വാസ്തവത്തിൽ അദ്ദേഹം കുരിശിൽനിന്നും ജീവനോടെ ഇറക്കപ്പെടുകയും അവിടെനിന്നു രക്ഷപ്പെട്ടു കശ്മീരിൽ എത്തിച്ചേരുകയും തന്റെ 120–ാമത്തെ വയസ്സിൽ അവിടെ വെച്ചുതന്നെ മരണപ്പെടുകയും ചെയ്തിരിക്കുന്നു. ഇന്നു വരെ യൂസ് ആസഫിന്റെ അല്ലെങ്കിൽ രാജകുമാരനായ നബിയുടേതെന്ന പേരിൽ അദ്ദേഹത്തിന്റെ ഖബർ കശ്മീരിലെ ഖാൻയാർ തെരുവിൽ സുപ്രസിദ്ധമാണ്.

സുശക്തവും സുദൃഢവും ആയ ദൃഷ്ടാന്തങ്ങളിലും തെളിവുകളിലും അധിഷ്ഠിതമായി സ്ഥാപിതമാകാത്ത ഒരു കാര്യമല്ല ഇത്. മറിച്ച് സുവിശേഷങ്ങളിൽ വിവരിക്കപ്പെട്ടതും കുരിശുമായി ബന്ധപ്പെട്ടതുമായ സംഭവങ്ങളിൽ നിന്നും യേശു കുരിശിൽ മരിച്ചിട്ടില്ലെന്നു മനസ്സിലാകുന്നു.

ഒന്നാമതായി മസീഹ് സ്വയം തന്നെ യോനാ പ്രവാചകനുമായി ഉപമിച്ച് പറയുകയുണ്ടായി. യോനാ പ്രവാചകൻ മത്സ്യത്തിന്റെ വയറ്റിൽ ജീവനോടെയാണോ പ്രവേശിച്ചിരുന്നത്? അതല്ല മരണപ്പെട്ടിട്ടാണോ?

കൂടാതെ പിലാത്തോസിന്റെ ഭാര്യ ഒരു ഭയാനക സ്വപ്നം കാണുകയുണ്ടായി. അതിനെക്കുറിച്ച് വിവരം ലഭിച്ച പിലാത്തോസ് യേശുവിനെ എങ്ങനെയെങ്കിലും രക്ഷിക്കണമെന്ന കാര്യത്തിൽ ചിന്താധീനനായിരുന്നു. അതുകൊണ്ടാണ് പിലാത്തോസും മസീഹിനെ മോചിപ്പിക്കുവാൻ പല വിധത്തിലും പ്രയത്നിക്കുകയുണ്ടായത്. അവസാനം തന്റെ കൈകഴുകി തനിക്കീ സംഭവത്തിൽ ഒരു പങ്കുമില്ലെന്നു പ്രസ്താവിച്ചു. യഹൂദികൾ ഒരു പ്രകാരത്തിലും വഴങ്ങുന്നില്ലെന്നു കണ്ട അദ്ദേഹം വെള്ളിയാഴ്ച വൈകുന്നേരം യേശുവിനെ കുരിശിൽ തറയ്ക്കുവാൻ വിധിക്കുകയുണ്ടായി. കുരിശിൽ വിശപ്പ്, ദാഹം, അസഹ്യമായ വെയിൽ എന്നീ കാഠിന്യങ്ങൾ സഹിച്ച് പല ദിവസങ്ങൾക്കുശേഷമാണ് കുരിശിക്കപ്പെടുന്ന ആൾ മരണമടയുന്നത്. വെള്ളിയാഴ്ച വൈകുന്നേരം അസ്തമനത്തിനു മുമ്പ് അദ്ദേഹത്തെ കുരിശിൽ നിന്നുമിറക്കിയതുകൊണ്ട് ഈയൊരവസ്ഥ അദ്ദേഹത്തിനുണ്ടായില്ല. കാരണം ശബ്ബത്ത് നാളിലോ അതിനു തലേന്നുള്ള രാത്രിയിലോ ആരെയെങ്കിലും കുരിശിൽ തറച്ച നിലയിൽ വെക്കുന്നത് യൂദ ശരീഅത്തനുസരിച്ച് കഠിനമായ പാപമാണ്. യേശു വെള്ളിയാഴ്ച അവസാന നേരത്തിൽ കുരിശിലേറ്റപ്പെടുകയും അതോടനുബന്ധിച്ചുണ്ടായ കൊടുങ്കാറ്റിനുശേഷം ഉടനെ ഇറക്കപ്പെടുകയും ചെയ്തു. കൂടാതെ മസീഹിനോടൊപ്പം കുരിശിൽ തറക്കപ്പെട്ടിരുന്ന രണ്ടു കള്ളന്മാരുടെ കാലുകളും ഒടിച്ചിട്ടുണ്ടായിരുന്നെങ്കിലും മസീഹിന്റെ കാലുകൾ ഒടിച്ചിട്ടുണ്ടായിരുന്നില്ല.

മാത്രമല്ല, മസീഹിന്റെ ശരീരം അദ്ദേഹത്തിന്റെ ഒരു ശിഷ്യനെയാണ് ഏൽപ്പിക്കുകയുണ്ടായത്. വാസ്തവത്തിൽ പിലാത്തോസും അദ്ദേഹത്തിന്റെ ഭാര്യയും യേശുവിന്റെ മുരീദന്മാ(ശിഷ്യൻ)ന്മാരായിരുന്നു. പിലാത്തോസിനെ ക്രിസ്തീയ രക്തസാക്ഷികളിൽപെട്ട ആളായിട്ടും അദ്ദേഹത്തിന്റെ ഭാര്യയെ ഒരു 'വലിയ്യ്' (ദൈവസാമീപ്യം സിദ്ധിച്ച ആൾ) ആയിട്ടുമാണു രേഖപ്പെടുത്തപ്പെട്ടിരിക്കുന്നത്.

ഇതിനെക്കാളുപരി 'മർഹമെ ഈസാ' എന്ന ലേപനവും ഒരു തെളിവാണ്. മുസ്ലിംകളും ജൂതന്മാരും റോമക്കാരും ക്രിസ്ത്യാനികളും മജൂസികളും ആയ വൈദ്യന്മാർ പ്രസ്തുത ലേപനം മസീഹിന്റെ ശരീരത്തിലുണ്ടായ പരുക്കുകൾ സുഖപ്പെടുത്തുന്നതിന്നായി നിർമ്മിക്കപ്പെട്ടതായിരുന്നുവെന്ന് ഏകോപിച്ച് രേഖപ്പെടുത്തിയിരിക്കുന്നു. ഈ ലേപനം മർഹം ഈസാ, മർഹം ഹവാരിയ്യീൻ, മർഹം റസൂൽ, മർഹം ശൈലാഖാ എന്നീ പേരുകളിൽ അറിയപ്പെടുന്നു. ചുരുങ്ങിയപക്ഷം ആയിരം ഗ്രന്ഥങ്ങളിലെങ്കിലും ഈ മരുന്നിന്റെ കുറിപ്പു കാണപ്പെടുന്നുണ്ട്. കുരിശു സംഭവവുമായി ബന്ധപ്പെട്ടല്ലാതെ മറ്റൊരു പരിക്കും ഈസാമസീഹിന്നുണ്ടായിരുന്നതായി ഒരു ക്രിസ്ത്യാ

# അൽറാസി: വൈദ്യശാസ്ത്രത്തിലെ അഗ്രഗാമി

**അറബ് ഗാലൻ* എന്നറിയപ്പെടുന്ന, മദ്ധ്യകാലഘട്ടത്തിലെ മഹാശാസ്ത്രപ്രതിഭ അൽറാസി വൈദ്യശാസ്ത്രത്തിൽ പല നൂതന സമ്പ്രദായങ്ങളും ആവിഷ്ക്കരിച്ചു.**

സകരിയ്യ



അബൂബക്കർ മുഹമ്മദ് ഇബ്നു സകറിയ്യ അൽറാസി ഇസ്‌ലാം സംഭാവന ചെയ്ത മദ്ധ്യകാലഘട്ടത്തിലെ മഹാനായ വൈദ്യശാസ്ത്ര വിജ്ഞാനിയാണ്. ശൈഖൂർ റഈസ് ഇബ്നുസീനയുടെ തൊട്ടടുത്ത് നില്ക്കുന്ന വൈദ്യശാസ്ത്ര പ്രതിഭയാണ് ഇമാം റാസി. എന്നാൽ അദ്ദേഹത്തിന്റെ ശാസ്ത്ര നിരീക്ഷണ പാടവം ഇബ്നു സീനയേക്കാൾ എത്രയോ മികച്ചതാണ്. അദ്ദേഹം മികവുറ്റ വൈദ്യചികിത്സകനും, തത്വജ്ഞാനിയും, ഭൗതികജ്ഞനും, രസതന്ത്ര വിജ്ഞാനിയുമായിരുന്നു. അദ്ദേഹത്തിന്റെ നിശിതവും, കണിശവുമായ അന്തർദൃഷ്ടിയും സർവ്വ വിജ്ഞാനകോശ സമാനമായ ജ്ഞാനസമ്പത്തും 'അറബിക്ക് ഗാലൻ' എന്ന അഭിധാനം അദ്ദേഹത്തിനു നേടിക്കൊടുത്തു. അദ്ദേഹം രോഗനിദാന ശാസ്ത്രവിജ്ഞാനത്തിൽ ഗുരുതുല്യനും മാനസിക കാരണങ്ങളാലുണ്ടാകുന്ന ശാരീരിക വ്യതിചലനങ്ങളെ (Pshycosomatic) സംബന്ധിച്ച പഠനങ്ങളിൽ വിദഗ്ദനുമായിരുന്നു.

അൽറാസി എ.ഡി. 844 ടെഹ്റാനിനടുത്ത റയ്യ എന്ന സ്ഥലത്താണ് ജനിച്ചത്. ഭാഷാശാസ്ത്രം, ഗണിതം, തത്വശാസ്ത്രം, തർക്കശാസ്ത്രം, രസതന്ത്രം, സംഗീതം എന്നീ വിഷയങ്ങളിലെല്ലാം അദ്ദേഹം അവഗാഹം നേടി. മുപ്പതാമത്തെ വയസ്സിൽ അദ്ദേഹം സ്വയം തന്നെ വൈദ്യശാസ്ത്രത്തിൽ സമർപ്പിതനായി. വൈദ്യശാസ്ത്രം പഠിക്കാൻ ബാഗ്ദാദിലേക്ക് യാത്ര പോയതിനുശേഷം അദ്ദേഹം സ്വദേശമായ റയ്യയിലെയും പിന്നീട്, പ്രശസ്തമായ ബാഗ്ദാദ് ഹോസ്പിറ്റലിന്റേയും ഡയറക്ടറായി. ബാഗ്ദാദിൽ അൽറാസി അത്യധികം

*__ഗാലൻ__: രണ്ടാം നൂറ്റാണ്ടിലെ ലോക പ്രശസ്തനായ ഗ്രീക്ക് ഭിഷഗ്വരൻ ഗ്രീക്ക്ഭാഷയിൽ 400 പ്രബന്ധങ്ങളും, 98 വൈദ്യ ശാസ്ത്ര ഗ്രന്ഥങ്ങളും മറ്റു നിരവധി തത്വശാസ്ത്ര ഗ്രന്ഥങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. വിവ:

---

നിക്കും സ്ഥാപിക്കുവാൻ സാധിക്കുന്നതല്ല.

ആ അവസരത്തിൽ ഹവാരീങ്ങളുടെ സാന്നിധ്യവും ഉണ്ടായിരുന്നു.

പ്രസ്തുത എല്ലാ കാരണങ്ങളും വസ്തുതകളും ഏകോപിച്ച് നോക്കിയാൽ, മസീഹ് കുരിശിൽനിന്നു ജീവനോടെ ഇറക്കപ്പെട്ടിരുന്നു എന്ന സാക്ഷ്യം സത്യമായിപ്പുലരുന്നില്ലേ?

ഇപ്പോൾ നമുക്കു സുദീർഘമായ വിവാദങ്ങളും ചർച്ചകളും ചെയ്യേണ്ടുന്ന ആവശ്യമില്ല തന്നെ.

അഫ്ഗാനിസ്ഥാനിലും കശ്മീരിലും ചിന്നിച്ചിതറിക്കിടക്കുന്ന യഹൂദികളുടെ വിവിധ സംഘങ്ങളെ അന്വേഷിച്ചുകൊണ്ട് യേശു അവിടെ എത്തുകയും അവസാനം കശ്മീരിൽ ചരമമടയുകയും ഉണ്ടായി. കശ്മീരികൾ വാസ്തവത്തിൽ ഇസ്രാഈൽ സന്തതികളാണെന്ന് ആംഗലേയ ഗവേഷകർ തന്നെ സമ്മതിച്ചിട്ടുള്ള യാഥാർത്ഥ്യമാണ്. ബെർനീയർ തന്റെ യാത്രാവിവരണത്തിൽ ഈ കാര്യം എഴുതിയിരിക്കുന്നു.

പ്രസ്തുത യഥാർത്ഥ സംഭവങ്ങളുടെ അടിസ്ഥാനത്തിൽ അദ്ദേഹം കുരിശിൽ വെച്ച് മരണപ്പെട്ടിട്ടില്ലെന്നും മറിച്ച് ജീവനോടെയാണ് ഇറക്കപ്പെട്ടതെന്നും സ്ഥാപിതമായിരിക്കെപ്പിന്നെ 'പാപപരിഹാര സിദ്ധാന്തം' എവിടെയാണവശേഷിക്കുന്നത്.

പിന്നെ വിസ്മയകരമായ മറ്റൊരു കാര്യം, ക്രിസ്ത്യാനികൾ മസീഹിനെ ആകാശത്തു കയറ്റുന്നതിനായി കാണിക്കുന്ന സാക്ഷ്യം ഒരു സ്ത്രീയുടേതാണ്. അവൾ സച്ചരിതയായ കുലീന സ്ത്രീ ആയിരുന്നില്ല എന്നതാണ് വാസ്തവം.

(അൽഹക്കം വാള്യം 6 നമ്പർ 3, പേജ് 3,4, 24–1–1902)

(മൽഫൂസാത്ത് വോ. 3 പേ. 97, 104–108)



ബഹുമാനിതനായ വൈദ്യശാസ്ത്രഗുരുവും അമീർ അബ്ദുൽ ദൗല (ക്രി. വ. 949–983)യുടെ കൊട്ടാര വൈദ്യനുമായിരുന്നു. ബാഗ്ദാദിലെ ഹോസ്പിറ്റൽ ഡയറക്ടറായ അദ്ദേഹം ആശുപത്രി നിർമ്മിക്കാൻ സ്ഥലം തിരഞ്ഞെടുത്ത രീതി വളരെ പ്രസിദ്ധമാണ്. ബാഗ്ദാദിന്റെ വിവിധ ഭാഗങ്ങളിൽ അദ്ദേഹം മാംസക്കഷ്ണങ്ങൾ തൂക്കിയിടുകയുണ്ടായി. മാംസത്തിന്റെ ജീർണ്ണനം ഏറ്റവും കുറവ് സംഭവിക്കുന്ന സ്ഥലമാണ് ആശുപത്രി പണിയാൻ തിരഞ്ഞെടുത്തത്. തന്റെ ആശുപത്രിയിൽ മാനസിക രോഗികളെ ചികിത്സിക്കാൻ പ്രത്യേക മുറി അദ്ദേഹം ഏർപ്പെടുത്തി.

വിജ്ഞാനം കരസ്ഥമാക്കാൻ പണ്ഡിതന്മാരെ തേടി അൽ റാസി നിരവധി വിദൂര ദേശങ്ങളിൽ സഞ്ചരിക്കുകയുണ്ടായി. തത്വജ്ഞാനം, ജ്യോതിശാസ്ത്രം, ഭൗതികശാസ്ത്രം, രസതന്ത്രം, വൈദ്യശാസ്ത്രം എന്നീ വിഷയങ്ങളിൽ 200 ഗ്രന്ഥങ്ങൾ അദ്ദേഹം എഴുതി. അദ്ദേഹം പേർഷ്യനായിരുന്നെങ്കിലും മിക്ക രചനകളും അറബിയിലായിരുന്നു. അക്കാലത്ത് അറബിയായിരുന്നു വിജ്ഞാനത്തിന്റെ സമ്പർക്ക വിനിമയ ഭാഷ. രോഗനിദാനശാസ്ത്രത്തിലും ചികിത്സയിലും അക്കാലത്തെ ഏറ്റവും പ്രാമാണികനായ വൈദ്യനായിരുന്നു അൽ റാസി. രോഗങ്ങളെ ശാസ്ത്രീയമായി നിരീക്ഷിച്ച് ചികിത്സിക്കുന്ന സമ്പ്രദായമായിരുന്നു അദ്ദേഹത്തിന്റേത്. ശുചിത്വത്തിനും, ഭക്ഷണക്രമത്തിനും അദ്ദേഹത്തിന്റെ ചികിത്സയിൽ വലിയ പ്രാധാന്യം നൽകിയിരുന്നു.

പ്രഗല്ഭനായ അഫ്ഗാൻ ശാസ്ത്രജ്ഞൻ അൽബിറൂനി അൽ റാസിയുടെ രചനകൾ കാറ്റലോഗ് ചെയ്ത് ക്രമീകരിക്കുകയുണ്ടായി. അവ 184 എണ്ണമുണ്ടായിരുന്നു. പുസ്തകങ്ങളിൽ പലതും നഷ്ടപ്പെട്ടുപോയി. പലതിന്റേയും ലാറ്റിൻ പരിഭാഷയാണ് പിന്നീട് ലഭിച്ചത്. 1924–ൽ അൽ റാസിയുടെ ഗ്രന്ഥങ്ങളുടെ ഈ കാറ്റലോഗ് ജർമ്മൻ ഭാഷയിൽ പ്രസിദ്ധീകരിച്ചിരുന്നു.

നിരീക്ഷണ പ്രധാനമായിരുന്നു അൽ റാസിയുടെ ചികിത്സാരീതി. രോഗത്തിന്റെ സുദീർഘമായ ക്ലിനിക്കൽ ഹിസ്റ്ററി അദ്ദേഹം രേഖപ്പെടുത്തുമായിരുന്നു. രോഗനിർണ്ണയത്തിനും (diagnosis) രോഗത്തെപറ്റിയുള്ള പൂർവ്വാനുമിതി (Prognosis) നും അദ്ദേഹം വളരെ പ്രാധാന്യം നൽകി. അതായത് രോഗത്തെപറ്റി സൈദ്ധാന്തികമായ വിലയിരുത്തലിനേക്കാൾ പ്രായോഗിക നിരീക്ഷണവും തദനുസൃതമായ ചികിത്സയുമായിരുന്നു അദ്ദേഹത്തിന്റെ രീതി.

## കിതാബ് അൽഹാവി

അൽ റാസിയുടെ പ്രസിദ്ധ ഗ്രന്ഥമാണ് കിതാബ് അൽ ഹാവി (സമഗ്രപുസ്തകം). അതിൽ ഗ്രീക്ക് – ഭാരതീയ – അറബ് വൈദ്യങ്ങളുടെ സാരവും, അദ്ദേഹത്തിന്റെ സ്വന്തം പ്രാക്ടീസിൽ നിന്നുള്ള അനുഭവജ്ഞാനവും ഉള്ളടങ്ങിയിരിക്കുന്നു. വൈദ്യശാസ്ത്രത്തിന്റെ വിശ്വവിജ്ഞാനകോശമെന്ന് അറിയപ്പെടുന്ന ഈ മഹദ്ഗ്രന്ഥം യൂറോപ്പിലെ നിരവധി യൂണിവേഴ്സിറ്റികളിൽ 12 മുതൽ 17–ാം നൂറ്റാണ്ടുവരെ 500 വർഷക്കാലം പാഠപുസ്തകമായിരുന്നു. ഈ കാലഘട്ടങ്ങളിൽ ഗാലനും, അൽ റാസിയും ഇബ്നു സീനയുമായിരുന്നു വൈദ്യശാസ്ത്രരംഗത്തെ മഹാ ഗുരുക്കന്മാരായി കരുതിയിരുന്നത്. 'അൽ ഹാവി' എന്ന വൈദ്യശാസ്ത്രഗ്രന്ഥം ഇറ്റലിയിലെ രാജാവായ ചാൾസ് ഒന്നാമനെ (എ.ഡി. 1220–1285)ന്റെ മേൽനോട്ടത്തിൽ സിസിലിയിലെ ജൂത പണ്ഡിതനായ ഫറാജ്ബ്നു സലീം 1279ൽ ലാറ്റിനിലേക്ക് വിവർത്തനം ചെയ്യുകയുണ്ടായി. ഇരുപത് വാല്യങ്ങളടങ്ങിയ ഈ ബൃഹദ്ഗ്രന്ഥം ഒരു വ്യക്തി എഴുതിയ ലോകത്തിലെ ഏറ്റവും വലിയ ഗ്രന്ഥമാണ്. എ.ഡി. 1395ൽ പാരീസിലെ മുഴുവൻ ലൈബ്രറിയിലേയും ഗ്രന്ഥങ്ങൾ 'അൽ ഹാവി'യുടെ ഒൻപത് വാല്യത്തിനൊപ്പമെ വരുമായിരുന്നുള്ളൂവെന്ന് ലോകപ്രശസ്ത ചരിത്രകാരനായ വിൽ ഡ്യൂറൻറ് ചൂണ്ടിക്കാട്ടുകയുണ്ടായി.



അൽറാസിയുടെ 'അൽഹാവി' എന്ന വൈദ്യശാസ്ത്ര ഗ്രന്ഥത്തിന്റെ ലാറ്റിൻ പരിഭാഷ

സിഗ്മണ്ട് ഫ്രോയിഡ് സൈക്കോതെറാപ്പി ചികിത്സ നടത്തുന്നതിനേക്കാൾ ആയിരം വർഷങ്ങൾക്ക് മുമ്പ് അൽ റാസി അവതന്റെ ചികിത്സാസമ്പ്രദായത്തിൽ ഉപയോഗിച്ചിരുന്നു. അദ്ദേഹത്തിന്റെ കാലത്തെ ഖലീഫ ഒരിക്കൽ കഠിനമായ വാതരോഗത്തിന് വിധേയനായി നടക്കാൻ വയ്യാതെയായി. അൽ റാസി അദ്ദേഹത്തോട് ചൂട് വെള്ളത്തിൽ കുളിക്കാൻ നിർദ്ദേശിച്ചു. ഖലീഫ ചൂടുവെള്ളത്തിൽ കുളിച്ചുകൊണ്ടിരിക്കെ റാസി നിവർത്തിപ്പിടിച്ച ഒരു കഠാരിയു മായി വന്ന് കൊല്ലുമെന്ന് ഭീഷണിപ്പെടുത്തി. ഖലീഫ ഭയപ്പെട്ട് ജീവനും കൊണ്ടോടി. ചൂടുവെള്ളം കൊണ്ട് മൃദുവായി



തീർന്ന കാൽമുട്ടിന്റെ പേശി ആ ഓട്ടത്തോടുകൂടി കൂടുതൽ മൃദുവാകുകയും വാതരോഗം സുഖപ്പെടുകയും ചെയ്തു.

അൽ റാസി പല വൈദ്യശാസ്ത്രശാഖകളുടേയും അഗ്രഗാമിയായിരുന്നു. ശിശുരോഗചികിത്സ, പ്രസവചികിത്സ, നേത്രരോഗം എന്നീ വൈദ്യശാസ്ത്ര മേഖലകളായിരുന്നു അവ. 'കിതാബ് അൽ മൻസൂറി', 'കിതാബ് അൻ ഹാവി', 'കിതാബ് അൽ മുലൂക്കി', 'കിതാബ് അൽ ജുദ്റി വൽ ഹസാബ' എന്നീ ഗ്രന്ഥങ്ങളാണ് അദ്ദേഹത്തിന് വൈദ്യശാസ്ത്രത്തിൽ ശാശ്വത പ്രതിഷ്ഠ നേടിക്കൊടുത്തത്. ഭക്ഷണക്രമത്തിലൂടെ രോഗചികിത്സ നടത്തുക എന്ന ചികിത്സ അദ്ദേഹത്തിന്റെ ഒരു പ്രത്യേക രീതിയായിരുന്നു. അദ്ദേഹം തന്റെ ഔഷധ ചികിത്സ ആദ്യം മൃഗങ്ങളിൽ പരീക്ഷിക്കുകയും പാർശ്വഫലങ്ങളില്ല എന്ന് ഉറപ്പ് വരുത്തിയതിന് ശേഷം മനുഷ്യരിൽ പ്രയോഗിക്കുകയുമായിരുന്നു ചെയ്തത്.

അൽറാസി വൈദ്യത്തിൽ പല സാങ്കേതിക രീതികളുടേയും കൂടി ഉപജ്ഞാതാവായിരുന്നു. ആന്റിസെപ്ടിക് എന്ന രീതിയിൽ ആൽക്കഹോൾ ആദ്യമായി ഉപയോഗിച്ചത് അദ്ദേഹമായിരുന്നു. അത് പോലെ അനസ്തേഷ്യ നൽകാൻ ആദ്യമായി ഓപിയം (കറുപ്പ്) ഉപയോഗിച്ചതും അദ്ദേഹമായിരുന്നു. മെർക്കുറി വയറിളക്കുന്നതിന് ഉപയോഗിച്ചത് അൽ റാസിയായിരുന്നു. മനുഷ്യരിൽ ഇത് പ്രയോഗിക്കുന്നതിന് മുമ്പായി അദ്ദേഹം ഇത് കുരങ്ങുകളിൽ പ്രയോഗിച്ചു ഫലം സ്ഥിരീകരിക്കുകയുണ്ടായി. മദ്ധ്യകാലഘട്ടത്തിൽ ഇത് 'Album Rhases' എന്നായിരുന്നു അറിയപ്പെട്ടിരുന്നത്. മൂത്രസഞ്ചിയിൽ കല്ല് കണ്ടെത്തിയ ആദ്യത്തെ ഫിസിഷ്യനായിരുന്നു അൽ റാസി. തിമിരശസ്ത്രക്രിയയെപ്പറ്റി ഏറ്റവും സൂക്ഷ്മമായ വിവരണം ആദ്യമായി നൽകിയത് അദ്ദേഹമായിരുന്നു. കണ്ണിലെ കൃഷ്ണമണി പ്രകാശതീവ്രതക്കനുസൃതമായി ചുരുങ്ങുകയും വികസിക്കുകയും ചെയ്യുന്നതിനെ സംബന്ധിച്ച് ശാസ്ത്രീയ വിശദീകരണം ആദ്യമായി നൽകിയതും അദ്ദേഹമായിരുന്നു. പ്രകാശത്തിന്റെ തീവ്രതയ്ക്കനുസരിച്ച് പ്രതിപ്രവർത്തിക്കുന്ന ലോലമായ പേശികളാണ് ഇതിന് കാരണമെന്ന് അദ്ദേഹം കണ്ടെത്തി. അദ്ദേഹത്തിന്റെ നേത്ര ചികിത്സാഗ്രന്ഥം ക്രി. വ. 1900ൽ ഡബ്ലിയു. ബർണർ ജർമ്മൻ ഭാഷയിലേക്ക് വിവർത്തനം ചെയ്യുകയുണ്ടായി. അദ്ദേഹമാണ് ആദ്യമായി മൃഗങ്ങളുടെ കുടൽമാല നൂലാക്കി ഉപയോഗിച്ചുകൊണ്ട് ശസ്ത്രക്രിയയുടെ മുറിവ് തുന്നികെട്ടിയത്. എല്ലുപൊട്ടിയാൽ പ്ളാസ്റ്റർ ഓഫ് പാരീസ് ഉപയോഗിച്ച് അത് യോജിപ്പിച്ച് ചികിത്സിച്ചതും ആദ്യമായി അദ്ദേഹമായിരുന്നു. മൂത്രം പരിശോധിച്ച് ചികിത്സ നിർണ്ണയിക്കുന്ന രീതി യും അൽ റാസിയാണ് ആദ്യമാ യി ആവിഷ്കരിച്ചത്. ചിലപ്പോൾ അദ്ദേഹം രോഗിയെ കാണുക കൂടി ചെയ്തില്ല. മൂത്രവാർച്ച, ലൈംഗികരോഗങ്ങൾ, വൃക്കസംബന്ധമായ രോഗങ്ങൾ തുടങ്ങി യൂറോളജിയിലും അദ്ദേഹം നിരവധി പഠന നിരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്. ഹേഫീവർ (Hay fever) അലർജി കൊണ്ടുണ്ടാകുന്ന തുമ്മലും മറ്റു നാസികരോഗങ്ങളെ (Allergic rhicitis) സംബന്ധിച്ചും അദ്ദേഹം വിശദീകരിക്കുകയുണ്ടായി.

മധ്യകാലഘട്ടത്തിൽ ഒരു മെഡിക്കൽ വിദ്യാർത്ഥി ഹിപ്പോക്രാറ്റിന്റെ നീതിസാരങ്ങൾ (Apporism of Hippocrate) ഹുനൈൽ ഇബ്നു ഇശാക്കിന്റ ചോദ്യങ്ങൾ, അൽ റാസിയുടെ പഠന സഹായി (Guide ofAl Razi) സാബിത്ബ്നു ഖുർറയുടെ ജ്ഞാനസമ്പത്ത് (Treasury of Sabit ibn Qurra), അൽ റാസിയുടെ അൽമൻസൂറി (Al Mansuri of Al Razi) ഗാലന്റെ നിബന്ധങ്ങൾ (Treats of Galan) അൽ റാസിയുടെ കിതാബ് അൽഹാവി (Kitab al-Hawi of Al Razi) ഇബ്നുസീനയുടെ അൽശിഫ (Al-Shifa of Ibn Sina) എന്നീ ഗ്രന്ഥങ്ങളായിരുന്നു പഠിച്ചിരുന്നത്.

പരീക്ഷണ പടുവായ ശാസ്ത്രജ്ഞൻ ജാബിർ ഇബ്നു ഹയ്യാൻ (പാശ്ചാത്യരുടെ ജബർ) അൽ റാസിയെ അഗാധമായി സ്വാധീനിച്ചിരുന്നു. അൽ റാസി സ്വതന്ത്രമായി രസതന്ത്രവിജ്ഞാനീയം വികസിപ്പിച്ചെടുത്തു. അദ്ദേഹത്തിന്റെ 'സിർറെ അൽ ഇസ്റാർ (രഹസ്യങ്ങളുടെ രഹസ്യം) എന്ന പുസ്തകം ലാറ്റിനിലേക്ക് Secretorum Bubacaris എന്ന പേരിൽ വിവർത്തനം ചെയ്യപ്പെട്ടിരുന്നു. അതിൽ സ്വേദനം (Distilation), ലോഹങ്ങളുടെ അപദ്രവ്യങ്ങൾ ചൂടാക്കി നീക്കം ചെയ്യൽ (Calcination), ക്രിസ്റ്റലീകരണം (Crystalisation) മുതലായ രാസപ്രവർത്തനങ്ങൾ വിശദീകരിച്ചിട്ടുണ്ട്. അദ്ദേഹം തന്റെ പരീക്ഷണശാലയിൽ ഉപയോഗിച്ച ബീക്കർ, കത്രിക, കൊടിൽ, മോട്ടാർ, പെസിൽ മുതലായ 25 ഉപകരണങ്ങളെപറ്റി വിവരിക്കുന്നുണ്ട്. സൾഫ്യൂറിക്കാസിഡ് കണ്ടുപിടിച്ചത് അൽറാസിയാണ്. ജൈവവും അജൈവവുമായ വസ്തുക്കളുടെ അടിസ്ഥാന രാസവസ്തുക്കളെ പറ്റി അദ്ദേഹത്തിന് അറിവുണ്ടായിരുന്നു. എല്ലാ ജൈവവസ്തു

ക്കളും കോശങ്ങൾ കൊണ്ട് നിർമ്മിക്കപ്പെട്ടിരിക്കുന്നു എന്ന് അദ്ദേഹം വെളിപ്പെടുത്തി.

അമേരിക്കയിലെ ന്യൂ ജഴ്സിയിലെ പ്രിസ്റ്റൺ യൂണിവേഴ്സിറ്റിയിലെ ഒരു ചർച്ചിൽ ശാസ്ത്രത്തിന് ചെയ്ത സംഭാവനകളെ അനുസ്മരിച്ചുകൊണ്ട് അനശ്വരരായ രണ്ട് മുസ്‌ലിം ശാസ്ത്രജ്ഞന്മാരുടെ ചിത്രങ്ങൾ തൂക്കിയിട്ടിരിക്കുന്നു. അത് അൽ റാസിയുടേയും, അവിസെന്നയുടേയുമാണ്. ഇസ്‌ലാമിന്റെ ഈ വിഖ്യാത പുത്രന്റെ രചനകൾ പൗരസ്ത്യഭാഷകളിൽ വിരളമായേ ഉള്ളൂ. പക്ഷേ അൽ റാസിയുടെ സംഭവബഹുലമായ ജീവിതത്തെപറ്റി നിരവധി ആധികാരികമായ പുസ്തകങ്ങൾ ഇംഗ്ലീഷ്, ജർമ്മൻ ഭാഷകളിലുണ്ട്. ഉദാഹരണത്തിന് 1911ൽ പ്രസിദ്ധീകരിച്ച പ്രൊഫ: മാക്സ് ന്യൂബർഗറുടെ 'Die Gschichte de Medizin' എന്ന പുസ്തകത്തിലെ ഒരദ്ധ്യായം അൽ റാസിയെ പറ്റിയാണ്. 1913ൽ പ്രസിദ്ധീകരിച്ച ജോർജ്ജ് റാൻങ്കിംങ്ങിന്റെ 'The Life and Works of Razhes' റാസിയെ പറ്റിയുള്ള നല്ല പുസ്തകമാണ്.

അൽറാസിക്ക് പ്രതിഭാശാലികളായ ശിഷ്യന്മാരുണ്ടായിരുന്നു. അവർ അദ്ദേഹത്തെ രണ്ടാം ഗാലൻ ആയിക്കണ്ടു. തലമുറകൾക്കുള്ള വിജ്ഞാന സ്രോതസ്സായിരുന്നു അദ്ദേഹത്തിന്റെ വൈദ്യശാസ്ത്രഗ്രന്ഥങ്ങൾ. അദ്ദേഹത്തിന്റെ രചനകളിൽ നിന്നുള്ള ഉദ്ധരണികൾ നോക്കുക.

*'വൈദ്യശാസ്ത്രത്തിന് സത്യം എന്നത് എത്തിപ്പിടിക്കാൻ കഴിയാത്ത ലക്ഷ്യവും കലയുമാണ്. ചിന്താശാലിയും പ്രയോഗപടുവുമായ ഒരു വൈദ്യശാസ്ത്രവിശാരദന്റെ പുസ്തകങ്ങളിൽ അവ ആവിഷ്ക്കരിക്കപ്പെട്ടിരിക്കുന്നു.*

*രോഗത്തിന്റെ തുടക്കത്തിൽ അതിനെ പ്രതിരോധിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ വലിയ വിജ്ഞാനങ്ങളുടെ ആവശ്യമില്ല. നിങ്ങൾക്കത് മരുന്നുകളുപയോഗിക്കാതെ ഭക്ഷണക്രമം കൊണ്ട് സുഖപ്പെടുത്താം. സങ്കീർണ്ണതകളില്ലാത്ത ലളിതമായ നടപടികളിലൂടെ അത് സാധ്യമാകും.*

*ബുദ്ധിമാനായ ഭരണാധികാരിയോട് ഉപദേശിക്കാനുള്ളത് അയാൾ തന്റെ ഭിഷഗ്വരനെ ഉത്കണ്ഠാകുലനാക്കരുത്, അദ്ദേഹത്തെ സന്തോഷവാനാക്കുക. സമൂഹത്തിലും അത് പോലെ പെരുമാറുക. മാറാരോഗങ്ങളുടെ ശമനം അദ്ദേഹത്തിന്റെ ഉത്തരവാദിത്വത്തിൽപെട്ടതല്ല. തെറ്റുകൾക്കും പിഴവുകൾക്കും വൈദ്യൻ ഉത്തരവാദിയല്ല.*

*ഒരു ചികിത്സകൻ അയാളുടെ രോഗിയോട് രോഗത്തോട് ബന്ധപ്പെട്ട എല്ലാവിവരങ്ങളും ആരായാൻ മറക്കരുത്. രോഗത്തെ സംബന്ധിച്ചുള്ളതും അതിനുപുറത്തുള്ളതുമായ ചോദ്യങ്ങൾ ചോദിക്കണം. അയാൾ രോഗിയെ മരുന്നിനേക്കാൾ പ്രാധാന്യം നൽകി പോഷകമൂല്യമുള്ള ഭക്ഷണത്തിലൂടെ ചികിത്സിക്കുകയാണെങ്കിൽ അതായിരിക്കും ഏറ്റവും ഉത്തമം.*

*ഒരു ചികിത്സകൻ രോഗശമനത്തെകുറിച്ചും രോഗശമനത്തിലെ പുരോഗതിയെക്കുറിച്ചും തന്റെ രോഗിയെ എപ്പോഴും പറഞ്ഞു ബോധ്യപ്പെടുത്തിക്കൊണ്ടിരിക്കണം. പ്രതീക്ഷ നൽകുകയും വേണം. രോഗിയുടെ മനോനില ശരീരത്തെ വമ്പിച്ച തോതിൽ സ്വാധീനിക്കുന്നു.*

## വൈദ്യസാഹിത്യസംഭാവനകൾ

അൽ റാസിയുടെ പ്രത്യേക ശൈലി ശ്രദ്ധേയമാണ്. ഗ്രീക്ക്, സുറിയാനി, പേർഷ്യൻ, ഇന്ത്യൻ വിജ്ഞാനങ്ങളിലെ അഭിപ്രായങ്ങൾ അവതരിപ്പിക്കുകയും പിന്നീട് തന്റെ വീക്ഷണം അവതരിപ്പിക്കുകയുമാണ് അദ്ദേഹത്തിന്റെ രീതി. ഈ സ്വതന്ത്രരീതി വളരെ നിർണ്ണായകമായ കണ്ടെത്തലുകൾ നടത്താൻ അദ്ദേഹത്തിന് സഹായകമായി. വസൂരിയും അഞ്ചാംപനിയും തമ്മിലുള്ള വ്യത്യാസം അൽ റാസി തിരിച്ചറിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ 'കിതാബ് അൽ ജുദ്‌രി വൽ ഹസ്ബ' എന്ന ഗ്രന്ഥമാണ് അൽ റാസിക്ക് അനശ്വര കീർത്തി സമ്മാനിച്ചത്. വൈദ്യശാസ്ത്രസാഹിത്യത്തിലെ രത്നഭൂഷണമായി അത് കണക്കാക്കപ്പെടുന്നു. എപിഡമിയോളജി (Epidemiology-) ഒരു സമൂഹത്തിലെ രോഗങ്ങളുടെ ആവൃത്തിയേയും പകർച്ചയേയും സ്വാധീനിക്കുന്ന വിവിധ ഘടകങ്ങളെക്കുറിച്ചുള്ള പഠനം) വിഭാഗത്തിലെ ഏറ്റവും സുപ്രധാനമായ ഒരു രചനയാണ് അദ്ദേഹത്തിന്റെ ഈ പുസ്തകം. വസൂരിയെക്കുറിച്ചുള്ള ചരിത്രത്തിലെ ആദ്യത്തെ പഠനവും ആ ഗ്രന്ഥത്തിലുണ്ട്. വസൂരിയേയും അഞ്ചാംപനിയേയും തുടക്കത്തിൽ വേറിട്ടു മനസ്സിലാക്കി ചികിത്സിക്കാനുള്ള ഉപാധികൾ അദ്ദേഹം ഈ പുസ്തകത്തിൽ നിർദ്ദേശിക്കുന്നു. നിരവധി വർഷത്തെ ക്ലിനിക്കൽ പരിചയത്തിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹം ചികിത്സകൾ നിർണ്ണയിക്കുന്നത്. അദ്ദേഹത്തിന്റെ ഈ കൃതി രോഗനിരീക്ഷണത്തിന്റെയും ക്ലിനിക്കൽ വിശകലനരീതിയുടെയും ഒരു മാസ്റ്റർ പീസായി നൂറ്റാണ്ടുകളോളം നില കൊണ്ടു. അദ്ദേഹം വിവരിക്കുന്നു.

*'നിരന്തരമായ പനി, പുറംവേദന, മൂക്ക് ചൊറിച്ചിൽ, ഉറങ്ങുമ്പോൾ വിറക്കൽ മുതലായവയോടെയാണ് വസൂരി രോഗത്തിന്റെ തുടക്കം. വസൂരിയുടെ മുഖ്യഅടയാളങ്ങൾ പുറം വേദനയോടുകൂ*



*ടിയ പനി, ദേഹമാസകലം കത്തുന്ന വേദന, മുഖത്ത് രക്താധിക്യം, ചിലപ്പോൾ വലിഞ്ഞുമുറുകൽ, കവിളുകളിലും കണ്ണിലും അസാധാരണമായ ചുവപ്പ്, ശരീരത്തിൽ സമ്മർദ്ദമനുഭവപ്പെടുക, തൊണ്ടയിലും നെഞ്ചിലും വേദന, ശ്വാസം കഴിക്കാനുള്ള ബുദ്ധിമുട്ട്, ചുമ, വായിൽ വരൾച്ച, കൊഴുത്ത ഉമിനീർ, വരണ്ട ശബ്ദം, തലവേദന, തലപ്പെരുപ്പം, ഉത്കണ്ഠ, ഭീതി, മനംപിരട്ടൽ, അസ്വസ്ഥത എന്നിവ വസൂരിരോഗത്തേക്കാൾ അഞ്ചാം പനിയിൽ അധികമാണ്. പുറംവേദന അഞ്ചാം പനിയേക്കാൾ വസൂരി രോഗത്തിന് കഠിനമാണ്.*

ഈ പുസ്തകം 1565 ലാണ് ആദ്യമായി ലാറ്റിനിലേക്ക് വിവർത്തനം ചെയ്തത്. അതിന് ശേഷം നിരവധി യൂറോപ്യൻ ഭാഷകളിൽ വിവർത്തനം ചെയ്യപ്പെട്ടു. 1498 മുതൽ 1866 വരെ 40 പുനഃപ്രസിദ്ധീകരണങ്ങളുണ്ടായി. അൽ റാസി 24 ഗർഭനിരോധന മുറകൾ ഈ പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. അതിൽ ഔഷധപ്രയോഗങ്ങളും സാങ്കേതിക രീതികളുമുണ്ട്. വൈദ്യശാസ്ത്ര സംബന്ധിയായി അദ്ദേഹം നടത്തിയ രചനകൾ 50–ഓളം വരും. വൈദ്യശാസ്ത്രത്തിലെ മറ്റൊരു കൃതി 'കിതാബ് അൽ മൻസൂരിയാണ്. 10 വാല്യങ്ങളുള്ള ഈ കൃതി അറബ് ഗ്രീക്ക് വൈദ്യത്തിന്റെ പ്രതിപാദനമടങ്ങിയതാണ്. ഈ കൃതിയുടെ ചില ഭാഗങ്ങൾ ഫ്രഞ്ച്, ജർമ്മൻ ഭാഷകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജൂത വൈദ്യ തത്വശാസ്ത്രകാരനായ ശേം തോംബ് ആണ് ക്രി.വ. 1264ൽ ഈ ഗ്രന്ഥം ലാറ്റിനിലേക്ക് വിവർത്തനം ചെയ്തത്. 9–ാം വാല്യം ക്രി. വ. 1480 ൽ ഇറ്റാലിയൻ പണ്ഡിതനായ ജെറാർഡ് ആണ് വിവർത്തനം ചെയ്തത്. മനുഷ്യശരീരത്തിലെ വിവിധ അവയവങ്ങളുടെ അനാട്ടമിയെക്കുറിച്ച് വിശദമായ വിവരണങ്ങൾ ഈ ഗ്രന്ഥത്തിലുണ്ട്. നട്ടെല്ലിനെക്കുറിച്ച് സൂക്ഷ്മവിവരങ്ങളാണ് ഇതിൽ നൽകിയിരിക്കുന്നത്. വിവിധ അവയവങ്ങൾ നാഡീവ്യൂഹത്താൽ ബന്ധിതമായതിനാൽ നട്ടെല്ലിനോ മസ്തിഷ്കത്തിനോ ഏൽക്കുന്ന ആഘാതങ്ങൾ പക്ഷാഘാതത്തിന് കാരണമാകുമെന്ന് അദ്ദേഹം വിവരിക്കുന്നു. 16–ാം നൂറ്റാണ്ടുവരെ യൂറോപ്യൻ യൂണിവേഴ്സിറ്റികളിലെ പാഠപുസ്തകമായിരുന്നു അൽ റാസിയുടെ ഈ കൃതി.

തത്വശാസ്ത്രത്തിൽ അൽ റാസിയുടെ സംഭാവനകൾ അദ്ദേഹത്തിന്റെ വൈദ്യശാസ്ത്ര സംഭാവനകളേക്കാൾ ഒട്ടും കുറവായിരുന്നില്ല. പ്ളാറ്റോ, സ്റ്റോയിക്ക്, എപ്പിക്കൂറിയൻ തത്വശാസ്ത്രങ്ങൾ അദ്ദേഹം അഗാധമായി പഠിക്കുകയും സോക്രട്ടീസിനെ തന്റെ ഹീറോ ആയി കണക്കാക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ നിശിതമായ ചോദ്യങ്ങൾ മതമൂല്യങ്ങളുടെ നിരാസമാണെന്ന് സംശയിച്ച് യാഥാസ്ഥിക മതപുരോഹിതർ അദ്ദേഹത്തിന്റെ തത്വശാസ്ത്ര രചനകൾ നശിപ്പിക്കുകയുണ്ടായി. അദ്ദേഹം തിമിരം ബാധിച്ച് അന്ധനായി മാറിയപ്പോൾ അത് ദൈവത്തിൽ നിന്നിറങ്ങിയ ശിക്ഷയാണെന്ന് അവർ പറഞ്ഞു. യുക്തിബോധം ആത്മവികാസത്തിന് അനിവാര്യമാണെന്ന് ഉറച്ച് വിശ്വസിച്ച അദ്ദേഹം മറ്റെല്ലാ മുസ്‌ലിം തത്വശാസ്ത്രജ്ഞന്മാരിൽ നിന്നും വ്യതിരിക്തനായി നില്ക്കുന്നു. അദ്ദേഹത്തിന്റെ 'ആത്മീയ മനസ്സ്' എന്ന പുസ്തകത്തിൽ ദൈവം മനുഷ്യന് നൽകിയ ഏറ്റവും അനുഗൃഹീതമായ വരദാനമാണ് യുക്തി എന്ന് സ്തുതിച്ച് പറയുന്നുണ്ട്. യുക്തിയെ കൂടാതെ നമ്മുടെ സ്ഥാനം മൃഗങ്ങൾക്ക് തുലവും. ഭ്രാന്തന് സമവുമാണ്. യുക്തിക്ക് ഉന്നത സ്ഥാനമാണ് അദ്ദേഹം കല്പിച്ചത്. 'യുക്തിയെ അതിന്റെ ഉന്നതസ്ഥാനത്ത് നിന്നും താഴ്ന്നുവരുവാൻ അനുവദിക്കരുത്. വികാരത്തെ യുക്തിക്ക് മുകളിൽ ഒരിക്കലും ഭരിക്കാൻ അനുവദിക്കരുത്. വികാരം യുക്തിയെ കളങ്കപ്പെടുത്തുന്നു. ബുദ്ധിമാനായ മനുഷ്യനെ വികാരം യഥാർത്ഥ പാതയിൽ വഴി നടത്തില്ല.'

Islam and Science എന്ന പുസ്തകത്തിൽ പ്രൊഫ: ഹുഡ് ബോയ് അൽ റാസിയെ മഹാനായ മതനിന്ദകനായാണ് വാഴ്ത്തിയത്. അൽറാസിയുടെ അസാമാന്യമായ മതവീക്ഷണങ്ങൾ അക്കാലത്തെ മുസ്‌ലിംകൾക്ക് പഥ്യമായിരുന്നില്ല. പിൽക്കാല പണ്ഡിതന്മാർ അദ്ദേഹത്തിന്റെ അപാരമായ പാണ്ഡിത്യത്തിൽ വിസ്മയം കൊള്ളുകയും വെളിപാടുകളേക്കാൾ യുക്തിക്ക് അദ്ദേഹം കല്പിച്ച പ്രാമാണ്യത്തെ പ്രതി മതനിന്ദകനായി കരുതുകയും ചെയ്തിട്ടുണ്ട്. ഈ അസാധാരണമായ നിലപാടുകൾക്ക് അദ്ദേഹത്തിന് വമ്പിച്ച വില നൽ കേണ്ടിവന്നിട്ടുണ്ട്. തന്റെ വിലപ്പെട്ട രചനകളെല്ലാം തമസ്കരിക്കപ്പെട്ടു. അൽ ബറൂനി പോലും അദ്ദേഹത്തിന്റെ യാഥാസ്ഥിക യജമാനന്മാരെ തൃപ്തിപ്പെടുത്താൻ അൽ റാസിയെ തുറന്ന് എതിർക്കുകയുണ്ടായി. അൽ റാസിക്ക് അന്ധത ബാധിച്ചത് ബുഖാറയിലെ യാഥാസ്ഥികനായ ഒരു അമീർ അദ്ദേഹത്തിന് നൽകിയ ശിക്ഷ മൂലമായിരുന്നുവെന്ന് പറയപ്പെടുന്നു. കോപാകുലനായ അമീർ അൽ റാസി എഴുതിയ പുസ്തകം കൊണ്ട് പരിക്ക് പറ്റുന്നത് വരെ അദ്ദേഹത്തിന്റെ തലക്കടിക്കാൻ കല്പിച്ചുവത്രെ. അതിന് ശേഷമാണ് അൽ റാസിക്ക് കാഴ്ചശക്തി നഷ്ടപ്പെ



ട്ടത്. അതോടെ അദ്ദേഹത്തിന് ജീവിതത്തോടുള്ള അഭിനിവേശവും നഷ്ടപ്പെട്ടു. നേത്രരോഗവിദഗ്ധൻ ഒരു ഓപ്പറേഷൻ നടത്തി കാഴ്ച വീണ്ടെടുക്കാൻ അദ്ദേഹത്തോട് പറഞ്ഞുവെങ്കിലും അൽറാസിയുടെ പ്രതികരണം ഇപ്രകാരമായിരുന്നു. 'ഈ ലോകം ഞാൻ മതിയാവോളം കണ്ടു. കൂടുതൽ കാണാൻ വേണ്ടി ഒരു ശസ്ത്രക്രിയ വേണമെന്നില്ല. 82-ാം വയസ്സിൽ (ക്രി. വ. 926)ൽ അദ്ദേഹം ഇറാനിൽ വെച്ച് ദിവംഗതനായി.

ജോർജ്ജ് സാർട്ടൺ തന്റെ Introduction to the History of Science എന്ന പുസ്തകത്തിൽ അൽറാസിയെ സംബന്ധിച്ച് അനുസ്മരിക്കുന്നു: അൽറാസി ഇസ്ലാമിക വൈദ്യശാസ്ത്രത്തിന്റെയും മദ്ധ്യകാലഘട്ടത്തിന്റേയും മഹാനായ പ്രതിഭയാണ്. Encyclopaedia of islam അൽറാസിയെ 17-ാം നൂറ്റാണ്ടുവരെ വൈദ്യശാസ്ത്രത്തിന്റെ അനിഷേധ്യനായ ആധികാരികവക്താവായിരുന്നു എന്ന് നിരീക്ഷിച്ചിട്ടുണ്ട്. 1970 മെയ് മാസം ലോകാരോഗ്യ സംഘടന (WHO) വസൂരിയെപറ്റിയും അഞ്ചാംപനിയെപറ്റിയുമുള്ള അദ്ദേഹത്തിന്റെ രചനകൾ മൗലികവും സൂക്ഷ്മവുമായിരുന്നുവെന്നും പകർച്ചവ്യാധികളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പ്രബന്ധങ്ങൾ ശാസ്ത്രചരിത്രത്തിൽ ആദ്യത്തേതായിരുന്നുവെന്നും നിരീക്ഷിച്ചിട്ടുണ്ട്.

(വി.വ. എ.എം)

References

1. History of Medicine: English Translation of Prof. Max Neuberger's book 1910 Available at Queens University, Canada.
2. The spiritual physcle of Rhazes. English Translation by A.J. Arbery London.
3. Age of Faith. History of Medeaval Civilization. 325-1500 Will Durand
4.Islam and Science by Pervaz Hoodbough Newyork.
5. Islam and Arab World - Burnard Lewis.



# കോഡക്

**ബൈബിൾ പുതിയ നിയമത്തിലെ**
**പ്രതിയാണ് ഒന്നരനൂറ്റാണ്ട് മു**
**ബൈബിളും കോഡക്**

**ബൈ**ബിൾ പുതിയ നിയമത്തിന്റെ ഏറ്റവും ആധികാരികവും പൗരാണികവുമായ കൈയെഴുത്ത് പ്രതിയാണ് കോഡക്സ് സിനായിറ്റിക്കസ്. നിലവിലുള്ള ബൈബിളും ഈയ്യിടെ കണ്ടെടുത്ത കോഡക്സ് സിനായിറ്റിക്കസും തമ്മിൽ വമ്പിച്ച അന്തരങ്ങളുണ്ട്.

ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾ ഉപയോഗിച്ച ബൈബിൾ (സെപ്താജന്റ്) പഴയനിയമത്തിന്റെ ഗ്രീക്ക് പരിഭാഷയായിരുന്നു. അക്കാലത്ത് ബൈബിൾ വലിയ ചുരുളുകളുടെ അടുക്കുകളായിട്ടായിരുന്നു ശേഖരിക്കപ്പെട്ടിരുന്നത്. കൈകാര്യം ചെയ്യാനും ഉപയോഗിക്കാനും വളരെ ബുദ്ധിമുട്ടുള്ളതും വിലക്ഷണവുമായിരുന്നു അവ. ക്രിസ്ത്യാനികളായിരുന്നു ആദ്യമായി ബൈബിളിന്റെ കോഡക്സ് (Codex) അഥവാ സ്റ്റാൻഡേർഡ് ഗ്രന്ഥരൂപം നിർമ്മിച്ചത്. ബൈബിളിന്റെ ചുരുളുകളിൽ നിന്നും അടുക്കുകളിലേക്കും അടുക്കുകളിൽ നിന്ന് പുസ്തക രൂപത്തിലേക്കുമുള്ള രൂപാന്തരണത്തിന് ആയിരത്തോളം വർഷങ്ങളെടുത്തിരുന്നു. പുതിയനിയമത്തിന്റെ മൂലകൃതി എഴുതപ്പെട്ടത് ഗ്രീക്കിലാണ്. ഒന്നും രണ്ടും നൂറ്റാണ്ടുകളിൽ അന്തിയോക്യയിലെ ക്രിസ്ത്യാനികളുടെ രചനകളിൽ നിന്നാണ് ബൈബിൾ പഴയ നിയമവും പുതിയനിയമവും രൂപപ്പെട്ടത്.

പുതിയ നിയമങ്ങൾ അടങ്ങിയ ധാരാളം ബൈബിൾ കൈയെഴുത്തു പ്രതികൾ എ. ഡി. 500 ലാണ് ഐക്യ രൂപമുള്ള ബൈബിളായി മാറിയത്. 1516ൽ ആദ്യത്തെ അച്ചടിച്ച ഗ്രീക്ക് ബൈബിൾ പ്രസിദ്ധീകൃതമായി. ഡച്ച് പണ്ഡിതനായ ഇറാസ്മസ് (Erasmus) ആണ് ഇത് തയ്യാറാക്കിയത്. അതുവരെ ആരും തന്നെ ബൈബിളിന്റെ സൂക്ഷ്മതയെപ്പറ്റി ചോദ്യം ചെയ്തിരുന്നില്ല. പതിനാറാം നൂറ്റാണ്ടിൽ ഗ്രീക്ക് ബൈബിൾ പുതിയ നിയമത്തിന്റെ സ്റ്റാൻഡേർഡ് എഡിഷനിൽ നിന്നും വ്യത്യസ്തമായ മറ്റു പതിപ്പുകൾ ഇറക്കി. അതിൽ കൈയെഴുത്തു പ്രതികളിൽ കണ്ട വ്യത്യാസങ്ങൾ കുറിപ്പുകളായി രേഖപ്പെടുത്തിയിരുന്നു. പ്രത്യേകിച്ച് സ്റ്റെഫാന്യൂസിന്റെ പാഠഭാഗത്തിലെ പ്രധാനപ്പെട്ട ഉദാഹരണങ്ങളോടെയുള്ളതായിരുന്നു അവ.

കിംഗ് ജെയിംസ് പതിപ്പിന്റെ പരിഭാഷ, (1611) യൂറോപ്പിൽ പുതിയ നിയമത്തിലെ സ്റ്റാൻഡേർഡ് പതിപ്പായിത്തീർന്ന എൽസവീർ എഡിഷൻ (Elzevir Edition - AD 1633) എന്നീ രണ്ടു പതിപ്പുകളാണ് 'ലഭിക്കപ്പെട്ട പാഠങ്ങൾ' (Received Text അഥവാ Texus Receptions) എന്ന പേരിൽ അറിയപ്പെടുന്നത്.

18, 19 നൂറ്റാണ്ടുകളിലാണ് പണ്ഡിതന്മാർ ബൈബിൾ പുതിയ നിയമത്തിന്റെ ചരിത്രത്തിലേക്ക്

# സ് സിനായിറ്റിക്കസ്

ന്റ ഏറ്റവും ആധികാരികവും പൗരാണികവുമായ കൈയെഴുത്ത്
മുമ്പ് കണ്ടെടുത്ത കോഡക്സ് സിനായിറ്റിക്കസ്. നിലവിലുള്ള
സ് സിനായിറ്റിക്കസും തമ്മിൽ വമ്പിച്ച അന്തരങ്ങളുണ്ട്.

നവിദാ ശാഹിദ്

ആഴ്ന്നിറങ്ങിയത്. അപ്പോഴാണ് പുതിയ നിയമത്തിന്റെ പൂരാതന കൈയെഴുത്ത് പ്രതികളെല്ലാം സ്റ്റാൻഡേർഡ് കൃതിയുമായി വളരെയേറെ വ്യത്യാസമുള്ളതായി കാണപ്പെട്ടത്. ആ സന്ദർഭത്തിൽ അതിൽ ഏതു പ്രതിയാണ് കൂടുതൽ പഴയത് എന്ന ചോദ്യം ഉയർന്നുവരികയുണ്ടായി. മറ്റുചിലർ കൈയെഴുത്തു പ്രതികളെല്ലാം അതിന്റെ സാമ്യതകളുടെ അടിസ്ഥാനത്തിൽ ഗ്രൂപ്പുകളായും കുടുംബങ്ങളായും തിരിക്കാമെന്ന് കണ്ടു. കൂടുതൽ പഴക്കമുള്ള അലക്സാണ്ട്രിയൻ കൈയെഴുത്തു പ്രതികളും പാശ്ചാത്യ കൈയെഴുത്തു പ്രതികളുമാണ് 5-ാം നൂറ്റാണ്ടിൽ നിലവിൽ വന്ന സ്റ്റാൻഡേർഡ് ബൈബിൾ മൂലകൃതിയോട് അടുത്തു നില്ക്കുന്നതെന്നു കണ്ടെത്തുകയുണ്ടായി.

അക്ഷരാർത്ഥത്തിൽ ബൈബിളിന്റെ ആയിരക്കണക്കിന് കൈയെഴുത്തു പ്രതികളുണ്ട്. അതിൽ ചിലത് യേശുവിന് ശേഷമുള്ള ഒന്നോ രണ്ടോ തലമുറകളിലെ എഴുത്തുകാർ എഴുതിയതാണ്. അവയിൽ പലതും സെന്റ് കാതറിൻ സന്യാസി മഠത്തിൽ നിന്ന് നിഗൂഢമായ നിലയിൽ കണ്ടെത്തിയതാണ്. സന്യാസി മഠത്തിന്റെ വടക്ക് ഭാഗത്തുള്ള സെന്റ് ജോർജ്ജ് ചാപ്പലിൽ ഒരു തീപ്പിടുത്തമുണ്ടായതിനെത്തുടർന്നാണ് ഈ പുരാതന കൈയെഴുത്തു പ്രതികൾ കണ്ടെത്താൻ കഴിഞ്ഞത്. അവിടെ ക്രിസ്തീയ സന്യാസികൾ ചാപ്പലിലെ കത്തിയ മരങ്ങളെല്ലാം വൃത്തിയാക്കുന്ന സന്ദർഭത്തിൽ നീളമുള്ള ഉപയോഗ ശൂന്യമായ ഒരു മുറി കണ്ടെത്തി. ആ മുറി 200 വർഷം മുമ്പ് സന്യാസി മഠത്തെ മുഴുവൻ പിടിച്ചു കുലുക്കിയ ഒരു ഭൂകമ്പത്തെ തുടർന്ന് അടഞ്ഞു പോയതായിരുന്നു. അതിൽ 2000 വർഷമായി ലോകം അറിയാത്ത ഗ്രീക്ക്, അറബിക്ക്, സുറിയാനി, അർമിനീയ, എത്തിയോപ, ജോർജിയ, ലാറ്റിൻ മുതലായ ഭാഷകളിലുള്ള പുരാതന കൈയ്യെഴുത്തു രേഖകളായിരുന്നു ഉണ്ടായിരുന്നത്.

ഈ കൈയെഴുത്തു പ്രതികളുപയോഗിച്ച് പണ്ഡിതന്മാർ കൂടുതൽ സൂക്ഷ്മതയോടെ ബൈബിൾ മൂലകൃതികൾ പുന: പ്രസിദ്ധീകരിക്കാൻ ആരംഭിച്ചു. അത്തരം ബൈബിൾ പാഠങ്ങളുടെ പഠനത്തിന്റെ പ്രാധാന്യം കണ്ടറിഞ്ഞ ഒരു ജർമ്മൻ ക്രിസ്ത്യൻ പുരോഹിതനായിരുന്നു കോൺസ്റ്റന്റയിൻ വോൺ ടിസ്ഷൻഡ്രോഫ് (Konstantin Von Tischedorf. 1815 – 1874) സീനാ പർവ്വതത്തിന്റെ അടിവാരത്തുള്ള ഒരു മൊണാസ്ട്രിയിൽ (സന്യാസി മഠം) നിന്നാണ് ഇന്നുള്ളതിൽ വെച്ചേറ്റവും കൃത്യവും സൂക്ഷ്മവും പൗരാണിക്കവുമായ ബൈബിൾ കൈയെഴുത്തു പ്രതി ലഭിച്ചത്. അതാണ് 'കോഡെക്സ് സിനായിറ്റിക്കസ്.' ബൈബിൾ പുതിയ നിയമം കൈയെഴുത്തു പ്രതികളിൽ ഏറ്റവും പരമോന്നതമാണ് ഈ കൃതി. നിലവിലുള്ള പുതിയ നിയമം ബൈബിളിന്റെ സമ്പൂർണവും ഏറ്റവും പൗരാണികവുമായ ഒരു രേഖയാണിത്. കോഡക്സ് സിനായിറ്റിക്കസിൽ പഴയ നിയമത്തിന്റെ കുറെ ഭാഗങ്ങളായിരുന്നു. പഴയ നിയമത്തിന്റെ മൂല കൃതികളുടെ 790 പേജുകൾ ഉണ്ടാവേണ്ടിയിരുന്നതിൽ 242 എണ്ണമാണുള്ളത്. 147 1/2 ഭാഗം പുതിയ നിയമവുമാണ്. ബർണബാസിന്റെ കത്തും അതിലുൾപ്പെടുന്നു. കോഡക്സ് സിനായിറ്റിക്കസ് ഇപ്പോൾ ലണ്ടൻ ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുണ്ട്.

പൗരാണികവും ആധികാരികവുമായ ബൈബിൾ ഉൾക്കൊള്ളുന്ന കോഡക്സ് സിനായിറ്റിക്കസിലെയും പിൽക്കാലത്ത് രചിക്കപ്പെട്ട ബൈബിൾ പുതിയ നിയമത്തിലെയും അന്തരങ്ങൾ ക്രിസ്ത്യാനികളെ ഞെട്ടിപ്പിക്കുന്നതാണ്. പണ്ഡിതന്മാർ ഈ കൈയെഴുത്തു പ്രതികളിൽ വർഷങ്ങളോളമായി ഗവേഷണം ചെയ്തിട്ടും അവരിൽ ചിലർക്ക് മാത്രമേ അതിന്റെ സാങ്കേതിക പദങ്ങളുടെ അർത്ഥം ഗ്രഹിക്കാൻ സാധിച്ചിട്ടുള്ളൂ.

സിനായിറ്റിക്കസ് എഴുതപ്പെട്ടതിന് ശേഷം സംശോധകർ പിൽക്കാലത്ത് മൂലപാഠത്തിൽ തന്നെ നൂറ്റാണ്ടുകളോളം മാറ്റത്തിരുത്തലുകളും കൈകടത്തലുകളും നടത്തി. അതിൽ ചിലത് കേട്ടെഴുതുമ്പോഴുള്ള പ്രമാദങ്ങളാവാം. ചിലത് നോട്ടപ്പിശക് കൊണ്ടു സംഭവിച്ചതാകാം. എന്നാൽ വിശ്വാസപരവും ആദർശപരവുമായുള്ള മാറ്റത്തിരു

ത്തലുകളും കുത്തിത്തിരുകലും കരുതിക്കൂട്ടിയുള്ളതാണ്. ബൈബിൾ പണ്ഡിതനായ ടിസ്ഷൻഡ്രോഫ് തന്നെ 14, 800 മാറ്റത്തിരുത്തലുകൾ സിനായിറ്റിക്കസിൽ നടന്നിട്ടുണ്ടെന്ന് പറയുന്നു. ചുരുക്കത്തിൽ നാലു പകർത്തിയെഴുത്തുകാർ മാത്രമല്ല 9 സംശോധകരും അതിൽ മാറ്റത്തിരുത്തലുകൾ വരുത്തിയതായി തെളിയിക്കപ്പെട്ടിട്ടുണ്ട്.

സിനായിറ്റിക്കസ് അൾട്രാവയലറ്റ് രശ്മികളുടെ പ്രകാശത്തിൽ പരിശോധിച്ചപ്പോൾ യോഹന്നാൻ 21–ാം അദ്ധ്യായം യഥാർത്ഥത്തിൽ 24–ാം വചനത്തോടെ അവസാനിക്കുന്നതായി കണ്ടെത്തി. യോഹന്നാനിലെ അവസാന വചനത്തിലെ എന്തോ വാൽക്കഷണം മായ്ച്ചുകളഞ്ഞിട്ടാണ് 25–ാം വചനം എഴുതിച്ചേർത്തത്. അത് ഇപ്രകാരമാണ്:

*'യേശു ചെയ്തത് മറ്റു പലതും ഉണ്ട്. അത് ഓരോന്നായി എഴുതിയാൽ എഴുതിയ പുസ്തകങ്ങൾ ലോകത്തിന് തന്നേയും ഒതുങ്ങുകയില്ല എന്ന് ഞാൻ നിരൂപിക്കുന്നു.'* (യോഹ: 21:24)

കോഡക്സ് സിനായിറ്റിക്കസ് എഴുതപ്പെട്ടതിന് ശേഷവും അതിന്റെ സംശോധകർ ഒരുപാട് കൂട്ടിച്ചേർത്തലുകൾ നടത്തിയിട്ടുണ്ട്. എല്ലാ സംശോധകരും അവരുടെ വിശ്വാസ സിദ്ധാന്തങ്ങൾ അതിൽ എഴുതി ച്ചേർത്ത് യഥാർത്ഥ പാഠങ്ങൾ മാറ്റിത്തിരുത്തുകയാണുണ്ടായത്. പക്ഷേ പിൽക്കാലത്തുള്ള സംശോധകർ മാറ്റത്തിരുത്തലുകൾ കണ്ടെത്തുകയും ആ തിരുത്തലുകൾ ശരിയാക്കാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. പകർത്തിയെഴുത്തുകാർ അവരുടെ ചില പകർപ്പുകളിൽ കുത്തുകളും ബ്രാക്കറ്റുകളും ഇട്ടതായി കാണുന്നു. ക്രിസ്തീയ വിശ്വാസത്തിനനുസൃതമായി മാറ്റിത്തിരുത്തും വെട്ടിത്തിരുത്തും, കുത്തിത്തിരുകലും പിൽക്കാലത്തും തുടരുകയുണ്ടായി.



**കോഡക്സ് സിനായിറ്റിക്കസ് കണ്ടെടുത്ത ഈജിപ്തിലെ സെന്റ് കാതറിൻ ചർച്ച്**

താഴെ കൊടുത്ത ഉദാഹരണങ്ങളിൽ നമുക്കിത് കാണാം.

(1) *'അവനെ ശക്തിപ്പെടുത്തുവാൻ സ്വർഗ്ഗത്തിൽ നിന്ന് ഒരു ദൂതൻ അവന് പ്രത്യക്ഷനായി. പിന്നെ അവൻ പ്രാണവേദനയിലായി. അതിശ്രദ്ധയോടെ പ്രാർത്ഥിച്ചു; അവന്റെ വിയർപ്പു നിലത്തു വീണ് വലിയ ചോരത്തുള്ളി പോലെ ആയി'* (ലൂക്കോസ്. 22: 43, 44).

ഈ പാഠഭാഗം യേശുവിന് ഒരു മാലാഖയുടെ ആവശ്യമുണ്ടെന്ന കാര്യം സ്പഷ്ടമായും സൂചിപ്പിക്കുന്നു. അദ്ദേഹം അറസ്റ്റു ചെയ്യപ്പെടുന്നതിന് തൊട്ടു മുമ്പ് അതീവ മാനസിക വ്യഥ അനുഭവിച്ചിരുന്നു. സിനായിറ്റിക്കസിൽ ഒരു പകർത്തെഴുത്തുകാരൻ ഈ വചനത്തിനരികിൽ ഇത് ഒഴിവാക്കണമെന്ന സൂചനയോടെ കുത്തുകൾ അടയാളപ്പെടുത്തിയിരിക്കുന്നു. (ഈ വചനം ക്രിസ്ത്യാനികൾക്ക് യേശുവിലുള്ള വിശ്വാസത്തെ ദുർബലപ്പെടുത്തുമെന്ന് ആ പകർത്തെഴുത്തുകാരൻ മനസ്സിലാക്കിയിട്ടുണ്ടാകാം. അതായത് ദൈവത്തിന്റെ പുത്രനും ദൈവത്തിന് സമ ശീർഷകനുമായ യേശുവിന് എന്തിനാണ് ഒരു മാലാഖയുടെ സഹായം? ഒരു മഹാത്യാഗത്തിന് ഇറങ്ങിപ്പുറപ്പെട്ട യേശുവിന് ഇങ്ങനെ മാനസിക വ്യഥ അനുഭവപ്പെട്ട ആവശ്യമെന്തെന്ന് അയാൾ ചിന്തിച്ചിരിക്കണം). പിൽക്കാലത്ത് ആ കുത്തുകൾ മറ്റൊരു പകർത്തിയെഴുത്തുകാരൻ മായ്ച്ചുകളഞ്ഞു.

(2)*'ആ നാളും നാഴികയും സംബന്ധിച്ചോ എന്റെ പിതാവു മാത്രമല്ലാതെ ആരും, സ്വർഗ്ഗത്തിലെ ദൂതന്മാരും അറിയുന്നില്ല" (മത്തായി 24:30 – ഇംഗ്ലീഷ് ഔദ്യോഗിക പതിപ്പ്).*

സിനായിറ്റിക്ക് പതിപ്പിൽ 'ആരും സ്വർഗ്ഗത്തിലെ ദൂതന്മാരും' എന്ന വചനത്തിന് ശേഷം 'പുത്രൻ പോലും (അറിയില്ല)' എന്ന വചനമുണ്ട്. ഈ വചനം കൂടി മായ്ച്ചുകളയാൻ വേണ്ടി ബ്രാക്കറ്റിൽ അടയാളപ്പെടുത്തി വെച്ചിട്ടുണ്ട്. ദൈവശാസ്ത്രപരമായ ഭീതി കാരണമാണ് ഈ വചനവും മായ്ച്ചുകളയാൻ അവർ ആലോചിച്ചത്. ഈ വചനം മൂലം യേശുവിന്റെ അറിവ് ദൈവത്തിന് സമമല്ലാതാകുമോ എന്ന് ആരെങ്കിലും കരുതിയതായിരിക്കാം ഇങ്ങനെ മായ്ച്ചുകളയാനുള്ള ചേതോവികാരം.

'ജെറോമി'*യുടെ കയ്യിൽ കൈയെഴുത്തു പ്രതി കിട്ടുന്നതിന് മുമ്പ് മത്തായി എഴുതിയ സുവിശേഷത്തിലെ 24:36–ാം വചനത്തിലെ 'പുത്രൻ പോലും (അറിയില്ല)' എന്ന വചനം മായ്ച്ചുകളയാൻ ഒരു സംശോധകൻ രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു.

ജെറോമിയുടെ നിർദ്ദേശപ്രകാരം വീണ്ടും മൂലകൃതി പരിശോധിച്ചപ്പോൾ സംശോധകനാണ് അത് മായ്ച്ചുകളയാൻ അടയാളപ്പെടുത്തിയതെന്ന് ബോദ്ധ്യപ്പെടുകയുണ്ടായി.

**(3) 'ദൈവപുത്രനായ യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ ആരംഭം' (മാർക്കോസ് 1:1)**

ബൈബിളിന്റെ സ്വീകരിക്കപ്പെട്ട പാഠങ്ങളിൽ (കിംങ്ങ് ജെയിംസ് പതിപ്പ്, എൻസഫീർ പതിപ്പ്) മേൽക്കാണിച്ച വചനത്തോടെയാണ് മാർക്കോസ് എഴുതിയ സുവിശേഷം ആരംഭിക്കുന്നത്. സിനായിറ്റിക് പതിപ്പിൽ 'ദൈവപുത്രനായ' എന്ന പദം മായ്ച്ചുകളയുകയോ തിരുത്തുകയോ ചെയ്തതായി കാണുന്നില്ല. എന്നാൽ അവിടെ ഒഴിഞ്ഞുകിടക്കുന്നതായി കാണുന്നു. ഒരു പക്ഷേ ആ പദം അവിടെ സിനായിറ്റിക്കിൽ എഴുതപ്പെട്ടിട്ടില്ലായിരിക്കാനാണ് സാധ്യത.

(4) മാർക്കോസിൽ യേശുവിന്റെ അരികിൽ ഒരു കുഷ്ഠരോഗി വന്ന് പറഞ്ഞു: **'നിനക്ക് മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധമാക്കുവാൻ കഴിയും' എന്ന് അപേക്ഷിച്ചു. യേശു മനസ്സലിഞ്ഞു കൈനീട്ടി അവനെ തൊട്ടുപറഞ്ഞു: എനിക്ക് മനസ്സുണ്ട്; ശുദ്ധമാക** (മാർക്കോസ് : 1:41–42–ഇംഗ്ലീഷ് ഔദ്യോഗികപതിപ്പ്).

സിനായിറ്റിക്ക് പതിപ്പ് ഇപ്രകാരമാണ്: **'യേശു കോപാകുലനായി, കൈനീട്ടി അവനെ തൊട്ടു പറഞ്ഞു, എനിക്ക് മനസ്സുണ്ട്; ശുദ്ധമാക'** (Jesus, angry, stretched out his hand and said I will, be clean)

* **'ജെറോമി'** എ.ഡി. നാലാം നൂറ്റാണ്ടിൽ ജീവിച്ച ജെറോം എബ്രായമൂലത്തിൽ നിന്നും ബൈബിൾ ലത്തീനിലേക്ക് ആദ്യമായി വിവർത്തനം ചെയ്ത പണ്ഡിതനാണ് – വിവ.

പിൽക്കാലത്തുള്ള പകർത്തെഴുത്തുകാർ യേശുവിൽ 'കോപാകുലത' ആരോപിച്ചാൽ മാനുഷികമായ ദൗർബല്യം യേശുവിൽ പ്രത്യക്ഷമായതായി വായനക്കാർ മനസ്സിലാക്കും. അതുകൊണ്ട് 'കോപാകുലനായി' എന്ന പദം തിരുത്തി 'മനസ്സലിഞ്ഞു' എന്ന പദം അവിടെ പകരം ചേർത്തു.

(5) യോഹന്നാന്റെ സുവിശേഷം 5–ാം അദ്ധ്യായം 1 മുതൽ 3ാം വചനം വരെ യേശു ഒരു യഹൂദ ഉത്സവത്തിൽ പോകുകയും ധാരാളം രോഗികൾ ഒരു കുളത്തിൽ കിടക്കുന്നത് കാണുകയും ചെയ്തതായി പറയുന്നു. യോഹന്നാൻ 5–ാം അദ്ധ്യായത്തിലെ 3–ാം വചനത്തിന് ശേഷം 4–ാം വചനം ഇപ്രകാരമാണ്.

**'ചില സമയങ്ങളിൽ കർത്താവിന്റെ ഒരുമാലാഖ കുളത്തിലിറങ്ങി വെള്ളം ഇളക്കും. വെള്ളം ഇളക്കിക്കഴിഞ്ഞാൽ ആ വെള്ളത്തിൽ ആദ്യം ഇറങ്ങുന്നവൻ ഏതു വ്യാധി പിടിച്ചവനായിരുന്നാലും അവനു സൗഖ്യം വരും'** എന്ന് കാണുന്നു. ഈ വചനം സിനായിറ്റിക്കസിൽ ഇല്ല.

**(6) 'മകൻ അവനോടു പറഞ്ഞു: 'അപ്പാ ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു. ഇനി നിന്റെ മകൻ എന്നു വിളിക്കപ്പെടാൻ യോഗ്യനല്ല എന്നു പറഞ്ഞു. എന്നെ നിന്റെ കൂലിക്കാരിൽ ഒരാളായി കണക്കാക്കേണമേ'. (മുടിയനായ പുത്രന്റെ ഉപമ – ലൂക്കോസ് 15:21) – കോഡക്സ് സിനായിറ്റിക്കസ്)**

പില്ക്കാലത്തുണ്ടായ എല്ലാ കൈയെഴുത്തു പ്രതികളിലും പിതാവായ ദൈവത്തെ അഭിസംബോധന ചെയ്തു യേശു സ്വയം പറഞ്ഞ 'നിന്റെ കൂലിക്കാരിൽ ഒരാളായി കണക്കാക്കേണമേ' (As one of the hired servant) എന്ന ഭാഗം വിട്ടുകളഞ്ഞിരിക്കുന്നു.

**(7) 'അവരെ അനുഗ്രഹിക്കയാൽ അവൻ അവരെ വിട്ടുപിരിഞ്ഞു,സ്വർഗ്ഗാരോഹണം ചെയ്തു', (ലൂക്കോസ് 24:51)**

സിനായിറ്റിക്കസിൽ 'സ്വർഗ്ഗാരോഹണം ചെയ്തു' എന്ന ഭാഗം ഇല്ല. പിൽക്കാലത്തുള്ള കൈയെഴുത്തുപ്രതികളിൽ ഇത് കരുതിക്കൂട്ടി ചേർക്കപ്പെട്ടതാണ്. എന്തായിരുന്നാലും സിനായിറ്റിക്കസിൽ ഈ വചനം ഇല്ലെങ്കിൽ 'സ്വർഗ്ഗാരോഹണം ചെയ്തു' എന്ന പരാമർശം ബൈബിൾ മൂലകൃതിയിൽ മറ്റൊരിടത്തുനിന്നും കണ്ടെത്താൻ സാധ്യമല്ല.

20–ാം നൂറ്റാണ്ടിൽ കോഡസ് സിനായിറ്റിക്കസ് വെളിപ്പെടുത്തിയ തെളിവുകൾ ക്രിസ്ത്യൻ ദൈവശാസ്ത്രജ്ഞന്മാരെ ആശങ്കാകുലരാക്കുന്നു. ആയതിനാൽ ക്രിസ്തുമതത്തിന്റെ കേന്ദ്രതത്വമായ 'ഉയിർത്തെഴുന്നേല്പ്' സിദ്ധാന്തം ക്രിസ്ത്യാനികൾ പുനഃ പ്പരിശോധനക്ക് വിധേയമാക്കാൻ നിർബന്ധിതരാണ്.

കോഡക്സ് സിനായിറ്റിക്കസ്, കോഡക്സ് സിറിയാക്കസ്, വത്തിക്കാനസ്, ബോബിണീസ്, നൂറോളം പുരാതന അർമീനിയൻ കൈയെഴുത്തു പ്രതികൾ, രണ്ട് പഴയ ജോർജിയൻ വിവർത്തനങ്ങൾ മുതലായവയിൽ മാർക്കോസിന്റെ സുവിശേഷം 16–ാം അദ്ധ്യായത്തിൽ 8–ാം വചനം ഇങ്ങിനെയാണ്.

**'അവർക്കു വിറയലും ഭ്രമവും പിടിച്ചു. അവർ കല്ലറ വിട്ടു ഓടിപ്പോയി. അവർ ഭയപ്പെടുകയാൽ ആരോടും ഒന്നും പറഞ്ഞില്ല'** (ലൂക്കോസ് – 16:8)

സിനായിറ്റിക്കസിൽ ഈ വചനത്തോടെയാണ് മാർക്കോസിന്റെ സുവിശേഷം അവസാനിക്കുന്നത്.

എന്നാൽ ഇംഗ്ലീഷ് ഔദ്യോഗിക ബൈബിളിൽ മാർക്കോസിന്റെ സുവിശേഷം 16–ാം അദ്ധ്യായം 8ാം വചനത്തോടെ അവസാനിക്കുന്നില്ല. അത് വീണ്ടും 12 വചനങ്ങൾ കൂട്ടിച്ചേർത്തു തുടരുന്നതായി കാണുന്നു. പക്ഷേ പല കൈയെഴുത്തു പ്രതികളിലും മാർക്കോസിന്റെ അവസാനത്തെ 12 വചനങ്ങൾ കൂട്ടിച്ചേർക്കപ്പെട്ടതാണെന്നും അവ പഴയ പതിപ്പുകളിൽ കാണുന്നില്ല എന്നും എഴുതിയ ഒരു കുറിപ്പ് പകർത്തിയെഴുത്തുകാർ രേഖപ്പെടുത്തിയിട്ടുണ്ട് എന്ന കാര്യം ശ്രദ്ധേയമാണ്.

മത്തായിയുടേയും, ലൂക്കോസിന്റേയും സുവിശേഷം മാർക്കോസിന്റേതിനേക്കാൾ പഴയതാണെന്ന് സ്ഥാപിക്കാൻ പലരും ശ്രമിക്കാറുണ്ട്. അത്തരക്കാർ മാർക്കോസ് ഒരു രണ്ടാംകിട സുവിശേഷമായിട്ടാണ് ഗണിക്കാറ്. സിനായിറ്റിക്കസിന്റെ തെളിവുകൾ അവരുടെ അഭിപ്രായങ്ങളെ നിഷ്ഫലമാക്കുകയാണ് ചെയ്യുന്നത്. ഇത് സിനോപ്റ്റിക്ക് പ്രശ്നത്തിലേക്കും (Synoptic problem) * പണ്ഡിത ചർച്ചകളിലേക്കും നയിക്കും. അവസാനം മാർക്കോസാണ് സുവിശേഷങ്ങളിൽ ഏറ്റവും ആദ്യത്തേതെന്ന് പണ്ഡിതോചിതമായ തീരുമാനത്തിലായിരിക്കാം അത് എത്തിച്ചേരുക. സിനായിറ്റിക്കസിൽ മാർക്കോസിന്റെ സുവിശേഷം അവസാനിക്കുന്ന രീതിയിൽ നിന്നും വ്യക്തമാവുന്നതെന്തെന്നാൽ പഴയ സുവിശേഷ പാരമ്പര്യം ശൂന്യമായ കല്ലറയെപ്പറ്റി മാത്രമാണ് പ്രതിപാദിക്കുന്നത്.

* നാല് സുവിശേഷങ്ങളിൽ മത്തായി, മാർക്കോസ്, ലൂക്കോസ് എന്നീ മൂന്നെണ്ണം സമാന സ്വഭാവങ്ങളുള്ളതാണ്. അതിനെയാണ് സിനോപ്റ്റിക് സുവിശേഷങ്ങൾ എന്ന് പറയുന്നത്. സിനോപ്റ്റിക് എന്നാൽ ഒരേപോലെ കാണുന്നത് എന്നാണർത്ഥം. അവയെ സംബന്ധിച്ചുള്ള പഠനമാണ് സിനോപ്റ്റിക്ക് പ്രശ്നം എന്നു പറയുന്നുന്നത്. വിവ:



കോഡക്സ് സിനായിറ്റിക്കസിന്റെ ഗ്രീക്ക് ഭാഷയിലുള്ള ലിഖിതങ്ങൾ

മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർത്തെഴുന്നേറ്റ യേശുവിനെ അവഗണിച്ചിരിക്കുന്നതായി കാണാം. ഈ ഒരു സ്ഥിരീകരണം വ്യക്തമായും സ്പഷ്ടമായും ഒരു വിശ്വാസത്തിലേക്ക് നമ്മെ നയിക്കുന്നു. അതായത് ഏത് വിധേനയായാലും യേശു അപ്പോഴും ജീവിച്ചിരുന്നു എന്നു മാത്രമല്ല അദ്ദേഹം തന്റെ ശിഷ്യന്മാർക്ക്, കുരിശ് സംഭവത്തിനുശേഷം ശരീരത്തോടു കൂടി തന്നെയായിരുന്നു പ്രത്യക്ഷമായത് എന്നുമാണ് അത്. യേശു തന്നെ താഴെ പറയുന്ന വചനങ്ങളിൽ ഇപ്രകാരം വ്യക്തമാക്കുന്നു.

**“ഇങ്ങനെ അവർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അവൻ അവരുടെ നടുവിൽ നിന്നു; ‘നിങ്ങൾക്ക് സമാധാനം’ എന്നു പറഞ്ഞു. എന്നാൽ അവർ പേടിച്ചു വിറച്ചു. ഒരു ഭൂതത്തെയാണോ കാണുന്നത് എന്ന് അവർ വിചാരിച്ചു. അവൻ അവരോട് ചോദിച്ചു; ‘നിങ്ങൾ എന്തിന് അസ്വസ്ഥരാവുന്നു? നിങ്ങളുടെ ഹൃദയത്തിൽ സംശയങ്ങൾ ഉദിക്കുന്നത് എന്ത്? ഇത് ഞാൻ തന്നെയാണ്. എന്റെ കൈകളും കാലുകളും കാണുക. എന്നെ തൊട്ടു നോക്കുക. എനിക്കുള്ളത് പോലെ മാംസവും അസ്ഥികളും ഭൂതത്തിനില്ലല്ലോ?’ ഇത് പറഞ്ഞ് അവൻ തന്റെ കൈകളും കാലുകളും അവർക്ക് കാണിച്ചുകൊടുത്തു. എന്നിട്ടും സന്തോഷാധിക്യത്താൽ വിശ്വാസം വരാതെ അവർ ആശ്ചര്യപ്പെട്ടപ്പോൾ അവൻ ചോദിച്ചു: ‘ഇവിടെ നിങ്ങളുടെ പക്കൽ തിന്നാൻ വല്ലതും ഉണ്ടോ?’. അവർ ഒരു വറുത്ത മീൻ കഷ്ണം അവനു കൊടുത്തു. അവൻ അത് എടുത്ത് അവരുടെ മുമ്പിൽ വെച്ചു ഭക്ഷിച്ചു.’** (ലൂക്കോസ് 24:36–43)

ആദ്യകാല വിശ്വാസികൾ മാർക്കോസ് അവതരിപ്പിച്ച വചനം വരെ വിശ്വസിക്കാൻ മാത്രം ബാദ്ധ്യതപ്പെട്ടവരായിരുന്നു. എന്നാൽ ഈ നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾ പ്രസ്തുത സുവിശേഷം നിർത്തിയ സ്ഥലത്ത് നിൽക്കുവാൻ കൂട്ടാക്കുന്നില്ല. അവർ വീണ്ടും അതിന്മേൽ പുനർനിർമ്മാണം നടത്തി. അതുകൊണ്ട് ക്രിസ്ത്യാനികൾക്ക് കോഡക്സ് സിനായിറ്റിക്കസിന്റെ സത്യം സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാം.

(വി.വ: എ.എം)

References:

1. Geoffrey Chapman, R.E. Brown, The New Jerome Biblical commentary.
2. Canon, B.H. Streeter, The four Gospels 5th impression 1936.
3. Orbis. J. benthey, Secrets of mount Sinai.
4. Trustees of the British Museum. The Codex sinaiticus & the Codes Alexandrinus with seven illustrations.
5. Milne, H.J.M. and Skeat, T.C. Scribes and correctors of the Codex Sinaiticus, London 1938. OXford, Bruce M. Meizer, the Early versions of the New Testament.
6. Inter-Varsity Press, The New Bible commentary Revised.
7. Darton, Longman & Told, the Jerusalem Bible, New Testament.

# പ്രകൃതിക്ഷോഭമോ ദൈവീകശിക്ഷയോ?

**മുഹമ്മദ് ഉമർ**, നാഇബ് നാസിർ അഅ്ലാ, ഖാദിയാൻ

**ജനങ്ങൾ അതിക്രമകാരികളാകുമ്പോൾ ദൈവം പ്രകൃതിക്ഷോഭത്തിന്റെ രീതിയിലും മറ്റും ശിക്ഷ ഇറക്കുന്നു. വിശുദ്ധ ഖുർആൻ ആവർത്തിച്ച് ഉണർത്തുന്ന ഈ പ്രകൃതിനിയമം ഇപ്പോഴും സജീവമാണെന്നാണ് പാകിസ്ഥാൻ സംഭവങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നത്.**

ചെറിയ ഖിയാമത്തിനെ അനുസ്മരിപ്പിക്കുംവിധം പാകിസ്താനിൽ തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രകൃതിക്ഷോഭങ്ങളും ദുരന്തങ്ങളും നൽകുന്ന പാഠമെന്താണ്? ഇവ വെറും യാദൃച്ഛിക സംഭവങ്ങളാണോ? അതല്ല അക്രമങ്ങളും അനീതിയും തേർവാഴ്ച നടത്തുന്ന ഒരു ദേശത്ത് ദൈവത്തിൽ നിന്നുണ്ടാവുന്ന തിരിച്ചടിയാണോ? അക്രമികളുടെ മേൽ ദൈവത്തിൽ നിന്നും ലഭിച്ച ശിക്ഷയുടെ ഖുർആനിക ഗുണപാഠങ്ങളുടെയടിസ്ഥാനത്തിൽ പാകിസ്താനിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ദുരിതങ്ങളും ദേശീയ നഷ്ടങ്ങളും ദൈവശിക്ഷയാണെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല.

2010 മെയ് 28ന് വെള്ളിയാഴ്ച ജുമുഅ നമസ്കാരത്തിന്നു തൊട്ടുമുമ്പ് ലാഹോറിലെ ദാറുദ്ദിക്ർ, ബൈത്തുൽ നൂർ എന്നീ രണ്ടു അഹ്മദിയ്യാ മസ്ജിദുകളിൽ നടന്ന ഭീകരാക്രമണത്തിൽ നിർദോഷികളും നിരപരാധികളും ആയ 86 അഹ്മദികൾ നിഷ്കരുണം ശഹീദാക്കപ്പെടുകയും 120ൽ പരം പേർക്ക് പരുക്കേൽക്കുകയും ഉണ്ടായി. പിന്നീട് പല പ്രകൃതിദുരന്തങ്ങളും പാകിസ്ഥാനെ വേട്ടയാടുകയാണ്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് (അയ്യദഹു) ഇപ്രകാരം പറഞ്ഞു:

“എതിരാളികൾ സുസംഘടിതമായ രീതിയിൽ ജമാഅത്തിന്ന് നഷ്ടം വരുത്തുവാൻ ശ്രമിച്ചതിന് പ്രതികാരം വീട്ടുവാൻ അല്ലാഹു സർവ്വശക്തനാണ്. ഏത് വഴിയിലാണ് അവൻ തന്റെ സുശക്തകരം പ്രാവർത്തികമാക്കുകയെന്നും ഈ കുഴപ്പങ്ങളും അക്രമവും ചെയ്തവരെ പിടിച്ച് ശിക്ഷിക്കുക എന്നുമുള്ള കാര്യം അല്ലാഹുവിന്നു മാത്രമറിയുന്ന ഒന്നാണ്. എന്നാൽ ഈ കൂട്ടർ വീണ്ടും വീണ്ടും അല്ലാഹുവിന്റെ അഭിമാനത്തെ വെല്ലുവിളിച്ച് കൊണ്ടിരിക്കുകയും അക്രമപ്രവർത്തനങ്ങളിൽ മുന്നേറിക്കൊണ്ടിരിക്കുകയും ചെയ്യുകയാണ്. തീർച്ചയായും അല്ലാഹു ഇവർക്ക് ഗുണപാഠത്തിന്റെ അടയാളം കാണിച്ചുകൊടുക്കുന്നതാണ്, ഇൻശാ അല്ലാഹ്. തീർച്ചയായും ഇത് സംഭവിക്കുക തന്നെ ചെയ്യും (അൽഫസൽ ഇന്റർനാഷണൽ 4 ജൂൺ 2010)

നാം നമ്മുടെ കാര്യം അല്ലാഹുവിനെ ഭരമേല്പിച്ചിരിക്കുകയാണെന്ന് ഇതിന്നടുത്ത വെള്ളിയാഴ്ചത്തെ ജുമുഅ പ്രഭാഷണത്തിൽ അദ്ദേഹം പ്രസ്താവിച്ചു. (അൽഫസൽ 8 ജൂൺ 2010).

ഇതിന്നുശേഷം ജർമ്മനിയിൽ വെച്ചു നടന്ന വാർഷിക സമ്മേളനത്തിൽ ജൂൺ 27-ാം തിയ്യതി ചെയ്ത സമാപന സമ്മേളനത്തിൽ ഇപ്രകാരം അരുൾ ചെയ്തു:-

‘‘ഇന്നും പാകിസ്ഥാനിൽ അഹ്മദിയ്യാ ജമാഅത്തിന്നെതിരായി സുസംഘടിതമായി നടത്തപ്പെടുന്ന ആക്രമണം അതിന്റെ പരമാവധി മൃഗീയവും അതിരൂക്ഷവുമായ രൂപത്തിൽ ലാഹോറിൽ വെച്ചു നടക്കുകയുണ്ടായി. ഈ ആക്രമണം തന്നെ ദൈവീകഭവനമായ മസ്ജിദിൽ ദൈവാരാധന നടത്തിക്കൊണ്ടിരുന്ന നിരായുധരായ അഹ്മദികളുടെ മേലാണ് നടത്തപ്പെട്ടിരിക്കുന്നത്. ആ അവസ്ഥ ഇന്നും തുടർന്നുവരികയാണ്. അവർ ഇന്നും പ്രാർത്ഥനയിൽ മുഴുകിയിരിക്കുന്നു. എന്ത്? അല്ലാഹു ഈ പ്രാർത്ഥനകൾ സ്വീകരിക്കാതിരിക്കുമോ? തീർച്ചയായും അവൻ ഈ പ്രാർത്ഥനകൾ കേൾക്കുന്നതാണ്. ഇത് അവന്റെ വാഗ്ദാനമാണ്. അല്ലാഹുവിന്റെ പേരിൽ അല്ലാഹുവുമായി ബന്ധപ്പെട്ടവരോടു ചെയ്യപ്പെട്ട ഈ അക്രമം അല്ലാഹുവിന്റെ അഭിമാനത്തിന്ന് ക്ഷതമേല്പിക്കാതിരിക്കുമോ? തീർച്ചയായും അവൻ തന്റെ അഭിമാനം പ്രകടിപ്പിക്കാതിരിക്കുന്നതല്ല. അല്ലയോ അഹ്മദികളെ! നിങ്ങളുടെ മേൽ നടത്തപ്പെട്ടിരിക്കുന്ന ഈ അക്രമത്തിൽ നിങ്ങൾ പരവശപ്പെടരുത്.

അല്ലാഹുവുമായി ബന്ധപ്പെട്ട ജനങ്ങളോട് എന്നും ചെയ്യപ്പെട്ടിരുന്ന പെരുമാറ്റമാണിത്. ഈ അക്രമികളുടെ കാര്യം അല്ലാഹുവിനെ ഭരമേല്പിക്കുക. അല്ലാഹു ഈ അക്രമികളെ പിടികൂടുന്നതാണ്. തീർച്ചയായും അവൻ പിടികൂടുന്നതാണ്. നമ്മുടെ കടമ അല്ലാഹുവിന്റെ തിരുമുമ്പിൽ ശിരസ്സു കുനിക്കുകയാണ്. അവന്റെ കരുണയെ ആകർഷിക്കുകയാണ്. (അൽഫസൽ ഇന്റർനാഷണൽ 30, ജൂലായ് 2010)

പ്രസ്തുത വേദനാജനകമായ സംഭവത്തിന്ന് രണ്ടു മാസങ്ങൾക്ക് ശേഷം പാകിസ്ഥാനിൽ ഒരു വിമാനാപകടത്തിൽ 152 പേർ മരണപ്പെട്ടു. (ആവാസ് ദിനപത്രം 29-7-2010)

ഇതോടുകൂടി അല്ലാഹു തന്റെ ശക്തിപ്രകടനം പാകിസ്താനിൽ അങ്ങോളമിങ്ങോളം ഉണ്ടായ വെള്ളപൊക്കം മൂലം ആരംഭിച്ചു. പ്രസ്തുത വെള്ളപ്പൊക്കം പ്രധാനമന്ത്രി യൂസുഫ്രിസാ ഗീലാനി പാകിസ്താന്റെ ചരിത്രത്തിൽ ഏറ്റവും വലിയ ആപത്താണെന്നാണ് പറഞ്ഞത്. വെള്ളപ്പൊക്കം മൂലം നാടിന്ന് 4300 കോടി ഡോളറിന്റെ നഷ്ടം ഉണ്ടാവുകയും രണ്ടു കോടിയിലധികം ജനങ്ങളെ ബാധിക്കുകയും ചെയ്തു. 12 ലക്ഷം ഭവനങ്ങളും ആയിരത്തിലധികം പാലങ്ങളും 4000 കിലോമീറ്റർ റോഡുകളും 18 ലക്ഷം ഏക്കർ കൃഷി സ്ഥലങ്ങളും നശിച്ചുവെന്നും ഗീലാനി പ്രസ്താവിച്ചു. (ജങ്ക് ദിനപത്രം, ലാഹോർ, 1 സെപ്തംബർ 2010, പേജ് 13)

യു.എൻ.ഒ.വിന്റെ ഒരവലോകനമനുസരിച്ച് രണ്ടായിരം ആളുകൾ മരണപ്പെടുകയും രണ്ടു കോടി പത്ത് ലക്ഷം ജനങ്ങൾക്ക് വെള്ളപ്പൊക്ക ദുരിതം ബാധിക്കുകയും 17 ദശലക്ഷം ഭൂമി നശിച്ചുപോവുകയും ഏഴ് ലക്ഷം ഭവനങ്ങൾ നിശ്ശേഷം തകർന്നുപോവുകയും 4 ലക്ഷം ഭവനങ്ങൾ വാസയോഗ്യമല്ലാതായിത്തീരുകയും 17,600 സ്കൂളുകളും 486 ആതുര കേന്ദ്രങ്ങളും നശിച്ചുപോകുകയും 12 ലക്ഷത്തിലധികം കന്നുകാലികൾ ചത്തൊടുങ്ങുകയും Asian Development Bank ന്റെ കണക്കനുസരിച്ച് 69 ബില്യൺ ഡോളറിന്റെ നഷ്ടമുണ്ടാകുകയും ചെയ്തതായി കണക്കുകൾ സ്ഥിരീകരിക്കപ്പെട്ടു.

ഇത് അല്ലാഹുവിൽ നിന്നുള്ള ശിക്ഷയാണെന്ന് പല രാഷ്ട്രീയ, മതനേതാക്കളും ഏറ്റുപറയുകയുണ്ടായി. പാകിസ്താൻ ജമാഅത്തുൽ ഉലമായെ ഇസ്ലാമിന്റെ അമീറും ദയൂബന്ദി പണ്ഡിതനും രാഷ്ട്രീയ നേതാവും ആയ മൗലാനാ ഫസ്ലുർ റഹ്മാൻ നാട്ടിൽ അങ്ങോളമിങ്ങോളം ഉണ്ടായ വെള്ളപ്പൊക്കം ജനങ്ങൾ ദൈവികകല്പനകളിൽ നിന്നും മുഖം തിരിച്ചതിന്റെ ഫലമാണെന്നു പ്രസ്താവിച്ചു. (ദിനപത്രം ലായൽപൂർ പാകിസ്താൻ 15 ഓഗസ്റ്റ് 2010)

മിൻഹാജുൽ ഖുർആൻ പ്രസ്ഥാനത്തിന്റെ സ്ഥാപക നേതാവും ബറേലി സുന്നത്ത് ജമാഅത്തിന്റെ പണ്ഡിതനും ആയ അല്ലാമാ താഹിദുൽ ഖാദിരി പറഞ്ഞത് 'ലക്ഷക്കണക്കിലുള്ള ഭവനങ്ങളെ നശിപ്പിച്ചിരിക്കുന്ന ഈ പ്രളയക്കെടുതി, പാകിസ്ഥാനിൽ തുടർന്നുണ്ടായിക്കൊണ്ടിരിക്കുന്ന പ്രകൃതിക്ഷോഭങ്ങൾ, പെട്ടെന്നുള്ള മരണങ്ങൾ, ഭീകരരുടെ അഴിഞ്ഞാട്ടങ്ങൾ എന്നിവ ദൈവക്രോധത്തിന്റെ ബഹിർപ്രകടനമാണെന്നാണ്.' (ലായൽപൂർ 15 ഓഗസ്റ്റ് 2010)

പാകിസ്താനിലെ പഞ്ചാബ് സ്റ്റേറ്റിലെ ജമാഅത്തെ ഇസ് ലാമിയുടെ അമീർ ഡോക്ടർ വസീം അഖ്തർ പ്രസ്താവിച്ചിരിക്കുന്നത് വെള്ളപ്പൊക്കത്തിന്റെ രൂപത്തിൽ അല്ലാഹുവിന്റെ ശിക്ഷ ഈ രാജ്യത്ത് ഇറങ്ങിയിരിക്കുന്നുവെന്നാണ്. അതുകൊണ്ടു മുഴുവൻ സമുദായവും ഭരണാധികാരികളും തൗബയും ഇസ്തിഗ്ഫാറും ചെയ്തുകൊണ്ട് അല്ലാഹുവിനോടു മാപ്പിരക്കേണ്ടതാണെന്നും ജനങ്ങൾ നമസ്കാരത്തിൽ ശ്രദ്ധ ചെലുത്തേണ്ടതാണെന്നും എന്നാൽ മാത്രമേ ഭാവിയിലുണ്ടാകാനിരിക്കുന്ന വിപത്തുകളിൽ നിന്നും രക്ഷപ്പെടാൻ സാധിക്കുകയുള്ളൂവെന്നും അദ്ദേഹം പറഞ്ഞു. (ദിൻ ദിനപത്രം, 16 ഓഗസ്റ്റ് 2010)

ഖബരേൻ എന്ന പത്രം എഴുതുന്നു: 'വെള്ളപ്പൊക്കത്തിന്റെ കെടുതികൾ തുടർന്നു കൊണ്ടിരിക്കുകയാണ്. ഇപ്പോൾ പാകിസ്താന്റെ മൂന്നിലൊരു ഭാഗം വെള്ളത്തിലാണ്. രണ്ടു കോടിയിലധികം ജനങ്ങൾ വെള്ളത്താൽ ദുരിതമനുഭവിച്ചുവരികയാണ്.' (ഖബറേൻ, 28 ഓഗസ്റ്റ് 2010)

ഭയാനകമായ ഈ അവസ്ഥ എങ്ങിനെ ഉണ്ടായി. ഇത് ഇവരുടെ അക്രമചെയ്തികൾ നിമിത്തമുണ്ടായ, അല്ലാഹുവിന്റെ കോപത്തിന്റെ ബഹിർപ്രകടനമല്ലാതെ മറ്റെന്താണ്.

വെള്ളപ്പൊക്കം മൂലം ദൈവ



ശിക്ഷക്ക് പാത്രീഭൂതരായവരെക്കുറിച്ച് വിശുദ്ധ ഖുർആൻ പല സ്ഥലങ്ങളിലും വെളിപ്പെടുത്തുന്നു.

വിശുദ്ധ ഖുർആൻ നൂഹ് നബിയുടെയും ഫിർഔന്റെയും സമുദായങ്ങളും സബാ സമുദായവും വെള്ളപ്പൊക്കത്തിൽ പെട്ടു നശിച്ചതായി പ്രസ്താവിക്കുന്നു. ഖുർആൻ പറയുന്നു.

**''എന്നാൽ അവർ പിന്തിരിഞ്ഞുപോയി. തന്നിമിത്തം സർവ്വനാശകരമായ ഒരു ജലപ്രവാഹം അവരുടെ നേരെ നാം അയച്ചു. രണ്ടു തോട്ടങ്ങൾക്കു പകരം കയ്പുള്ള കായ്കനിയും കാഞ്ചിമരങ്ങളും അല്പം ചില ഇലന്തവൃക്ഷങ്ങളുമുള്ള രണ്ടു തോട്ടങ്ങൾ നാം അവർക്ക് നൽകി. അവർ നന്ദികേടു കാണിച്ചതിന്ന് പകരം നാം അവർക്ക് നൽകിയ പ്രതിഫലമാണിത്. നന്ദികെട്ടവർക്കല്ലാതെ നാം ഇപ്രകാരം പ്രതിഫലം നൽകുമോ? (സബഅ് 17, 18).**

ഹദ്റത്ത് നൂഹ് നബി(അ) തന്റെ സമുദായത്തെക്കുറിച്ച് വിലപിച്ചുകൊണ്ട് അല്ലാഹുവിനോടു പറഞ്ഞു:

**''നീ അവർക്ക് പൊറുത്തുകൊടുക്കുന്നതിനായി ഞാൻ അവരെ വിളിച്ചപ്പോഴെല്ലാം അവർ തങ്ങളുടെ വിരലുകൾ**



**കാതുകളിൽ തിരുകുകയും തങ്ങളുടെ വസ്ത്രങ്ങൾ കൊണ്ട് സ്വയം മൂടിക്കളയുകയുമാണ് ചെയ്തത്. അവർ നിഷേധത്തിൽ ശഠിച്ച് നില്ക്കുകയും വലിയ ഗർവ്വു കാണിക്കുകയും ചെയ്തു." (നൂഹ് 8)**

തുടർന്ന് അല്ലാഹു മറ്റൊരദ്ധ്യായത്തിൽ ദൈവ നിയോഗിതനായ വ്യക്തിയെ വ്യാജപ്പെടുത്തുന്നതിന്റെ തിക്തഫലം വിവരിക്കുന്നു: **എന്നാൽ അവർ (എതിരാളികൾ, അദ്ദേഹത്തെ (നൂഹ് നബിയെ) നിഷേധിച്ചു. അതിനാൽ അദ്ദേഹത്തെയും അദ്ദേഹത്തിന്റെ കൂടെയുള്ളവരെയും നാം കപ്പലിൽ രക്ഷപ്പെടുത്തി. നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിച്ചവരെ നാം മുക്കിക്കൊന്നു. തീർച്ചയായും അവർ അന്ധരായ ജനങ്ങളായിരുന്നു. (അഅ്റാഫ് 137)**

ഈ കാലത്തവതീർണ്ണരായ വാഗ്ദത്ത മഹ്ദീ മസീഹ് (അ) നെ വ്യാജപ്പെടുത്തുകയും അദ്ദേഹത്തിൽ വിശ്വസിച്ചവരെ ദ്രോഹിക്കുകയും ചെയ്തതിനാൽ പലവിധത്തിലുള്ള ദൈവികശിക്ഷകൾ ലോകത്ത് പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുകയാണ്.

ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) നെ അല്ലാഹു തന്റെ ദിവ്യ വെളിപാട് മുഖേന ഇപ്രകാരം അറിയിച്ചു.

**'ദുനിയാമെ ഏക് നദീർ ആയ, പർ ദുനിയാനെ ഉസേ**
**ഖബൂൽ നകിയാ-ലേകിൻ ഖുദാ ഉസേ ഖബൂൽ കരേഗാ**
**ഔർ ബഡേ സോർആവർ ഹംലോസെ**
**ഉസ്കീസച്ചായി സാഹിർ കരേഗാ'**

*ലോകത്ത് ഒരു താക്കീതുകാരൻ വന്നു. പക്ഷെ ലോകം അദ്ദേഹത്തെകൈക്കൊണ്ടില്ല. എന്നാൽ അല്ലാഹു അദ്ദേഹത്തെ സ്വീകരിക്കുന്നതും ശക്തിമത്തായ വൻ ആക്രമണങ്ങളാൽ അദ്ദേഹത്തിന്റെ സത്യം വെളിപ്പെടുത്തുന്നതുമാണ്.*

(ബറാഹീനെ അഹ്മദിയാ റൂഹാനീഖസായിൻ വോ. 1 പേജ് 665)

ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) ന്റെ വാദത്തിന്നുശേഷം ദൈവത്തിൽ നിന്നുണ്ടാകുന്ന സുശക്തമായ അക്രമണങ്ങളെക്കുറിച്ച് അദ്ദേഹത്തിന് അല്ലാഹു മുന്നറിയിപ്പു നൽകിക്കൊണ്ടിരുന്നു. അദ്ദേഹത്തിന്റെ സത്യസാക്ഷ്യപ്രകടനമാണ് ഇവിടെ ഉദ്ദേശ്യം. പ്ലേഗ്, ഭൂകമ്പം, വെള്ളപ്പൊക്കം, മഹായുദ്ധങ്ങൾ എന്നീ പല വിധത്തിലുള്ള ദൈവക്രോധങ്ങൾ ലോകത്ത് വെളിപ്പെട്ടുകൊണ്ടിരുന്നു.

അദ്ദേഹം അരുൾ ചെയ്യുന്നു

*'ഞാൻ വന്നില്ലായിരുന്നുവെങ്കിൽ ഈ ആപത്തുകൾ സംഭവിക്കുന്നതിൽ കാലതാമസം നേരിട്ടേനെ. എന്നാൽ എന്റെ ആഗമനത്തോടൊപ്പം സുദീർഘകാലം വരെ മറഞ്ഞുകിടന്നിരുന്ന ദൈവക്രോധത്തിന്റെ ഉദ്ദേശ്യങ്ങൾ വെളിപ്പെടുകയുണ്ടായി. എപ്രകാരമെന്നാൽ അല്ലാഹു അരുൾ ചെയ്യുന്നു.*

**"ഏത്വരെ നാം ഒരു പ്രവാചകനെ അയക്കുന്നില്ലയോ അത്വരെ നാം ശിക്ഷ ഇറക്കുന്നവനല്ല." (ബനൂ ഇസ്രാഈൽ - 16)**

*പ്രായശ്ചിത്തം ചെയ്യുന്നവരെ സമാധാനത്തിലാക്കുന്നതാണ്. ആപത്ത് വരുന്നതിന്നുമുമ്പ് ഭയപ്പെടുന്നവരുടെ മേൽ കരുണ ചെയ്യപ്പെടുന്നു. ഈ ഭൂകമ്പങ്ങളിൽ നിന്നും നിങ്ങൾ രക്ഷപ്പെടുമെന്നും നിങ്ങൾ നിങ്ങളുടെ ഉപായങ്ങളാലും തന്ത്രങ്ങളാലും സ്വയം സുരക്ഷിതരാകുമെന്നും നിങ്ങൾ കരുതുന്നുണ്ടോ? ഒരിക്കലും നിങ്ങൾക്കു സാധിക്കുന്ന*

*തല്ല. മനുഷ്യപ്രവർത്തനങ്ങൾ ആദ്യ ദിവസത്തിലെത്തുന്നതായിരിക്കും. അമേരിക്ക മുതലായ രാജ്യങ്ങളിൽ ഭൂകമ്പങ്ങളുണ്ടായി എങ്കിലും നിങ്ങളുടെ രാജ്യം അവയിൽ നിന്നു സുരക്ഷിതമാണെന്ന് നിങ്ങൾ കരുതരുത്. ഒരുപക്ഷേ അവയെക്കാൾ അധികം ഭയാനകമായ ആപത്തുകളുടെ മുഖം നിങ്ങൾ കാണാനിരിക്കുന്നതായി ഞാൻ കാണുന്നു. അല്ലയോ യൂറോപ്പ്! നീയും സമാധാനത്തിലല്ല. അല്ലയോ ഏഷ്യാ, നീയും സുരക്ഷിതമല്ല. അല്ലയോ ദ്വീപുകളിൽ വസിക്കുന്നവരെ! ഒരു കൃത്രിമ ദൈവവും നിങ്ങളെ സഹായിക്കുന്നതല്ല. പട്ടണങ്ങൾ വീണുകൊണ്ടിരിക്കുന്നതായി ഞാൻ കാണുന്നു. ജനബാഹുല്യമുള്ള സ്ഥലങ്ങൾ വിജനമാകുന്നതായി ഞാൻ കാണുന്നു. ആ ഏകനായ ദൈവം ഒരു കാലഘട്ടം വരെ മൗനം പൂണ്ടിരുന്നു. അവന്റെ കണ്ണുകൾക്കു മുമ്പാകെ വെറുക്കത്തക്ക പല കാര്യങ്ങളും ചെയ്യപ്പെട്ടിട്ടും. അവൻ മൗനം കൈക്കൊണ്ടിരുന്നു. എന്നാൽ അവൻ ഗാംഭീര്യത്തോടെ തന്റെ മുഖം പ്രത്യക്ഷപ്പെടുത്തുന്നതാണ്. കേൾക്കുന്ന കാതുള്ളവർ കേട്ടുകൊള്ളട്ടെ. ആ കാലം വിദൂരമല്ല. അല്ലാഹുവിന്റെ സംരക്ഷണത്തിൻ കീഴിൽ എല്ലാവരെയും ഒന്നായി ചേർക്കുവാൻ ഞാൻ ആവും വിധം ശ്രമിച്ചു. എന്നാൽ വിധിയുടെ ലിഖിതം പൂർത്തിയാകേണ്ടത് ആവശ്യമാണ്. ഈ രാജ്യത്തിന്റെ ഊഴവും അടുത്തു വരുന്നു. നൂഹിന്റെ കാലഘട്ടം നിങ്ങളുടെ കൺമുമ്പാകെ വരുന്നതാണ്. ലൂത്തിന്റെ ഭൂമിയിൽ നടന്ന സംഭവം നിങ്ങൾ സ്വന്തം കണ്ണുകൾ കൊണ്ട് സ്വയം കാണുന്നതായിരിക്കും. എന്നാൽ ദൈവം തന്റെ കോപം പ്രകടിപ്പിക്കുന്നതിൽസാവധാനിയാകുന്നു. നിങ്ങളുടെ മേൽ കരുണ ചെയ്യപ്പെടുന്നതിന്നായി തൗബാ ചെയ്യുക. ഏതൊരാൾ ദൈവത്തെ ഉപേക്ഷിക്കുന്നുവോ ആ ആൾ ഒരു കീടമാകുന്നു, മനുഷ്യനല്ല. ദൈവത്തെ ഭയപ്പെടാത്തവൻ മൃതനാണ്, ജീവനുള്ളവനല്ല. (ഹഖീഖത്തുൽ വഹ്‌യ്)*

**അല്ലയോ ഉലമാനാമധാരികളേ! അഹ്മദിയ്യത്തിനെ എതിർക്കുകയും ശൈത്വാന്റെ കാലടികളെ പിന്തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നവരേ, കേട്ടുകൊള്ളുക. നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന ആക്രമണങ്ങൾ നമ്മെ സംബന്ധിച്ചേടത്തോളം ഒരു പ്രതികരണവും ഉണ്ടാക്കുന്നതല്ല. ഏതുവഴികളിൽ കൂടി വേണമെങ്കിലും നിങ്ങൾ വന്നുകൊള്ളുക. ഒരിക്കലും വിശ്വാസിയായ ഒരഹ്മദിക്ക് കാലിടർച്ചയുണ്ടാക്കാൻ നിങ്ങൾക്കു സാധ്യമല്ല.**

പ്രസ്തുത മുന്നറിയിപ്പിൽ പൂർവ്വകാലത്തെ വിപത്തുകൾ നിങ്ങൾ സ്വന്തം കണ്ണുകൾ കൊണ്ട് വീക്ഷിക്കുന്നതാണെന്ന പ്രവചനങ്ങൾ ഇന്നു ടെലിവിഷൻ മുഖേന പൂർത്തിയായിരിക്കുന്നു. ഇത്തരം സംഭവങ്ങൾ നമുക്ക് ടെലിവിഷൻ മുഖേന നേരിട്ടുകാണുവാൻ സാധിക്കുന്നു.

വാഗ്ദത്ത മസീഹിന്റെ പ്രവചനത്തിന്റെ പൂർത്തീകരണത്തിന്നുള്ള വ്യക്തമായ തെളിവാണിത്.

അല്ലാഹുവിൽ നിന്ന് തന്റെ പ്രവാചകന്മാർ മുഖേന ലഭിച്ച താക്കീതുകൾക്കുശേഷം ഒരു കാലഘട്ടം വരെ ജനങ്ങൾക്ക് സാവകാശം നൽകപ്പെടുന്നു എന്ന് വിശുദ്ധ ഖുർആനിൽ നിന്ന് മനസ്സിലാകുന്നു. അല്ലാഹു അരുൾ ചെയ്യുന്നു.

*“ഒന്നുകിൽ നാം നിന്നെ (മരണം മൂലം) എടുത്തുകൊണ്ട് പോയേക്കാം. അപ്പോൾ തീർച്ചയായും നാം അവരോട് പ്രതികാരം ചെയ്യും. അല്ലെങ്കിൽ അവരോട് നാം താക്കീത് നൽകിയത് (ശിക്ഷ) നിന്റെ ജീവിതത്തിൽ തന്നെ നാം നിനക്ക് കാണിച്ചുതരും. അപ്പോഴും നാം അവരുടെ മേൽ പൂർണ്ണ കഴിവുള്ളവൻ തന്നെയാണ്. (അസുഖ്റുഫ് 42, 43)*

*വീണ്ടും അരുൾ ചെയ്യുന്നു*

*നാം അവരെ താക്കീത് ചെയ്തുകൊണ്ടിരുന്ന (ശിക്ഷകളിൽ) ചിലത് (നിന്റെ ജീവിതകാലത്ത് തന്നെ) നാം നിനക്ക് കാണിച്ചു തരികയോ അല്ലെങ്കിൽ അതിന്നുമുമ്പെ നിന്നെ മരിപ്പിക്കുകയോ ചെയ്യുന്നതായാൽ, ഏതായാലും നമ്മുടെ അടുക്കലേക്ക് തന്നെയാണ് അവരുടെ മടക്കം (യൂനുസ് 47).*

പ്രസ്തുത ദൈവവചനങ്ങൾ അനുസരിച്ച് പല ദുരന്തസംഭവങ്ങളും ഉദാഹരണമായി പ്ലേഗ്, ഭൂകമ്പം മുതലായവ ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ കാലത്ത് തന്നെ സംഭവിച്ചു. പല സംഭവങ്ങളും അദ്ദേഹത്തിന്റെ കാലശേഷം തുടർന്നു സംഭവിച്ചുകൊണ്ടിരിക്കുകയാണ്.

വാസ്തവത്തിൽ ഒരു പ്രവാചകൻ അവതരിക്കുന്നത് ദൈവശിക്ഷ കൊണ്ടുവരുന്നതിനായിട്ട

ല്ല, മറിച്ച് ദൈവശിക്ഷക്കു പാത്രീഭൂതരായവരെക്കുറിച്ചുള്ള ന്യായപൂർത്തീകരണത്തിന്നുവേണ്ടിയാണ്. ജനങ്ങൾ ഒരു പ്രവാചകൻ മുഖേന ഉണ്ടാകുന്ന താക്കീത് അവഗണിച്ച് അക്രമപ്രവർത്തനങ്ങളാൽ മുന്നേറിക്കൊണ്ടിരിക്കുമ്പോൾ അവർ ദൈവശിക്ഷക്കു പാത്രീഭൂതരായിത്തീരുന്നു. അതിനെക്കുറിച്ചാണ് അല്ലാഹു വിശുദ്ധ ഖുർആനിൽ ഒരു പ്രവാചകനെ അയക്കുന്നത് വരെ നാം ശിക്ഷ ഇറക്കുന്നതല്ല എന്ന് പ്രസ്താവിച്ചിരിക്കുന്നത്.

ഇവിടെ ഒരു ചോദ്യം ഉൽഭവിക്കുന്നു. വെള്ളപ്പൊക്കം ബാധിക്കുന്ന ജനങ്ങൾ എന്ത് കുറ്റമാണ് ചെയ്തിരുന്നത്?. യഥാർത്ഥത്തിൽ ന്യായപൂർത്തീകരണം വരുന്ന രീതിയിൽ ഒരു സമൂഹത്തിലെ ആളുകൾ അക്രമം പ്രവർത്തിക്കുന്നുവെങ്കിൽ അത് ആ ജനസമൂഹത്തിന്റെ കുറ്റമായി കണക്കാക്കപ്പെടും. അല്ലാഹു പറയുന്നു:

**''ഒരു രാജ്യത്തെ അവിടത്തുകാരുടെ ദുഷ്ചെയ്തികൾ കാരണം നാം നശിപ്പിക്കാൻ ഉദ്ദേശിച്ചാൽ അതിലെ സുഖലോലുപന്മാരായ നേതാക്കളെ (പ്രവാചകന്മാർ മുഖേന) നാം ശാസിക്കുന്നു. അപ്പോൾ അവർ അതിൽ ധിക്കാരം കാണിക്കുന്നു. അതിനാൽ അതിനെതിരിൽ നമ്മുടെ ശിക്ഷയുടെ വചനം പൂർത്തിയാകുന്നു. അങ്ങനെ നാം അതിനെ നിശ്ശേഷം നശിപ്പിച്ചുകളയുന്നു. (ബനീ ഇസ്രാഈൽ: 17)**

ഇതിൽ നിന്നും സമുദായനേതാക്കളുടെ അനുസരണക്കേടും ധിക്കാരവും അവഗണനാനയവും മുഴുവൻ സമുദായത്തെയും ബാധിക്കുന്നു എന്നു തെളിയുന്നു.

കഴിഞ്ഞ ചില ദശകങ്ങളിൽ പ്രത്യേകിച്ച് 28 മെയ് 2010-ൽ ലാഹോറിൽ നടന്ന ക്രൂരസംഭവത്തിൽ ജനങ്ങൾ കാണിച്ച നിസ്സംഗതയും മൗനവും അവരെ ദൈവശിക്ഷക്കു അർഹരാക്കിത്തീർത്തിരിക്കുകയാണ്.

ഇത് സംബന്ധിച്ച് ഒരു കോളമിസ്റ്റ് ഐ.എ. റഹ്മാൻ ഇപ്രകാരം പ്രസ്താവിക്കുന്നു.

അഹ്മദികൾക്കു നേരിടേണ്ടി വന്ന മുസീബത്തുകളെക്കുറിച്ച് സ്വതന്ത്രചിന്തകരായ മുസ്‌ലിംകളുടെ മൗനം അഹ്മദികൾക്കെതിരായ സുസംഘടിത പ്രവർത്തനങ്ങൾക്ക് ആക്കവും ഊക്കും കൂട്ടുകയുണ്ടായി. (The News Lahore 6 June 2010)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹു) 44-ാം യു.കെ. അഹ്മദിയ്യാ വാർഷിക സമ്മേളനത്തിൽ ലാഹോർ സംഭവത്തിന്നുശേഷം അഹ്മദികളിലുണ്ടായ പരിവർത്തനത്തെക്കുറിച്ച് ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി:

അഹ്മദിയ്യാജമാഅത്തിന്റെ 120 വർഷത്തെ ചരിത്രം വളരെ പ്രകടമായ രീതിയിൽ സാക്ഷ്യം വഹിക്കുന്നത് ജമാഅത്തിന്റെ ഓരോ കാൽവെപ്പിലും ഹദ്റത്ത് വാഗ്ദത്ത മസീഹിന്നും ജമാഅത്തിന്നും അല്ലാഹുവിന്റെ സഹായം ഉണ്ടെന്നാണ്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹു) തന്റെ പ്രഭാഷണത്തിൽ തുടർന്ന് അരുൾ ചെയ്യുന്നു:

അല്ലയോ ഉലമാനാമധാരികളേ! അഹ്മദിയ്യത്തിനെ എതിർക്കുകയും ശൈത്വാന്റെ കാലടികളെ പിന്തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നവരേ, കേട്ടുകൊള്ളുക. നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന ആക്രമണങ്ങൾ നമ്മെ സംബന്ധിച്ചേടത്തോളം ഒരു പ്രതികരണവും ഉണ്ടാക്കുന്നതല്ല. ഏതുവഴികളിൽ കൂടി വേണമെങ്കിലും നിങ്ങൾ വന്നുകൊള്ളുക. ഒരിക്കലും വിശ്വാസിയായ ഒരഹ്മദിക്ക് കാലിടർച്ചയുണ്ടാക്കാൻ നിങ്ങൾക്കു സാധ്യമല്ല. ഓർത്തുകൊള്ളുക. അവസാനകാലത്തെ ഇമാമിന്റെ കയ്യിൽ ബൈഅത്ത് ചെയ്ത ഭാഗ്യശാലികളായ സത്യാത്മാക്കൾ ഹദ്റത്ത് റസൂൽ തിരുമേനി(സ) യുടെ വരിഷ്ടദാസനായ വാഗ്ദത്ത മഹ്ദീ മസീഹിന്റെ അധ്യാപനങ്ങളിൽ പ്രഭാവിതരാണ്. ആ അധ്യാപനങ്ങൾ ഞങ്ങളെ ഈ ദൈവീകപ്രസ്ഥാനത്തിന്റെ ഒരു ഭാഗമാക്കിത്തീർത്തിരിക്കുകയാണ്. അവർ ആഖരീങ്ങളിൽ ഭാഗഭാക്കായിക്കൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ അവകാശികളായിത്തീർന്നിരിക്കുകയാണ്. നമ്മുടെ പൂർവ്വികരായ മഹാന്മാരുടെ ഔദാര്യം കാരണം ഞങ്ങൾ വാഗ്ദത്ത മസീഹാകുന്ന ആയത്തിന്റെ സജീവശാഖകളായിത്തീർന്നിരിക്കുകയാണ്.

തുടർന്ന് അരുൾ ചെയ്യുന്നു:

എന്ത്? നിങ്ങളുടെ ഈ ദജ്ജാലീപ്രവർത്തനങ്ങൾ കൊണ്ട് അഹ്മദികളുടെ വിശ്വാസത്തെ ദുർബ്ബലപ്പെടുത്തുവാൻ സാധിക്കുമോ? ഓർത്തുകൊള്ളുക. നിങ്ങളുടെ വെറും വ്യാമോഹം മാത്രമാണിത്. ഞങ്ങളെക്കുറിച്ചുള്ള ഈ ദുർധാരണ നിങ്ങളെ ലജ്ജിപ്പിക്കുന്നതാണ്. നിങ്ങളിൽ ലജ്ജിക്കുന്ന മനഃസാക്ഷിയുണ്ടെങ്കിൽ - എന്നാൽ നിങ്ങളുടെ ഹൃദയങ്ങൾ അല്ലാഹുവിന്റെ വചനമനുസരിച്ച് കരിങ്കല്ലിനേക്കാൾ കാഠിന്യമേറിയവയാണ്. ചില കരിങ്കല്ലുകളിൽ നിന്നും ജീവദായകമായ വെള്ളത്തിന്റെ ഉറവ പൊട്ടിപ്പുറപ്പെടുന്നു. എന്നാൽ നിങ്ങളുടെ ഹൃദയങ്ങളിൽ നിന്നും ജിഹ്വകളിൽ നിന്നും വെറും വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും

ലാവയാണ് പുറപ്പെടുന്നത്. ഇതു കൊണ്ട് നഷ്ടവും വിനാശവും അല്ലാതെ മറ്റൊന്നും തന്നെ ഉണ്ടാകുന്നില്ല. അല്ലയോ വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും അഗ്നിസ്ഫുലിംഗങ്ങൾ വ്യാപിപ്പിക്കുന്നവരേ! നിങ്ങൾ അന്ധകാരത്തിന്റെ പൂജാരികളാണ്. ആത്മീയ പ്രകാശത്തിൽ നിന്നും അകന്നു നിൽക്കുന്നവരാണ്. ഖുർആനിക ജ്ഞാനം തങ്ങൾക്കുണ്ടെന്ന് വീമ്പിളക്കുന്നവരേ! അല്ലാഹു ഇത്തരക്കാരെക്കുറിച്ച് എന്താണ് പറയുന്നതെന്ന് വിശുദ്ധ ഖുർആൻ പരിശോധിക്കുക. ഇന്ന് ഓരോ അഹ്മദി സ്ത്രീയും പുരുഷനും യുവാവും വൃദ്ധനും ബാലകനും തന്റെ വിശ്വാസത്തിൽ ശക്തി പ്രാപിച്ചുവരികയാണ്. ഇന്നും ധാരാളം സത്യാത്മാക്കൾ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയുടെ യഥാർത്ഥ പ്രേമിയും വരിഷ്ടദാസനുമായ വാഗ്ദത്ത മസീഹിന്റെ ജമാഅത്തിൽ പ്രവേശിച്ചുകൊണ്ടിരിക്കുന്നതായി നാം കാണുന്നു. എന്നാൽ നിങ്ങൾ മനഃപൂർവ്വം അജ്ഞരായ ജനങ്ങളെ സത്യത്തിൽ നിന്നും അകറ്റി നിറുത്തുന്നതിന്നായി നീചമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുകയും ഈ ആത്മീയ പ്രസ്ഥാനത്തിന്നെതിരായി ആസൂത്രണം ചെയ്തുകൊണ്ടിരിക്കുകയുമാണ്. തീർച്ചയായും നിങ്ങൾ അല്ലാഹുവിന്റെ പിടിയിൽ അമർന്നുപോകുന്നതായിരിക്കും. നിങ്ങളുടെ മുമ്പാകെ വളരെ വ്യക്തമായ രീതിയിൽ ന്യായപൂർത്തീകരണം നടന്നിരിക്കുന്നു. അല്ലാഹുവിന്റെ ലാത്തി ശബ്ദമില്ലാത്തതാണെന്ന് ഓർത്തുകൊള്ളുക. അതിനെ ഭയപ്പെടുക. അതിനെക്കുറിച്ച് ചിന്തിക്കുക. വിശുദ്ധ ഖുർആന്റെ ദൃഷ്ടാന്തങ്ങളും ഹദ്റത്ത് റസൂലുല്ലാഹി (സ) യുടെ പരിശുദ്ധ അദ്ധ്യാപനങ്ങളും ബുദ്ധിപരവും പ്രമാണപരവുമായ തെളിവുകളും ഭൂമിയിൽ നിന്നും ആകാശത്തു നിന്നുമുള്ള അടയാളങ്ങളും അല്ലാഹു കാണിച്ചുകൊണ്ടിരിക്കുന്ന സാക്ഷ്യങ്ങളും ഇന്നുവരെ അവനിൽ നിന്നും അഹ്മദിയ്യത്തിന് ഉണ്ടായിക്കൊണ്ടിരിക്കുന്ന സഹായങ്ങളും നിങ്ങളുടെ കണ്ണുകൾ തുറപ്പിക്കുവാൻ പര്യാപ്തങ്ങളാണ്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ്(അയ്യദഹു) തുടർന്ന് അരുൾ ചെയ്യുന്നു:

അതോടൊപ്പം ഞാൻ പൊതു മുസ്‌ലിംകളോടും പറയുവാനാഗ്രഹിക്കുന്നത് എന്റെ ഈ വാക്കുകൾക്കും ചെവികൊടുക്കുക. നിങ്ങളുടെ ബുദ്ധിയെ പ്രയോജനപ്പെടുത്തുക. ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) അരുൾ ചെയ്തത് പ്രകാരം ഈ കാര്യത്തിൽ അല്ലാഹുവിൽ നിന്നും മാർഗ്ഗദർശനം നേടുക. വ്യാജവാദികൾക്കായി അല്ലാഹു ഇപ്രകാരം സത്യസാക്ഷ്യങ്ങൾക്കുള്ള തെളിവുകളും ദൃഷ്ടാന്തങ്ങളും വെളിപ്പെടുത്തുന്നില്ല. ഓർത്തുകൊള്ളുക. തങ്ങളെ ഈ ഉലമാക്കളാണ് വഴി പിഴപ്പിച്ചിരിക്കുന്നതെന്ന ഒഴികഴിവു ഒരുപ്രയോജനവും നൽകുന്നതല്ല. അതുകൊണ്ട് വെറും നാമധാരികളായ ഈ ഉലമാക്കളുടെ വാക്കുകളിൽ കണ്ണടച്ച് വിശ്വസിക്കാതിരിക്കുക. നിഷ്പക്ഷമായ നിലയിൽ ഒഴിഞ്ഞ ഹൃദയങ്ങളുമായി അല്ലാഹുവിന്റെ തിരുസന്നിധിയിൽ കുനിഞ്ഞു പ്രാർത്ഥിക്കുക. അവനോടു മാർഗ്ഗദർശനം തേടുക. അപ്പോൾ തീർച്ചയായും അല്ലാഹു മാർഗ്ഗദർശനം നൽകുന്നതാണ്. തങ്ങളുടെ ബുദ്ധിയെ പലവിധ സംശയങ്ങളിൽ നിന്നും സംശുദ്ധമാക്കുക. അല്ലാഹുവേ! നീ ഞങ്ങൾക്കു നേരായ പാത കാണിച്ചുതരേണമേ എന്ന് പ്രാർത്ഥിച്ചുകൊണ്ടിരിക്കുക. അപ്പോൾ അല്ലാഹു നിങ്ങൾക്കു നേർവഴി കാണിച്ചുതരുന്നതാണ്. ഇന്ന് അഹ്മദിയ്യാ ജമാഅത്തിൽ ലക്ഷക്കണക്കിനാളുകൾ കൂട്ടംകൂട്ടമായി ചേർന്നുകൊണ്ടിരിക്കുകയാണ്. ഈ യാഥാർത്ഥ്യം മനസ്സിലാക്കിത്തരുന്നത് ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) തീർച്ചയായും തന്റെ വാദത്തിൽ സത്യവാനാണെന്നും അദ്ദേഹം ദൈവ നിയുക്തനാണെന്നുമാണ്.

എനിക്കു അഹ്മദികളെ വീണ്ടും ഓർമ്മിപ്പിക്കാനുള്ളത് ഇന്ന് എതിർപ്പിന്റെയും ഫിത്നാ ഫസാദുകളുടെയും കൊടുങ്കാറ്റ് അതിന്റെ ശക്തി പ്രകടിപ്പിച്ചു ആഞ്ഞുവീശിക്കൊണ്ടിരിക്കുന്നു എന്നതാണ്. ഓരോ അഹ്മദി സ്ത്രീയും പുരുഷനും യുവാവും വൃദ്ധനും ബാലകനും വാഗ്ദത്ത മസീഹിന്റെ വാദങ്ങളിലും സത്യസാക്ഷ്യങ്ങളിലും ഉറച്ചു നിൽക്കേണ്ടതിന്നായി പ്രാർത്ഥിച്ചുകൊണ്ടിരിക്കുക. അല്ലാഹു നമുക്കു നമ്മുടെ ഈമാനിൽ പൂർവ്വാധികം ഉറച്ചുനിൽക്കുവാനുള്ള സൗഭാഗ്യം തന്നനുഗ്രഹിക്കുമാറാകട്ടെ. എല്ലാ മുസ്‌ലിംകളും ഏകസത്യമതമായ ഇസ്‌ലാമിൽ ഒന്നായിച്ചേരുന്ന ദൃശ്യം കാണിച്ചുതരുമാറാകട്ടെ. മുസ്‌ലിംകളുടെ കളഞ്ഞുപോയ കീർത്തിയും മഹത്വവും വീണ്ടും നമുക്കു നമ്മുടെ ജീവിതത്തിൽ കാണിച്ചുതരുമാറാകട്ടെ. അങ്ങനെ ഹദ്റത്ത് മുഹമ്മദു നബി (സ)യുടെ വിജയപതാക അതിന്റെ പരിപൂർണ്ണ പ്രതാപത്തോടുകൂടി ലോകത്തു വീണ്ടും പറന്നുകൊണ്ടിരിക്കുന്ന ദൃശ്യം നമുക്കു കാണുവാൻ സാധിക്കുമാറാകട്ടെ. ആമീൻ. (അൽഫസൽ ഇന്റർനാഷണൽ ലണ്ടൻ, 15 ഒക്ടോബർ 2010)

ലേഖനം

# ബാബേൽ ഗോപുരവും പൊതുഭാഷയും

**പുരാതനകാലം മുതല്ക്കേ മനുഷ്യൻ കൈകാര്യം ചെയ്തിരുന്ന ഭാഷ ഇപ്പോഴും അവന്റെ കൂടെയുണ്ട്. മൂർത്തമായ ഭാഷയെ ഉപജീവിച്ച് കൊണ്ട് ചരിത്രാതീതകാലത്തെ മനുഷ്യന്റെ ചരിത്രത്തിലേക്ക് നമുക്ക് ഇറങ്ങി ചെല്ലാനാവും**

എ. എം മുഹമ്മദ് സലീം



ആദിഭൂതം മുതൽ ഇന്നുവരെ അനിസ്യൂതവും അഖണ്ഡവുമായി മനുഷ്യൻ ഉപയോഗിച്ചുവരുന്ന ആയുധമാണ് ഭാഷ. മാനുഷതയുടെ സമസ്തഭാവങ്ങളുടെയും ഉത്കൃഷ്ട പ്രതീകമാകുന്നു അത്. മനുഷ്യന് ഇന്നേവരെ മനസ്സിലാക്കാൻ കഴിയാത്ത, ഭാഷയുടെ വിസ്മയകരമായ നിഗൂഢതകളെയും വ്യവഹാരതലത്തിൽ അവക്കുണ്ടായ രൂപപരിണാമങ്ങളെയും കുറിച്ചുള്ള അഗാധമായ പഠനങ്ങൾ പല സത്യങ്ങളും അനാവരണം ചെയ്യും.

നോഹയുടെ കാലത്തുണ്ടായ പ്രളയത്തിന് ശേഷം മനുഷ്യർ ഒരുമിച്ചു ജീവിച്ചിരുന്ന സമയത്ത് ഒരു പൊതുഭാഷയായിരുന്നു സംസാരിച്ചിരുന്നത് എന്ന് ബൈബിളിൽ സൂചിപ്പിക്കുന്നു. അക്കാലത്ത് മനുഷ്യൻ നിർമ്മിക്കാൻ ശ്രമിച്ച ബാബേൽ എന്ന മഹാഗോപുരത്തെപ്പറ്റിയും ഭാഷ മാറ്റിമറിച്ചുകൊണ്ട് ദൈവം അത് പരാജയപ്പെടുത്തിയതിനെ സംബന്ധിച്ചുമുള്ള ഒരു കഥ ബൈബിളിലുണ്ട്. പ്രതീകാത്മകമായ ഈ ബൈബിൾ കഥ ഭാഷയുടെ വൈവിധ്യങ്ങളെ സംബന്ധിച്ച ചിന്തകൾക്ക് വഴിമരുന്നിടുന്നു. കഥയിങ്ങനെയാണ്.

*"അക്കാലത്ത് ഭൂമിയിൽ ഒക്കെയും ഒരേ ഭാഷയും ഒരേ വാക്കും ആയിരുന്നു. എന്നാൽ അവർ കിഴക്കോട്ടു പുറപ്പെട്ടു വന്നപ്പോൾ ശിനാർ ദേശത്ത് ഒരു സമതല ഭൂമി കണ്ടു. അവിടെ പാർത്തു. അവർ പരസ്പരം പറഞ്ഞു. 'വരുവിൻ നമുക്ക് ഇഷ്ടിക ഉണ്ടാക്കി നന്നായി ചുട്ടെടുക്കാം.' അങ്ങനെ അവർ കല്ലിനുപകരം ഇഷ്ടികകളും, കുമ്മായത്തിനുപകരം പശമണ്ണും ഉപയോഗിച്ചു. "വരുവിൻ, നാം ഭൂതലത്തിൽ ഒക്കെയും ചിതറിപ്പോകാതിരിക്കാൻ ഒരു പട്ടണവും ആകാശത്തോളം എത്തുന്ന ഒരു ഗോപുരവും പണിയുക, നമുക്കു ഒരു പേരുണ്ടാക്കുക" എന്ന് അവർ പറഞ്ഞു. മനുഷ്യർ പണിത പട്ടണവും ഗോപുരവും കാണേണ്ടതിനു യഹോവ ഇറങ്ങി വന്നു. അപ്പോൾ യഹോവ: ഇതാ, ജനം ഒന്ന്. അവർക്കെല്ലാവർക്കും ഭാഷയും ഒന്ന്. ഇതും അവർ ചെയ്തുതുടങ്ങുന്നു. അവർ ചെയ്വാൻ നിരൂപിക്കുന്നതൊന്നും അവർക്ക് അസാധ്യമാകയില്ല. വരുവിൻ, നാം ഇറങ്ങിച്ചെന്നു അവർ തമ്മിൽ ഭാഷ തിരിച്ചറിയാതിരിപ്പാൻ അവരുടെ ഭാഷ കലക്കിക്കളയുക എന്ന് അരുളിചെയ്തു. അങ്ങനെ യഹോവ അവരെ അവിടെ നിന്നു ഭൂതലത്തിലെങ്ങും ചിന്നിച്ചു. അവർ പട്ടണം പണിയുന്നതുവിട്ടുകളഞ്ഞു. സർവ്വഭൂമിയിലെയും ഭാഷ യഹോവ അവിടെവെച്ചു കലക്കികളകയാൽ അതിനു ബാബേൽ എന്നു പേരായി. യഹോവ അവരെ അവിടെ നിന്നു ഭൂതലത്തിൽ എങ്ങും ചിന്നിച്ചു കളഞ്ഞു." (ഉല്പത്തി 11:1-10)*

വിശുദ്ധ ഖുർആന്റെ പ്രസ്താവനയെ പരോക്ഷമായി ദൃഢീകരിക്കുന്ന പ്രതീകാത്മകവും ആലങ്കാരികവുമായ ഈ കഥയിൽ നിന്ന് മൂന്നു കാര്യങ്ങൾ നമുക്ക് നിഗമിച്ചെടുക്കാം. ഒന്നാമതായി, മനുഷ്യൻ ഒരുകാലത്ത് ഒരുമിച്ചു ജീവിച്ചിരുന്നു. രണ്ടാമതായി ഒരേ ഭാഷ സംസാരിച്ചിരുന്നു. മൂന്നാമതായി പിന്നീടവർ ഭൂമിയിലെ നാലുഭാഗത്തേക്കും വിവിധ ഭാഷകളുമായി ചിന്നിച്ചിതറിപ്പോയി.

## ഭാഷയുടെ ഉത്ഭവം

മനുഷ്യനെപ്പോലെ തന്നെ അത്ഭുതങ്ങൾ നിറഞ്ഞതാണ് മനുഷ്യന്റെ ഭാഷണകല. പുരാതന മനുഷ്യന്റെ ചരിത്രപഠനത്തിന് ആധുനിക പണ്ഡിതന്മാരുടെ ശ്രദ്ധ ഭാഷയെ സംബന്ധിച്ച പഠനങ്ങളിലേക്ക് തിരിയുകയാണ്. കാരണം നാം ഇപ്പോഴും കൈകാര്യം ചെയ്യുന്ന ഭാഷ ആദിപുരാണം മുതലേ മനുഷ്യന്റെ കൂടെയുണ്ട്.

മനുഷ്യന്റെ സർവ മഹത്വങ്ങൾക്കും പുരോഗതിക്കും ആധാരമായ ഭാഷയും ഭാഷണകലയും ശാസ്ത്രത്തിന് ഇപ്പോഴും വഴങ്ങിയിട്ടില്ല. മനുഷ്യന്റെ വൈകാരികവും ധിഷണാപരവുമായ പ്രതികരണവൃത്തി എന്ന നിലയ്ക്ക് ഭാഷണകലയിൽ ഭാഷ, മനസ്സ്, മസ്തിഷ്കം, ഹൃദയം, നാഡീ

വ്യൂഹം എന്നീ ഘടകങ്ങൾ പങ്കെടുക്കുന്നു. മേൽപറഞ്ഞതിൽ മസ്തിഷ്കം, ഹൃദയം, നാഡീവ്യൂഹം മുതലായ അവയവങ്ങൾ ശരീരശാസ്ത്രത്തിന്റെ ഭാഗമാണ്. ഭാഷയും മൂർത്തമാണെന്ന് പറയാം. എന്നാൽ ഈ പ്രക്രിയയിലെ ഏറ്റവും പ്രമുഖമായ മനസ്സ് അമൂർത്തവും ഭൗതികശാസ്ത്രങ്ങൾക്ക് വഴങ്ങാത്തതുമാണ്. അങ്ങനെ ഭാഷയുടെയും ഭാഷണകലയുടെയും ഉൽപ്പത്തി പിടികിട്ടാത്ത സമസ്യയായി അവശേഷിക്കുന്നു.

ഭാഷയുടെ ഉല്പത്തിയെപ്പറ്റി പത്തൊമ്പതാം നൂറ്റാണ്ടിലെ പണ്ഡിതന്മാർ നിരവധി സിദ്ധാന്തങ്ങൾ മുന്നോട്ടുവെക്കുകയുണ്ടായി. മറ്റ് വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത് പോലെ ബഹിർഭാഗസ്ഥവും സ്ഥൂലവുമായ വീക്ഷണങ്ങളായിരുന്നു അവർക്കുണ്ടായിരുന്നത്. ജീവികളുടെ ശബ്ദങ്ങളെ അനുകരിച്ച് പുറപ്പെടുവിച്ച അനുകരണശബ്ദങ്ങളായിരുന്നു ഭാഷയുടെ ഉല്പത്തിക്ക് നിദാനം എന്നായിരുന്നു ഒരുകൂട്ടരുടെ അഭിപ്രായം. ഭാരിച്ച ജോലികൾ ചെയ്യുമ്പോൾ ആശ്വാസത്തിനുവേണ്ടി പുറപ്പെടുവിച്ച ശബ്ദങ്ങളാണ് ഭാഷയായി രൂപപ്പെട്ടതെന്ന് മറ്റൊരു സിദ്ധാന്തം. വികാരപ്രകടനങ്ങളായ വ്യാക്ഷേപക ശബ്ദങ്ങളാണ് മനുഷ്യഭാഷക്ക് വിത്ത് പാകിയതെന്ന് വേറൊരു കൂട്ടർ. ഓരോരുത്തരുടെയും ഭാവനാവിലാസങ്ങൾക്കനുസരിച്ച് കെട്ടിപ്പടുത്ത ഈ ബുദ്ധിശൂന്യമായ സിദ്ധാന്തങ്ങളൊക്കെയും ശാസ്ത്രീയമല്ലാത്ത വെറും ഊഹങ്ങളാണെന്ന നിലക്ക് ആധുനിക ഭാഷാശാസ്ത്രജ്ഞന്മാർ തള്ളിക്കളഞ്ഞിരിക്കുന്നു. തിരസ്ക്കരിക്കപ്പെട്ട ഈ വികല സിദ്ധാന്തങ്ങൾ ആവിഷ്കരിച്ചതിൽ മഹാപണ്ഡിതനായ മാർക്സ് മുള്ളറെപ്പോലെയുള്ളവർ പോലുമുണ്ട്. വിശുദ്ധ ഖുർആൻ പറയുന്നു: **"ആ പരമ കാരുണികൻ, അവൻ ഖുർആൻ പഠിപ്പിച്ചു. അവൻ മനുഷ്യനെ സൃഷ്ടിച്ചു അവനെ ഭാഷണം പഠിപ്പിക്കുകയും ചെയ്തു."** (55:1–5) പ്രാകൃതമനുഷ്യന്റെ സർവ്വ മഹത്വത്തിനും കാരണമായും അത്യഗാധ ധിഷണാവൈഭവത്തോടെ സംഘടിപ്പിക്കപ്പെട്ടതുമായ ഭാഷ ദൈവം പഠിപ്പിച്ചതാണെന്ന വിശുദ്ധ ഖുർആൻ, പ്രസ്താവം ആധുനിക ഭാഷാശാസ്ത്രം പരോക്ഷമായി അംഗീകരിച്ചുവരികയാണ്.

പ്രാകൃത മനുഷ്യൻ ഭാഷ എപ്രകാരം പഠിച്ചു എന്നറിയണമെന്നുണ്ടെങ്കിൽ മനുഷ്യശിശു എപ്രകാരം ഭാഷണകല അഭ്യസിക്കുന്നു എന്ന് സൂക്ഷ്മമായി പഠിക്കേണ്ടതുണ്ട്. ആ വഴിക്ക് ഭാഷയുടേയും ഭാഷണകലയുടേയും നിഗൂഢതകളിലേക്ക് ആധുനിക ശാസ്ത്രം കാലെടുത്തുവെക്കുകയാണ്. ഭാഷണസിദ്ധി മനുഷ്യനിൽ ഒരു ജനിതക പാരമ്പര്യം പോലെ അന്തർലീനമായി കിടക്കുന്നു എന്നാണ് വിശ്വപ്രശസ്ത ഭാഷാ പണ്ഡിതനായ നോം ചോസ്കി പറയുന്നത്. മനുഷ്യശിശുവിൽ ഭാഷണസിദ്ധിയുണ്ട്. പക്ഷേ, സംസാരഭാഷ അവൻ സമൂഹത്തിൽ നിന്ന് പഠിച്ചെടുക്കേണ്ടതുണ്ട്. അതുകൊണ്ട് ഭാഷാപഠനം ഒരു അഭ്യസ്ഥവൃത്തിയാണ് (Learned behaviour) നിലവിലുള്ള ഭാഷ മനുഷ്യശിശു പഠിച്ചുവശത്താക്കുന്നത് പോലെ പ്രാകൃത മനുഷ്യന് ആദ്യം ആരാണ് ഭാഷ പഠിപ്പിച്ചത്? ഭാഷ എവിടെ നിന്ന് വന്നു? ആ ഭാഷ യേത്? ഈ ചോദ്യങ്ങൾ ആധുനിക ഭാഷാശാസ്ത്രത്തേയും നരവംശശാസ്ത്രത്തേയും അലട്ടുകയാണ്. പ്രാകൃത മനുഷ്യൻ സംസാരിച്ചുപോന്ന ഭാഷയ്ക്ക് മുമ്പിൽപോലും മഹാബുദ്ധിമാൻമാർ വരെ വിസ്മയഭരിതരാകുന്നു. പുരാതന മനുഷ്യൻ സംസാരിച്ചിരുന്ന ഭാഷ വളരെ ലളിതമാണെന്ന് കരുതുന്നത് ശരിയല്ല. ജെയിംസ് എഡ്ഗാർ സ്വെയ്ൻ എന്ന വിശ്വപ്രശസ്ത ചരിത്രകാരൻ എഴുതുന്നു. *"പുരാതനകാലത്തെ ഭാഷകൾ വളരെ ലളിതങ്ങളായിരുന്നു എന്ന് കരുതുന്നത് ശരിയല്ല. യൂറോപ്പിലെ ഒരു സാധാരണ കർഷകൻ ആയിരം വാക്കുകളിൽ കൂടുതൽ ഉപയോഗിക്കാറില്ല. എന്നാൽ ടീറാദെൽപ്യൂറോയിലെ പ്രാകൃത മനുഷ്യർക്ക് ഈ സംഖ്യയുടെ അനേകം ഇരട്ടി വരുന്ന ഒരു പദസമ്പത്തുണ്ട്. എക്സിമോ വർഗ്ഗക്കാരുടെ ഭാഷയാകട്ടെ വളരെ പ്രയാസമേറിയതാണ്. ലാപ്പസ് എന്ന വർഗ്ഗക്കാർക്ക് മഞ്ഞ് എന്ന പദത്തിന് 24 പര്യായപദങ്ങളുണ്ട്.* (A History of world civilisation - James Edgar swain P. 48) ഏതായാലും പ്രാകൃത മനുഷ്യൻ ഇത്രയും വിസ്മയകരമായ ഒരായുധം കണ്ടുപിടിക്കുമോ? വിശുദ്ധ ഖുർആന്റെ വചനങ്ങളിലേക്ക് നമുക്ക് ശ്രദ്ധ തിരിക്കാം. **"അവൻ മനുഷ്യനെ സൃഷ്ടിച്ചു. അവനെ ഭാഷണം പഠിപ്പിക്കുകയും ചെയ്തു" (വി. ഖുർആൻ)**

## അറബി പ്രഥമഭാഷ

മനുഷ്യന് ആശയവിനിമയത്തിന് യോഗ്യമായ സംസാരഭാഷ ഇല്ലാത്ത ഒരു കാലഘട്ടമുണ്ടായിരുന്നുവെന്ന് നരവംശശാസ്ത്രം പറയുന്നു. പ്രാകൃതമനുഷ്യന് ഭാഷണകല ദൈവം പഠിപ്പിച്ചതാണെന്ന് വിശുദ്ധ ഖുർആൻ പറയുമ്പോൾ ഭാഷയും ദൈവം സൃഷ്ടിച്ചതാണെന്ന് വരുന്നു. ഭാഷണശേഷി ജനിതകപരമായി ഉൾചേർത്ത് സൃഷ്ടിച്ച മനുഷ്യന് ഭാഷണകല പ്രകടമാകണമെങ്കിൽ ഭാഷയും കൂടി വേണം. രക്തം

ചിന്തി കുഴപ്പക്കാരനായി ജീവിച്ച പ്രാകൃതമനുഷ്യന് ദൈവം വെളിപാടു മുഖേന ഭാഷ നൽകുകയും ഭാഷണകല അഭ്യസിപ്പിക്കുകയും ചെയ്യുകയാണുണ്ടായത്. പ്രാകൃത മനുഷ്യനിൽ നിന്നും ദൈവത്തിന്റെ പ്രതിനിധിയെ തിരഞ്ഞെടുത്ത് അവൻ ഭാഷ അഭ്യസിപ്പിക്കുന്ന രംഗം വിശുദ്ധ ഖുർആൻ വിവരിക്കുന്നത് കാണുക.

**"ഞാൻ ഭൂമിയിൽ ഒരു പ്രതിനിധിയെ നിശ്ചയിക്കുവാൻ പോകുകയാണെന്ന് നിന്റെ നാഥൻ മലക്കുകളോട് പറഞ്ഞ സന്ദർഭം. അവർ പറഞ്ഞു 'അവിടെ കുഴപ്പമുണ്ടാക്കുകയും രക്തം ചിന്തുകയും ചെയ്യുന്ന വരെ നീ അവിടെ നിശ്ചയിക്കുകയാണോ? ഞങ്ങളാകട്ടെ നിന്നെ സ്തുതിക്കുന്നതോടൊപ്പം നിന്റെ മഹിമയെ പ്രകീർത്തിക്കുകയും നിന്റെ വിശുദ്ധിയെ വാഴ്ത്തുകയും ചെയ്യു ന്നു'. അവൻ (അല്ലാഹു) പറഞ്ഞു: നിശ്ചയമായും നിങ്ങളറിയാത്തത് ഞാനറിയുന്നുണ്ട്. അവൻ ആദമിന് എല്ലാ നാമങ്ങളും പഠിപ്പിച്ചുകൊടുത്തു. അനന്തരം അവൻ അവയെ മലക്കുകളുടെ മുമ്പിൽ വരച്ചുകാട്ടി. എന്നിട്ട് അവൻ പറഞ്ഞു. നിങ്ങൾ സത്യം പറയുന്നവരാണെങ്കിൽ ഇവയുടെ നാമങ്ങൾ എന്നോടു പറയുക."** (2:31, 32)

ദൈവവും മനുഷ്യനുമായി പുരാതനകാലം മുതൽക്കേ സംവദിക്കുന്നത് ദിവ്യവെളിപാടുകളിലൂടെയാണ്. രക്തം ചിന്തിയും കുഴപ്പക്കാരനുമായിക്കഴിഞ്ഞ മനുഷ്യന് വെളിപാടുകളിലൂടെ ഭാഷ നൽകി ഭാഷണകല അഭ്യസിപ്പിക്കുകയാണ് ദൈവം ആദ്യം ചെയ്തത്. ആ പ്രഥമഭാഷ അറബിയായിരുന്നു. ഇവിടെ 'ഇസ്മ്' എന്ന പദത്തിന്റെ ബഹുവചനരൂപമാണ് 'അസ്മാഅ്'. നാമങ്ങൾ, നാമവിശേഷങ്ങൾ എന്നൊക്കെയാണ് അർത്ഥം. വസ്തുവും അതിന്റെ ഭാഷയിലെ ആവിഷ്കാരമായ നാമവും തമ്മിൽ അറബിയിലുള്ളതുപോലെ തികവുറ്റതും യുക്തിയുടെ പാരമ്യത്തിലുള്ളതുമായ ബന്ധം മറ്റു ഭാഷകളിൽ ദൃശ്യമല്ല. അറബിഭാഷയിൽ കാണുന്ന അവികലമായ പദഘടനയും, നിരുക്തങ്ങളും, മറ്റു ഭാഷകളിൽ കാണുവാൻ സാധ്യമല്ല. അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ **ഹദ്റത്ത് അഹ്മദ് (അ)** അറബിഭാഷയുടെ മാതൃപദവിയെക്കുറിച്ചും ദൈവവാണി എന്ന നിലക്ക് അതിന്റെ വൈശിഷ്ട്യത്തെക്കുറിച്ചും സർവ്വ ഭാഷാ പടുക്കളുടേയും ആധുനിക ഭാഷാപണ്ഡിതന്മാരെയും വെല്ലുവിളിച്ചുകൊണ്ട് ഇതുസംബന്ധിച്ച് **'മിനനൂർ റഹ്മാൻ'** എന്ന പേരിൽ ഒരു ഗ്രന്ഥം രചിച്ചിട്ടുണ്ട്. ഇത് വെറും ഒരവകാശവാദമല്ല മറിച്ച് ഭാഷയെ സംബന്ധിച്ച് എല്ലാ ശാസ്ത്രീയ യുക്തികളോടും കൂടി സമർപ്പിച്ച ഒരു വെല്ലുവിളിയാണ്. വിയോജിപ്പുള്ളവർക്ക് വേണമെങ്കിൽ അവരുടെ വാദമുഖങ്ങളുമായി ഈ മഹൽഗ്രന്ഥത്തെ സമീപിച്ചുനോക്കാം. മറ്റു ഭാഷകളെല്ലാം അറബി ഭാഷയിൽ നിന്നു പിരിഞ്ഞു പോയതാണെന്നാണ് ഹദ്റത്ത് അഹ്മദ് (അ) ഈ ഗ്രന്ഥത്തിൽ സമർത്ഥിച്ചിരിക്കുന്നത്. പക്ഷേ, പാശ്ചാത്യ പണ്ഡിതന്മാർ ഇസ്ലാമിനോടും അറബി ഭാഷയോടുമുള്ള അവഗണനയും മുൻവിധിയും തുടരുന്നതുകൊണ്ട് തുറന്ന ഹൃദയത്തോടെ ഈ വെല്ലുവിളി അവർ ശ്രദ്ധിക്കുന്നില്ല.

ഭാഷ എന്നത് മൂർത്തമായ ഒരു പഠനവസ്തുവായിരിക്കെ ലോകത്തുള്ള ഭാഷകളെല്ലാം ഒരു പൊതുഭാഷയിൽ നിന്നുണ്ടായതാണെന്ന സിദ്ധാന്തത്തിന് പൂരകമായി ഒരു മാതൃഭാഷ കണ്ടെത്തേണ്ടിയിരിക്കുന്നു. അതിന്നുള്ള ശേഷിയും പദകോശങ്ങളുടെ സമ്പന്നതയും അതിപുരാതനവും ഇന്നും സജീവവുമായ അറബി ഭാഷയിലല്ലാതെ മറ്റൊരു ഭാഷയിലും കാണുവാൻ സാധ്യമല്ല. ഇത് മതപരമായ ഒരു പക്ഷപാതിത്വമോ ഒരു വൈകാരിക ബദ്ധമായ അവകാശവാദമോ അല്ല. തികഞ്ഞ ഒരു ശാസ്ത്രീയ സത്യമാണ്. ശാസ്ത്രലോകം താരതമ്യാത്മകമായി അഭ്യൂഹങ്ങളിൽ നിന്നും മുൻവിധികളിൽ നിന്നും മുക്തമായി അറബിഭാഷയിലേക്ക് ശ്രദ്ധതിരിക്കട്ടെ – ലോകത്ത് നിലവിലുള്ള എല്ലാ സംസാരഭാഷയും അറബി ഭാഷയിൽ നിന്ന് പ്രാദേശിക ഭേദങ്ങളോടെ ഉരുത്തിരിഞ്ഞതാണെന്ന് കാണാം.

## ഭാഷാ സമൂഹങ്ങളുടെ വൈവിധ്യം

**''അവന്റെ ദൃഷ്ടാന്തങ്ങളിൽപ്പെട്ടതാണ് ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പും നിങ്ങളുടെ ഭാഷകളുടെയും വർണങ്ങളുടെയും വൈവിധ്യവും. തീർച്ചയായും അതിൽ അറിവുള്ളവർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്."** (30:23)

അറബി സംസാരിക്കുന്ന ഒരു സമൂഹത്തിൽ നിന്ന് സഞ്ചാരികളായിപ്പോയ ജനങ്ങൾ, ഭൂമിയുടെ മറ്റു ഭാഗങ്ങളിൽ താമസമുറപ്പിക്കുകയോ അതിവ്യാപന സിദ്ധാന്തങ്ങൾ പറയുന്നതുപോലെ, ഭാഷാ പരിജ്ഞാനമില്ലാത്ത ജനങ്ങളിൽ കലർന്നു ജീവിക്കുകയോ ചെയ്തിരിക്കാം. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ ഭാഷാ വൈവിധ്യങ്ങൾക്ക് കാരണമാകുന്നു എന്നത് ഒരു ശാസ്ത്രീയ യാഥാർത്ഥ്യമാണ്. ഭാഷാ വൈവിധ്യങ്ങളെപ്പറ്റി പ്രതിപാദിച്ച വിശുദ്ധ ഖുർആൻ വചനത്തിലെ ആകാശഭൂമികളുടെ സൃഷ്ടിപ്പിനെ പറ്റിയുള്ള പരാമർശം ഭാഷാവൈവിധ്യങ്ങൾക്ക് മനു

ഷ്യന്റെ ആവാസ വ്യവസ്ഥയും പരിസ്ഥിതിയുമായുള്ള ദൃഢബന്ധത്തെ സൂചിപ്പിക്കുന്നു. ഭാഷകളുടെ മാതാവായ അറബി ഭാഷക്ക് പ്രസ്തുത ഭൗതിക സ്വാധീനങ്ങളാൽ പ്രാദേശിക ഭേദങ്ങൾ സംഭവിക്കുകയും ഭാഷാ വൈവിധ്യങ്ങൾ രൂപാന്തരപ്പെടുകയും ചെയ്തു. യുഗയുഗാന്തരങ്ങളായി വളരെ മന്ദഗതിയിൽ നടന്ന ഈ രൂപാന്തര പ്രക്രിയയെക്കുറിച്ച് ശാസ്ത്രത്തിന്റെ ഗവേഷണഫലത്തിന്നായി നമുക്ക് കാതോർക്കാം. തീർച്ചയായും അത് ഖുർആന്റെ വിശുദ്ധ വചനങ്ങളുടെ സാധൂകരണമായിരിക്കും.

## മക്കാപട്ടണം: നഗരങ്ങളുടെ മാതാവ്

വിശുദ്ധ ഖുർആനിൽ മക്കാപട്ടണത്തെപ്പറ്റി '**ഉമ്മുൽഖുറാ**' നഗരങ്ങളുടെ മാതാവ് എന്നാണ് വിശേഷിപ്പിക്കുന്നത്. ഇത് മക്കയുടെ നാഗരികമായ മാതൃസ്ഥാനത്തെ സൂചിപ്പിക്കുന്നു. "**ഇപ്രകാരം അറബിഭാഷയിലുള്ള ഖുർആൻ നാം നിനക്ക് ബോധനം ചെയ്തിരിക്കുന്നു. മാതൃനഗരത്തിനും (മക്ക) അതിനുചുറ്റുമുള്ളവർക്കും നീ മുന്നറി**



**യിപ്പു നൽകുന്നതിനും ഒരു സംശയവുമില്ലാത്ത എല്ലാവരേയും ഒരുമിച്ചു കൂട്ടുന്ന നാളിനെ സംബന്ധിച്ച് നീ മുന്നറിയിപ്പ് നൽകുന്നതിനുംവേണ്ടി"** (42:8).

നാടോടിജീവിതത്തിൽ നിന്ന് പ്രാകൃത മനുഷ്യൻ സ്ഥിരവാസത്തിന്റെ അതായത്, നാഗരിക ജീവിതത്തിലേക്ക് പ്രവേശിക്കുകയുണ്ടായി. നഗരങ്ങളും പട്ടണങ്ങളും രൂപംകൊണ്ടു. ഇവിടെ നഗരങ്ങളുടെ മാതാവായി മക്കാപട്ടണത്തേയും അറബിഭാഷയിലുള്ള വിശുദ്ധ ഖുർആനെയും സംബന്ധിച്ച പരാമർശം ശ്രദ്ധേയമാണ്. എല്ലാ മനുഷ്യ സമൂഹങ്ങളും, ഭാഷാവൈവിധ്യങ്ങളും ഒരുമിച്ചു കൂടുന്ന ഏകലോകം മക്ക കേന്ദ്രമായി ഭാവിയിൽ ഉണ്ടാകുമെന്നും ഈ വിശുദ്ധ ഖുർആൻ വചനം സൂചിപ്പിക്കുന്നു. നാഗരിക പുരോഗതിക്കൊപ്പം മനുഷ്യന്റെ സാംസ്കാരിക പുരോഗതിയെ സൂചിപ്പിക്കുന്ന മനുഷ്യവംശത്തിന്റെ പ്രഥമ ആരാധനാലയമായ 'കഅ്ബ'യും മക്കാപട്ടണത്തിലാണെന്ന് ഖുർആൻ

## എസ്പരാന്റോ

ഭാഷാപരമായ കലഹമില്ലാതാക്കാൻ വേണ്ടി പോളണ്ടിലെ ഭാഷാ വിദഗ്ദ്ധനായ ഡോക്ടർ ലുഡ്‌വിക് ലാസറസ് സാമൻഹോഫ് (1859–1917) ആവിഷ്കരിച്ച ഒരു കൃത്രിമ ലോകഭാഷയാണ് 'പ്രതീക്ഷിച്ചിരിക്കുന്ന ആൾ' എന്നർത്ഥമുള്ള എസ്പരാന്റോ. ഡോക്ടർ ലുഡ്‌വിക് സ്വയം തന്നെ പേര് മാറ്റി എസ്പരാന്റോ എന്ന പേര് സ്വീകരിക്കുകയുണ്ടായി.



ഡോ. ലുഡ്‌വിക് ലാസറസ് സാമൻ ഹോഫ്

റഷ്യൻ, ഇംഗ്ലീഷ്, ഗ്രീക്ക്, ലത്തീൻ, ഫ്രഞ്ച് മുതലായ ഭാഷകൾ സ്വായത്തമാക്കിയ ഡോക്ടർ ലുഡ്‌വിക് എസ്പരാന്റോ എന്ന ആശയം പരസ്യപ്പെടുത്തുന്നതിനു മുമ്പ് തന്നെ ബൈബിളും, ഷേക്സ്പിയർ കൃതികളും ഗോയ്ഥെ, മോളിയോ, ഗോഗോർ തുടങ്ങിയ പ്രശസ്തരായ എഴുത്തുകാരുടെ പല കൃതികളും എസ്പരാന്റോ ഭാഷയിലേക്ക് തർജമ ചെയ്യുകയുണ്ടായി. 1887 ൽ അന്താരാഷ്ട്രഭാഷ എന്ന പുസ്തകം പ്രസിദ്ധീകരിച്ചതോടുകൂടിയാണ് ഈ കൃത്രിമ അന്താരാഷ്ട്ര ഭാഷയ്ക്ക് പ്രശസ്തി ലഭിച്ചത്. Dr. Esperanto's International

പറയുന്നു. '**സമസ്ത മനുഷ്യർക്കും വേണ്ടി സ്ഥാപിക്കപ്പെട്ട പ്രഥമമന്ദിരം മക്കയിലുള്ളതുതന്നെയാണ്. അനുഗൃഹീതവും സർവ്വലോകർക്കുമുള്ള മാർഗ്ഗദർശകവുമത്രേ അത്**'' (3:97). ഇവിടെ ഏറ്റവും പുരാതനമായ നാഗരികതയും സംസ്കാരവും അഥവാ ആത്മീയതയും മക്കാപട്ടണത്തിൽ സംഗമിക്കുന്നു. മരുഭൂമി ചുറ്റിലുമായി നിൽക്കുന്ന മക്കാപട്ടണം ചരിത്രാതീതകാലം മുതൽക്കേ സ്ഥിരവാസത്തിന്റെ നഗരിയായിരുന്നു. അതിപുരാതന ഭവനം '**ബൈത്തുൽ അതീഖ്**' എന്നു വിശേഷിപ്പിച്ച കഅ്ബയുടെ സാന്നിദ്ധ്യമാകണം മക്കയെ പുരാതനപട്ടണമാക്കിയത്. ഇബ്രാഹിം നബി (അ)യും മകൻ ഇസ്മാഈൽ നബി (അ)യും പണ്ട് കാലം മുതൽക്കെ അവിടെയുണ്ടായിരുന്ന കഅ്ബ പുതുക്കി പണിയുകയാണ് ചെയ്തത്.

സ്ഥിരവാസത്തിന്റെ നഗരമാണെങ്കിലും മക്കാപട്ടണം 'കൃഷിയോഗ്യമല്ലാത്ത' ഒരു മരുത്താഴ്വരയിലാണ് സ്ഥിതിചെയ്യുന്നത്. ഇബ്റാഹീം നബി(അ)യുടെ പ്രാർത്ഥനയിൽ മക്കാപട്ടണത്തിന്റെ ഈ വിശേഷണം കാണാം. ''**ഞങ്ങളുടെ നാഥാ, എന്റെ സന്തതികളിൽ നിന്ന് ചിലരെ കൃഷിയോഗ്യമല്ലാത്ത ഒരു താഴ്‌വരയിൽ നിന്റെ ആദരണീയമായ ഭവനത്തിന്റെയടുത്ത് ഞാനിതാ താമസിപ്പിച്ചിരിക്കുന്നു.**'' (14:38) മക്കയുടെ ഈ പ്രത്യേകത കാരണം ഭക്ഷണത്തിനും മറ്റ് വിഭവങ്ങൾക്കും വിദൂരദേശങ്ങളെ ആശ്രയിക്കുകയേ നിവൃത്തിയുള്ളൂ. ഇസ് ലാമിനു മുമ്പ് പണ്ട് മുതൽക്കേ മക്കാനിവാസികൾ കച്ചവടസംഘങ്ങളായി ദൂരദിക്കുകളിലേക്ക് യാത്രകൾ നടത്തി. ചിലർ ഫലഭൂയിഷ്ടമായ ദൂരസ്ഥലങ്ങളിൽ വാസമുറപ്പിച്ചു. അങ്ങനെ ആ ദൂരദിക്കുകളിൽ താമസിച്ച ജനങ്ങളുമായി സമ്പർക്കത്തിലേർപ്പെട്ടു. മറ്റു ദേശങ്ങളിലെ പ്രാകൃത ജനങ്ങൾക്ക് ഭാഷാസിദ്ധിയുണ്ട്. പക്ഷേ പക്വമായ മനുഷ്യഭാഷക്ക് പകരം ആംഗ്യഭാഷയും അർത്ഥരഹിതമായ ശബ്ദങ്ങളുമായിരിക്കാം അവർ ഉപയോഗിച്ചത്. വെളിപാടിലൂടെ ലഭിച്ച അറബിഭാഷ സംസാരിക്കുന്നവരുമായി സമ്പർക്കത്തിലേർപ്പെട്ടപ്പോൾ അവരുടെ ഭാഷണസിദ്ധി ഭാഷയായി രൂപപ്പെട്ടതായിരിക്കാം. മനുഷ്യശിശു ഭാഷണകല അഭ്യസിക്കുന്ന പ്രതിഭാസവുമായി നമുക്കതിനെ താരതമ്യം ചെയ്യാം.

നാടോടിജീവിതത്തിൽ നിന്ന് സ്ഥിരതാമസം ആരംഭിച്ചതിന്റെ പ്രതീകമായിരുന്നു മക്കാപട്ടണം. അവിടെ പൗരാണിക കാലം മുതൽക്കു തന്നെ ജീവിച്ചിരുന്നവർ ഖുറൈശികളായിരുന്നു. വിവിധ സ്ഥലങ്ങളിൽ നിന്ന് പെറുക്കിയെടുത്ത് ഒരു സ്ഥലത്ത് സംയോജിപ്പിക്കുക എന്ന് അർത്ഥം വരുന്ന 'ഖറശാ' എന്ന ധാതുവിൽ നിന്നാണ് 'ഖുറൈശ്' എന്ന പദം നിഷ്പ്പന്നമായത്.

അങ്ങനെ കഅ്ബയുടെ സാന്നിദ്ധ്യവും അറബിഭാഷയുടെ അനുഗ്രഹവും കൊണ്ട് ഉന്നതമായ നാഗരിക സംസ്കൃതിയുടെ ഉച്ചസ്ഥായിയിൽ വിരാജിച്ച മക്കാനിവാസികൾ തിരുനബി(സ)യുടെ ആഗമനകാലത്ത് അധഃപതനത്തിന്റെ നീചഗർത്തത്തിലായിരുന്നു. നാടോടിജീവിതത്തിൽ നിന്ന് സ്ഥിരവാസത്തിന്റെ നാഗരിക സമൂഹമായി മാറിയ പുരാതന മക്കാനിവാസികൾ പിന്നീട് കച്ചവടത്തിലൂടെ ലോകം മുഴുവൻ വ്യാപിച്ച കാര്യം വിശുദ്ധ ഖുർആൻ പറയുന്നു. ആഹാരത്തിനു വേണ്ടിയായിരുന്നു ഈ യാത്രകൾ നടത്തിയിരുന്നത്. അതിന്റെ ഫലമായി അവർക്ക് ആഹാരവും സമാധാനവും ലഭിച്ചതായി വിശുദ്ധ ഖുർആൻ പറയുന്നു. സംസ്കാരത്തിന്റെയും ഭാഷയുടെയും അതിവ്യാപനത്തിന്നുള്ള ഒരു ദൈവിക പദ്ധതിയായിരിക്കാമിത്.

**"ഖുറൈശികളെ ഒന്നിപ്പിക്കുന്നതിനുവേണ്ടി ശൈത്യകാലത്തെയും ഉഷ്ണകാലത്തെയും യാത്രകളുമായി അവർക്ക് ഇണക്കമുണ്ടാവുന്നതിനുവേണ്ടി.**

Language എന്ന പേരിൽ ആ പുസ്തകത്തിന് ഒരു ഇംഗ്ലീഷ് വിവർത്തനം വരികയുണ്ടായി. യൂറോപ്പ്യൻ രാജ്യങ്ങൾ എസ്പരാന്റോയെ ആവേശപൂർവ്വം സ്വാഗതം ചെയ്തു. എസ്പരാന്റോയുടെ പ്രചരണത്തിന് 2500 മെമ്പർമാരുള്ള ഒരു അന്താരാഷ്ട്ര സംഘടനയുണ്ട്. 7000 പുസ്തകങ്ങളും നൂറിലധികം ആനുകാലികങ്ങളും എസ്പരാന്റോ ഭാഷയിലുണ്ട്. യുനെസ്കൊ ഈ ലോകാഭാഷാ ഉദ്യമത്തെ സഹായിക്കുന്നുമുണ്ട്.

എസ്പരാന്റോ ഭാഷ ഇംഗ്ലീഷ് വ്യാകരണത്തിന്റെ അനുകരണമായിരുന്നു. പല കൃത്രിമ രീതികളും എസ്പരാന്റോയിൽ ആവിഷ്കരിക്കപ്പെട്ടതു കാരണം ഐക്യരാഷ്ട്ര സഭയുടേയും, ലോക ഗവൺമെന്റുകളുടേയും സഹായം കിട്ടിയിട്ടുകൂടി എസ്പരാന്റോ ഒരു സമ്പർക്ക ഭാഷാ എന്ന നിലക്ക്പോലും വിജയിച്ചിട്ടില്ല. ഏറെക്കുറെ മരിച്ചുകഴിഞ്ഞ ഈ കൃത്രിമ ഭാഷ ബാബേൽ ഗോപുര നിർമ്മാണ ശ്രമം പോലെ പരാജയപ്പെട്ട ഒരു മനുഷ്യോദ്യമമാണ്.

**അതിനാൽ ഈ മന്ദിരത്തിന്റെ (കഅ്ബ) നാഥനെ അവർ ആരാധിക്കട്ടെ. അവർക്ക് ആഹാരം നൽകി വിശപ്പിൽ നിന്ന് അവർക്ക് രക്ഷ നൽകി സമാധാനാവസ്ഥ സംജാതമാക്കിക്കൊടുക്കുകയും ചെയ്തവനായ (അവരുടെ നാഥൻ)" (106:1-5)**

### ഉപസംഹാരം

വിശുദ്ധ ഖുർആൻ ചരിത്രാന്വേഷകരുടെ അക്ഷയഖനിയാണ്. നിരവധി ചരിത്രപ്രശ്നങ്ങൾക്ക് അതിൽ പരിഹാരമുണ്ട്. അറബി ഭാഷയിലുള്ള വിശുദ്ധ ഖുർആന്റെ അതിസൂക്ഷ്മവും ഗഹനവുമായ ചരിത്രവിവരണങ്ങൾ നിറഞ്ഞ ഓരോ വചനങ്ങളിലും ചരിത്രസത്യങ്ങളുടെ ആയിരമായിരം രഹസ്യങ്ങൾ അടങ്ങിയിരിക്കുന്നു. പൗരാണിക ജനതകളെക്കുറിച്ച് ചരിത്രകാരന്മാരുടെ ഗവേഷണങ്ങൾക്ക് മാർഗ്ഗദീപമാകാൻ കഴിയുന്ന ഒരേയൊരു മതഗ്രന്ഥം വിശുദ്ധ ഖുർആനാണ്. പക്ഷേ, പണ്ഡിതന്മാരുടെ മുൻവിധികളോടെയുള്ള അവഗണനക്ക് പാത്രമായ ആ ദിവ്യഗ്രന്ഥം സൗമ്യപൂർവ്വം ഉണർത്തുന്നത് കാണുക: **"അപ്പോൾ അവർ ഖുർആനെ സംബന്ധിച്ച് ചിന്തിക്കുന്നില്ലേ? അത് അല്ലാഹുവല്ലാത്ത (മറ്റുവല്ല)വരിൽ നിന്നും ഉള്ളതായിരുന്നുവെങ്കിൽ തീർച്ചയായും അവർഅതിൽ ധാരാളം വൈരുദ്ധ്യങ്ങൾ കണ്ടെത്തുമായിരുന്നു" (4:83). "അവൻ തന്നെയാണ് നിനക്ക് ഈ ഗ്രന്ഥം ഇറക്കിയിട്ടുള്ളത്. അതിൽ ചിലത് ഖണ്ഡിതവചനങ്ങളാണ്. അത് ഗ്രന്ഥത്തിന്റെ അടിസ്ഥാനമാകുന്നു. മറ്റു ചിലത് സദൃശവചനവുമാണ്. അറിവിൽ പരിപൂർണ്ണ വൈഭവം സിദ്ധിച്ചവരല്ലാതെ അതിന്റെ വ്യാഖ്യാനം അറിയുന്നില്ല. ബുദ്ധിമാൻമാരല്ലാതെ ആരും തന്നെ ഉപദേശം സ്വീകരിക്കുന്നില്ല" (33:8)**

ലോകജാലകം

അഫ്ഇദത്തുൽ സലാം വി.എം.

# ബ്രിട്ടനിൽ ഇസ്ലാമിക മുന്നേറ്റം

വെളുത്ത നിറവും നീലകണ്ണുകളുമുള്ള ലോറ ഇപ്പോൾ ആയിഷയാണ്. ജീൻസ് ധരിച്ച്, അണിഞ്ഞൊരുങ്ങി നടന്ന അവളിപ്പോൾ പർദ്ദയണിയുകയും വിശുദ്ധ ഖുർആൻ പാരായണം ചെയ്യുകയും, അഞ്ചുനേരം നമസ്കരിക്കുകയും ചെയ്യുന്നു. ഇവരുടെ ജീവിതത്തിൽ നാടകീയമാറ്റമാണ് സംഭവിച്ചിരിക്കുന്നത്. ഈ മാറ്റം ആയിഷക്ക് മാത്രമല്ല സംഭവിച്ചിരിക്കുന്നത്, ലൈല, സമീഹ, ഹനാൻ, സാറാജോസഫ്, മേരി, ടോണിബ്ലെയറിന്റെ ഭാര്യാ സഹോദരി ലോറിൻബൂത്ത്.... അങ്ങനെ നിരവധി ബ്രിട്ടീഷ് യുവതികൾക്കാണ് പരിവർത്തനം സംഭവിച്ചുകൊണ്ടിരിക്കുന്നത്.

ബ്രിട്ടീഷ് സമൂഹത്തിൽ, പ്രത്യേകിച്ച് സ്ത്രീകൾക്കിടയിൽ ഇസ്ലാമിന് ശക്തമായ സ്വീകരണം ലഭിക്കുന്നുവെന്ന് ബിബിസി ഏഷ്യൻ നെറ്റ്വർക്കാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഇസ്ലാമിലേക്ക് നടക്കുന്ന മതപരിവർത്തനങ്ങളെക്കുറിച്ച് ഫെയ്ത്ത്മാറ്റേഴ്സിനുവേണ്ടി സ്വാൻസിയ(Swansea) യൂണിവേഴ്സിറ്റി നടത്തിയ പഠനത്തിലാണ് ഈ വിവരം പുറത്ത് വന്നിരിക്കുന്നത്. 2001 മുതൽ 2010 വരെയുള്ള കാലയളവിൽ ഇസ്ലാമിലേക്ക്പരിവർത്തനം ചെയ്യപ്പെട്ടവരുടെ സംഖ്യ 60,000ത്തിൽ നിന്നും 100,000ലേക്ക് എത്തിയിരിക്കുന്നു. 2001 ലെ സെൻസസ് വിവരങ്ങളും, യൂറോപ്പിലെ മതപരിവർത്തന സ്ഥിതി വിവരകണക്കുകളും ബ്രിട്ടണിലെ 250-ഓളം മസ്ജിദുകളിൽ നിന്നും ലഭിച്ച വസ്തുതകളും ആധാരമാക്കിയാണ് പഠനം നടത്തിയത്. ഇസ്ലാം സ്വീകരിച്ച വ്യക്തികളുമായി സംസാരിച്ചപ്പോൾ അവർ തങ്ങളുടെ കുടുംബങ്ങളിൽ നിന്നും ശക്തമായ എതിർപ്പുകൾ നേരിടുന്നുണ്ടെന്ന് ഗവേഷകർക്ക് വ്യക്തമായി. പരിവർത്തിതരായ ബ്രിട്ടീഷ് യുവതികളുടെ ഇസ്ലാം മതാശ്ലേഷണത്തിന് മുമ്പും പിമ്പുമുള്ള ഇവരുടെ ജീവിതത്തെ സംബന്ധിച്ച് വ്യക്തമായി അറിയുന്ന തദ്ദേശീയ ബ്രിട്ടീഷ് സമൂഹത്തിന് ഇസ്ലാമിക ജീവിതത്തിന്റെ മഹത്വം കൂടുതൽ അടുത്തറിയാൻ ഇവർ മുഖേന സാധ്യമാകുന്നു.

# പി. പി. നാസിറുദ്ദീൻ സാഹിബ് അൻസാറുല്ലാ നാഇബ് സദ്ർ



അൻസാറുല്ലാ സംസ്ഥാന നാസിം പി. പി. നാസിറുദ്ദീൻ സാഹിബിനെ അൻസാ റുല്ലാ അഖിലേന്ത്യാ നാഇബ് സദർ ആയി നിയമിച്ചുകൊണ്ട് അമീറുൽ മുഅ്മിനീൻ അംഗീകാരം നൽകിയിരിക്കുന്നുവെന്ന് അഖിലേന്ത്യാ സദർ ഖാരി നവാബ് അഹ്മദ് സാഹിബ് അറിയിച്ചു.

# അഹ്മദിക്ക് ലോർഡ്ഷിപ്പ്



ബ്രിട്ടീഷ് കൺസർവേറ്റീവ് പാർട്ടി വൈസ് ചെയർമാൻ താരിഖ് അഹ്മദിന് ഹൗസ് ഓഫ് ലോർഡ്സിലെ ലൈഫ് പീർ (Life peer) പദവി നൽകി ആദരിച്ചു. ബ്രിട്ടീഷ് രാജ്ഞിയിൽ നിന്നും ഈ പദവി ലഭിക്കുന്ന ആദ്യ അഹ്മദിയും കൺസർവേറ്റീവ് പാർട്ടിയെ പ്രതിനിധീകരിച്ചു കൊണ്ട് പീർ പദവിലഭിക്കുന്ന 3–ാ മത്തെ മുസ്‌ലിമുമാണ് താരിഖ് അഹ്മദ്. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ബ്രിട്ടന്റെ യുവജനവിഭാഗം ദേശീയ ഉപാദ്ധ്യക്ഷനാ യിരുന്ന ഇദ്ദേഹം ഹ്യുമാനിറ്റി ഫസ്റ്റ്, സേവ് ചിൽഡ്രൻ ഫണ്ട് തുടങ്ങിയ ചാരിറ്റി പ്രവർത്തനങ്ങളിൽ സജീവമാണ്. അഹ്മദിയ്യാമുസ്‌ലിം ജമാഅത്തിന്റെ യു.കെ അമീർ റഫീഖ് അഹ്മദ് ഹയാത്ത് സാഹിബ് ഇദ്ദേഹത്തിനു ലഭിച്ച ഈ സ്ഥാനലബ്ധിയിൽ അഭിനന്ദിക്കുകയും ഇത് രാജ്യത്തിന് വേണ്ടി സേവനം ചെയ്യാനുള്ള അവസരമാകട്ടെയെന്ന് ആശംസിക്കുകയുമുണ്ടായി.

# വിവാഹബന്ധം അസാധുവാക്കുന്ന ഇസ്‌ലാമിക കോടതി

*"യഥാർത്ഥ ഇസ്‌ലാമിലാണ് ഞാൻ വിശ്വസിക്കുന്നത്. ഞാൻ വിശ്വസിക്കുന്നുണ്ടോ ഇല്ലയോ എന്ന് അവർക്ക് എന്റെ ഹൃദയം തുറന്നുനോക്കി മനസ്സിലാക്കാൻ കഴിയില്ലല്ലോ!"*

മതപരിത്യാഗികൾ എന്ന് മുദ്ര കുത്തി വിവാഹബന്ധം റദ്ദാക്കിയ പലസ്തീൻ ഇസ്‌ലാമിക കോടതിയുടെ ഉത്തരവിനോട് രോഷാകുലയായി പ്രതികരിച്ച സമാഹ് അൽവനാഹിന്റെ വാക്കുകളാണിത്. പലസ്തീനിലെ, വെസ്റ്റ്ബാങ്കിൽ താമസിച്ചുപോരുന്ന അഹ്മദികളായ മുഹമ്മദ് അൽവനാഹും, സമാഹ് അൽവനാഹും 2009 ലാണ് വിവാഹം ചെയ്ത് ഒരുമിച്ച് ജീവിക്കാൻ ആരംഭിച്ചത്. കഴിഞ്ഞവർഷം പലസ്തീനിലെ ഇസ്‌ലാമിക കോടതിയിലെ പ്രോസിക്യൂട്ടർ ഇവർക്കെതിരെ മതപരിത്യാഗകുറ്റം ചുമത്തി ഹർജി ഫയൽചെയ്യുകയുണ്ടായി. വാദം കേട്ട കോടതി ഇവർ കുറ്റക്കാരാണെന്ന് കണ്ടെത്തുകയും, മുസ്‌ലിമായി പരിഗണിക്കാൻ കഴിയാത്തതിനാൽ ഇവരുടെ വിവാഹ രജിസ്ട്രേഷൻ റദ്ദാക്കുകയും ചെയ്തു. എല്ലാവിവാഹങ്ങളും ഇസ്‌ലാമിക കോടതികളിലോ ക്രിസ്ത്യൻ പള്ളികളിലോ നിർബന്ധമായും രജിസ്റ്റർ ചെയ്തിരിക്കണം എന്നാണ് പലസ്തീനിലെ നിയമം. സിവിൽ വിവാഹങ്ങൾക്ക് അവിടെ നിയമാംഗീകാരമില്ല അത്കൊണ്ട് തന്നെ ഈ ദമ്പതികൾക്ക് വെസ്റ്റ്ബാങ്കിൽ അവരുടെ വിവാഹം നിയമപരമായി അംഗീകരിപ്പിക്കാൻ കഴിയാത്തസാഹചര്യമാണ് നിലവിലുള്ളതെന്ന് അവരുടെ അഭിഭാഷകനായ ഗൺഡിറബായി പറയുകയുണ്ടായി. അതിനാൽ ഇവരുടെ കുട്ടിയുടെ പേര് പലസ്തീനിയൻ അഭ്യന്തരവകുപ്പിൽ രജിസ്റ്റർ ചെയ്യാനോ, ഗവൺമെന്റ് സ്കൂളിൽ ചേർക്കാനോ, മെഡിക്കൽ പരിരക്ഷ സാധ്യമാക്കാനോ കഴിയാതെ വരുന്നു. കുട്ടിയെ അംഗീകൃത സന്തതിയായി പരിഗണിക്കില്ല എന്നർത്ഥം. സമാഹ് അൽവനാഹ് ഇപ്പോൾ ഗർഭിണികൂടിയാണ്.

പലസ്തീനിയൻ നിയമം മതസ്വാതന്ത്ര്യം ഉറപ്പുവരുത്തുന്നുണ്ടെന്ന് ഗവൺമെന്റ് വക്താവ് ഹസ്സൻ ഖത്തീബ് പറയുന്നുണ്ടെങ്കിലും ഫലത്തിൽ പൗരന്റെ മൗലീകാവകാശങ്ങളുടെ നിഷേധമാണ് ഇസ്‌ലാമിക കോടതികൾ നടത്തുന്നത്. ഈ അനീതിയെ നിയമപരമായി നേരിടാൻ തന്നെയാണ് അഹ്മദി ദമ്പതികളുടെ തീരുമാനം.




# പാക്കിസ്ഥാനിലെ മതനിന്ദാ നിയമം, മതതീവ്രവാദികൾക്ക് തിരിച്ചറിവുണ്ടാവട്ടെ.

മുസാഫിർ

വാസ്തവത്തിൽ ഇസ്‌ലാംമതം അതിന്റെ കുലീനശ്രേഷ്ഠമായ സാംസ്കാരിക പ്രതാപം കൊണ്ടും സനിഷ്കർഷമായ യുക്തിബോധംകൊണ്ടും സർവ്വോപരി സത്യത്തിന്റെ സമുജ്ജ്വല ശോഭകൊണ്ടും എല്ലാ വിമർശനങ്ങളേയും നിന്ദകളേയും അതിജയിച്ചു നിൽക്കുന്ന ഒരു ദിവ്യാത്ഭുതമാണ്. ആ ദിവ്യശോഭയെ കെടുത്തി അസഹിഷ്ണുതയുടെ രക്തഛവി കലർന്ന ഭീകരസാന്ദ്രമായ അന്തരീക്ഷം സൃഷ്ടിക്കുന്നത് ഇസ്‌ലാം മതത്തിന്റെ പേരിൽ തേർവാഴ്ച നടത്തുന്ന മുല്ലായിസമാണ്. പാക്കിസ്ഥാനെ ഏറെക്കുറെ പൂർണ്ണമായും ഗ്രസിച്ചുകഴിഞ്ഞ ഇസ്‌ലാമിന്റെ ഈ പ്രതിസംസ്കാരത്തെ ഇസ്‌ലാമിനെ സ്നേഹിക്കുന്ന ദൈവഭക്തരായ സത്യാന്വേഷികൾ തിരിച്ചറിയേണ്ടിയിരിക്കുന്നു. പാക്കിസ്ഥാൻ മുല്ലായിസത്തിന്റെ അസുരസന്തതിയായ മതനിന്ദാ നിയമത്തെ വിമർശിച്ചതിനെത്തുടർന്ന് പാകിസ്ഥാൻ പഞ്ചാബിലെ ഗവർണർ സൽമാൻ തയ്സീർ വധിക്കപ്പെട്ട സംഭവം അപലപനീയമാണ്. പാക്കിസ്ഥാൻരാഷ്ട്രീയത്തിൽ അപകടകരമാം വിധം വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന ജനാധിപത്യബോധവും ഉദാരവീക്ഷണവുമുള്ള അപൂർവ്വം നേതാക്കന്മാരുടെ പ്രതിനിധിയായിരുന്നു പഞ്ചാബ് ഗവർണറും പി.പി.പി. നേതാവുമായിരുന്ന സൽമാൻ തയ്സീർ. വിഖ്യാത ഉറുദുകവി ഫെയ്സ് അഹ്മദ് ഫെയ്സിന്റെ അനന്തിരവൻ കൂടിയായിരുന്നു അദ്ദേഹം.

കുപ്രസിദ്ധമായ മതനിന്ദാനിയമം ഇസ്‌ലാമിക വിരുദ്ധവും തിരുത്തപ്പെടേണ്ടതുമാണെന്ന് പറഞ്ഞതിനാണ് സൽമാൻ തയ്സീർ ജനുവരി 4 ന് ലാഹോറിൽ വെടിയേറ്റ് മരിച്ചത്. കഴിഞ്ഞ മെയ് മാസത്തിൽ അഹ്മദിയ്യാ മസ്ജിദുകളെ രക്തത്തിൽ കുളിപ്പിച്ച ലാഹോറിന്റെബലിദാനത്തിനു ശേഷം തുടരുന്ന മറ്റൊരു മനുഷ്യക്കുരുതികൂടിയാണിത്. ലാഹോറിൽ അഹ്മദികളെ കൂട്ടക്കൊല നടത്തിയപ്പോൾ ആശ്വസിപ്പിക്കാൻ വന്ന ഉന്നതനായ ഏക ഗവൺമെന്റ് പ്രതിനിധിയായിരുന്നു അദ്ദേഹം. ലാഹോർ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് വക്താവ് മിർസ ഗുലാം അഹ്മദ് സാഹിബിനോടൊപ്പം തീവ്രവാദത്തെ അപലപിച്ചുകൊണ്ട് നടത്തിയ പത്രസമ്മേളനം ഇവിടെ സ്മരിക്കുകയാണ്.

തന്റെ സുരക്ഷക്ക് വിശ്വസ്തതയോടെ നിയമിച്ച അംഗരക്ഷകൻ മുംതാസ് ഖാദിരിയാണ് തസീറിന്റെ നെഞ്ചിലേക്ക് നിറയൊഴിച്ചത്. യജമാന ഹത്യ നടത്തിയ അയാൾ പഞ്ചാബ് ഗവർണറുടെ ഈ നിലപാടിനെ എതിർക്കുന്ന കടുത്ത തീവ്രവാദിയായിരുന്നു. ഘാതകൻ പുഞ്ചിരിക്കുന്ന മുഖവുമായിട്ടാണ് പോലീസിന്



വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട ആസിയാ ബീവിയോടൊപ്പം സൽമാൻ തയ്സീർ പത്രസമ്മേളനം നടത്തുന്നു. കൂടെ ഭാര്യയും മകളും

കീഴടങ്ങിയത്. വിശ്വാസ പാതകിയായ ഈ ക്രൂരഹന്താവിന് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് പാക്കിസ്ഥാനിലുടനീളം മതകക്ഷികൾ നടത്തിയ പ്രകടനങ്ങളും, കൊലപാതകത്തെ ന്യായീകരിച്ചുകൊണ്ട് ചാനലുകൾ തുറന്ന നിലയിൽ നടത്തിയ ചർച്ചകളും ആ രാജ്യത്തിന് മേൽ നീതിരഹിതമായ മതതീവ്രവാദം നേടിയ മേധാവിത്വത്തെ സൂചിപ്പിക്കുന്നു. തയ്സീറിന്റെ ജനാസ സംസ്ക്കാരത്തിൽ ആരും പങ്കെടുക്കരുതെന്ന് തീവ്രവാദികൾ മതശാസനയും പുറപ്പെടുവിച്ചിരുന്നു.

പാക്കിസ്ഥാൻ ഭരണാധികാരികളുടെ സുരക്ഷക്ക് അമേരിക്കയിൽ നിന്നും അംഗരക്ഷകരെ കൊണ്ടുവരാനുള്ള പാക്കിസ്ഥാൻ ഗവൺമെന്റ് ഇപ്പോഴത്തെ തീരുമാനം എത്രലജ്ജാകരമാണ്. പാക്കിസ്താനിലെ മതനിന്ദാനിയമം റദ്ദാക്കണമെന്നും പരിഷ്ക്കരിക്കണമെന്നും വാദിച്ച മിതവാദികളാരും തന്നെ പഞ്ചാബ് ഗവർണറുടെ കൊലപാതകത്തിന് ശേഷം ശബ്ദിച്ചിട്ടില്ല. മിക്ക രാഷ്ട്രീയ നേതാക്കന്മാരും ജനാസ സംസ്കരണചടങ്ങിൽ തീവ്രവാദികളെ ഭയന്ന് പങ്കെടുത്തിട്ടുമില്ല. മുസ്‌ലിം ഭൂരിപക്ഷ പ്രദേശമായ പാക്കിസ്ഥാനിൽ ഇത്തരത്തിൽ മതനിന്ദാ നിയമത്തിന്റെ പ്രസക്തിയെന്ത് എന്ന് ഒരു പൊതുവേദിയിൽവെച്ച് ചോദിച്ച മുൻനിയമകാര്യമന്ത്രി ഇക്ബാൽ ഹൈദറിനെ *'വാജിബുൽ ഖതൽ'* (വധിക്കപ്പെടേണ്ട ആൾ) എന്ന് തീവ്രവാദികൾ മുദ്രകുത്തി വിളംബരപ്പെടുത്തിയിരുന്നു. ഈ നിയമം പരിഷ്ക്കരിക്കാൻ പാർലമെന്റിൽ ബില്ല് അവതരിപ്പിക്കാമെന്ന് പറഞ്ഞ കറാച്ചിയിൽ നിന്നുള്ള വനിതാ അംഗം, ഷെറി റഹ്മാനും പൊതുവേദിയിൽ നിന്നും ഇപ്പോൾ അപ്രത്യക്ഷയായിരിക്കു



മുംതാസ് ഖാദിരി

കയാണ്. പാക്കിസ്താനിലെ മുൻ പട്ടാള ഭരണ മേധാവി ജനറൽ പർവേസ് മുഷറഫും മതനിന്ദാനിയമം പരിഷ്ക്കരിണമെന്ന് വാദിച്ചിരുന്നുവെങ്കിലും പിന്നീട് അദ്ദേഹവും അതിനെപ്പറ്റിയാതൊന്നും ഉരിയാടിയിട്ടില്ല. സൽമാൻ തയ്സീറിന്റെ പാർട്ടിയായ പാക്കിസ്ഥാൻ പീപ്പിൾസ് പാർട്ടി ഭരിക്കുന്ന പാകിസ്ഥാനിലെ നിയമകാര്യ മന്ത്രി ബാബർ അവാൻ താൻ മന്ത്രിയായി തുടരുന്നിടത്തോളം കാലം മതനിന്ദാനിയമത്തിൽ കൈവെക്കാൻ ആരേയും അനുവദിക്കില്ല എന്ന് തീവ്രവാദികളെ സന്തോഷിപ്പിച്ചുകൊണ്ട് ദൃഢപ്രസ്താവന നടത്തിയിരിക്കുകയാണ്. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ പി.പി.പി യുടെ പ്രകടനപത്രികയിലെ വാഗ്ദാനങ്ങളിലൊന്ന് മതനിന്ദാനിയമം പരിഷ്ക്കരിക്കുമെന്നായിരുന്നു എന്ന് നാമോർക്കണം. ജനാധിപത്യ പുരോഗമനാശയങ്ങളുടെ അടിസ്ഥാനത്തിലാണ് പി.പി.പി. ജന്മം കൊണ്ടതെങ്കിലും ആ പാർട്ടിയുടെ ആരംഭം മുതൽ സ്വാർത്ഥ താൽപര്യത്തിനായി മുല്ലായിസവും മതതീവ്രവാദവുമായി നടത്തിയ അവിശുദ്ധ ബാന്ധവവും നീക്കുപോക്കുകളുമാണ് പാകിസ്ഥാനെ ഈ നിലയിലെത്തിച്ചതെന്നും തങ്ങളുടെ നേതാക്കന്മാരെ നഷ്ടപ്പെടുവാൻ ഇടയാക്കിയതെന്നും ഭീരുക്കളുടെ കൂടാരമായിക്കഴിഞ്ഞ പി.പി.പി. ഓർക്കുന്നില്ല. പഞ്ചാബ് ഗവർണറുടെ വധത്തെ ശക്തമായി അപലപിച്ചത് ഭൂട്ടോകുടുംബത്തിലെ അവശേഷിക്കുന്ന ചെറുപ്പക്കാരനായ ബിലാവൽ ഭൂട്ടോയാണ്. അദ്ദേഹമാവട്ടെ ലണ്ടനിൽ നിന്നാണ് ആ പ്രസ്താവന നടത്തിയതും.

പട്ടാളസ്വേച്ഛാധിപതിയും മതതീവ്രവാദിയുമായിരുന്ന ജനറൽ സിയാഉൽ ഹഖിന്റെ കാലത്താണ് മതനിന്ദാനിയമം വധശിക്ഷ കൂടി ഉൾപ്പെടുത്തി ഭീകരമായി പരിഷ്ക്കരിച്ചത്. ഭരണഘടനയിലെ 295–ബി., 295–സി, വകുപ്പുകൾ വിശുദ്ധ ഖുർആനെയും റസൂൽ തിരുമേനി (സ)യേയും നിന്ദിക്കുന്നതിനെതിരെയുള്ള നിയമമാണ്. അതിൽ റസൂൽ തിരുമേനി (സ)യെ നിന്ദിക്കുന്നതുമായി ബന്ധപ്പെട്ട ക്രിമിനിൽ പ്രൊസീജിയർ കോഡ് 298–സി. യിലാണ് വധശിക്ഷ ശുപാർശ ചെയ്തിട്ടുള്ളത്. 1986 ൽ ഈ നിയമം പാക്കിസ്താനിൽ പ്രാബല്യത്തിൽ വന്നതുമുതൽ ആരെയും വധശിക്ഷക്ക് വിധിച്ചിട്ടില്ല. പക്ഷെ, നാഷണൽ കമ്മീഷൻ ഫോർ ജസ്റ്റിസ് ആന്റ് പീസ് എന്ന സർക്കാർ ഏജൻസി തയ്യാറാക്കിയ ഒരു റിപ്പോർട്ട് പ്രകാരം 34 പേരെ മതനിന്ദ ആരോപിച്ച് തീവ്രവാദികൾ വധിച്ചിട്ടുണ്ട്. അതിൽ മിക്കപേരും മതനിന്ദക്ക് വിചാരണ നേരിടുന്നവരായിരുന്നു. അതിൽ 7 പേരെ പോലീസിന്റെ കൺമുമ്പിൽ വെച്ചാണ് കൊലചെയ്തത്. മതനിന്ദയുടെ പേരിലുള്ള ഇപ്പോഴത്തെ പ്രവണത പ്രകാരം മുസ്‌ലിം കക്ഷികളിലെ തന്നെ ഓരോ വിഭാഗവും തങ്ങളുടെ എതിർ കക്ഷിയിലെ ആളുകളെ മതനിന്ദാ നിയമത്തിന്റെ പേരിൽ കേസിൽ കുടുക്കാൻ കണ്ണിൽ എണ്ണയൊഴിച്ച് കാത്തിരിക്കുകയാ

ണ്. ഖുർആനോ റസൂൽ തിരുമേനി(സ)യുടെ പേരോ അച്ചടിച്ച കടലാസ് കീറുകയോ, അത് നില ത്തിട്ട് ചവിട്ടുകയോ, അതിനെ അപകീർത്തി പെടുത്തുകയോ ചെയ്തുവെന്ന് ആരോപിച്ചുകൊണ്ടുള്ള കേസുകൾ വന്നുകൊണ്ടിരി ക്കുന്നു. 2010–ൽ പ്രസിദ്ധീകരിച്ച ഏറ്റവും പുതിയ മനുഷ്യാവകാശ കമ്മീഷന്റെ റിപ്പോർട്ടിൽ പോലീസ് റെജിസ്റ്റർ ചെയ്ത 41 മതനിന്ദാ കേസുകളിൽ ഭൂരിപക്ഷവും മുസ്ലിംകൾ തമ്മിൽ പകപോക്കാൻ കൊടുത്ത കേസുകളാണ്.



ലാഹോർ അഹ്മദിയ്യാ മസ്ജിദ് ആക്രമണത്തിന് ശേഷം അഹ്മദിയ്യാ ആസ്ഥാനത്ത് അനുശോചനമറിയിക്കാൻ സൽമാൻ തയ്സീർ (വലത്) വന്നപ്പോൾ

പഞ്ചാബ് ഗവർണർ സൽമാൻ തയ്സീർ വധിക്കപ്പെട്ട സംഭവം ആസിയാ ബീവി എന്ന ക്രിസ്തീയ വനിതയുമായി ബന്ധപ്പെട്ട മതനിന്ദാ കേസാണ്. 2009 ലാണ് കേസിന്നാസ്പദമായ സംഭവം നടന്നത്. ക്രിസ്ത്യാനിയായ ആസിയാ ബീവി സ്പർശിച്ച ഗ്ലാസിൽ വെള്ളം കുടിക്കാൻ രണ്ട് മുസ്ലിം സ്ത്രീകൾ വിസമ്മതിക്കുകയുണ്ടായി. ഇതിനെ തുടർന്ന് ഗ്രാമീണരായ വീട്ടമ്മമാർ തമ്മിൽ നടന്ന വഴക്കിലാണ് മുഹമ്മദ് നബി (സ) യെ അധിക്ഷേപിച്ചുകൊണ്ട് ആസിയാ ബീവി സംസാരിച്ചു എന്ന ആരോപണമുണ്ടായത്. കേസ് സെഷൻസ് കോടതിയിൽ വിചാരണക്ക് വരികയും ആസിയാ ബീവിയെ വധശിക്ഷക്ക് വിധിക്കുകയുമുണ്ടായി. മതനിന്ദയുമായി ബന്ധപ്പെട്ട പാകിസ്ഥാനിലെ ആദ്യത്തെ വധശിക്ഷാ വിധിയാണിത്. അതിനു ശേഷം പഞ്ചാബ് ഗവർണറായ സൽമാൻ തയ്സീർ ശൈഖ്പുരയിലെ ജയിലിൽ വന്ന് ആസിയാ ബീവിയെ സന്ദർശിക്കുകയും അവിടെ വെച്ച് അവരോടൊപ്പം ഒരു പത്രസമ്മേളനം നടത്തുകയും ചെയ്തു. പാക്കിസ്ഥാൻ പ്രസിഡന്റ് ആസിഫ് അലി സർദാരിക്ക് സമർപ്പിക്കാൻ ദയാഹർജിയിൽ അവരുടെ പെരുവിരൽകൊണ്ട് മുദ്രചാർത്തിക്കുകയും, ഇസ്ലാമിക വിരുദ്ധമായ മതനിന്ദാനിയമം പരിഷ്കരിക്കാൻ വേണ്ടത് ചെയ്യുമെന്ന് ആ പത്രസമ്മേളനത്തിൽ പ്രഖ്യാപിക്കുകയും ചെയ്തു. ഇതാണ് മതതീവ്രവാദികളെ പ്രകോപിപ്പിച്ചത്. പൊതുവെ ഭരണകൂടവുമായി ഇടഞ്ഞും, മതതീവ്രവാദികൾക്ക് പ്രോത്സാഹനജനകമായും നിൽക്കുന്ന നിലപാടാണ് പാക്കിസ്താൻ ജുഡീഷ്യറി അടുത്ത കാലത്ത് സ്വീകരിച്ചുവരുന്നത്. ആസിയാ ബീവിയുടെ ദയാഹർജിയിൽ ഇടപെടുന്നതിൽ നിന്നും പാക്കിസ്താൻ പ്രസിഡന്റിനെ തടഞ്ഞുകൊണ്ടുള്ള ഒരു ഓർഡർ ലാഹോർ ഹൈക്കോടതിയും ഇതിനകം പുറപ്പെടുവിക്കുകയുണ്ടായി. അതുപോലെ പാർലമെന്റിൽ മതനിന്ദാനിയമം ഭേദഗതി ചെയ്യുന്നതിനുള്ള ചർച്ച തടയണമെന്ന് ആവശ്യപ്പെട്ട് ഒരു ഹർജിയും ലാഹോർ ഹൈക്കോടതിയിൽ ഫയൽ ചെയ്തിരിക്കുകയാണ്. സൽമാൻ തയ്സീറിന്റെ വധത്തോടെ പാക്കിസ്ഥാനിലെ മതനിന്ദാനിയമം ലോകവ്യാപകമായ ശ്രദ്ധ പിടിച്ചുപറ്റുകയും, അന്തർദേശീയ വേദികളിലും മനുഷ്യാവകാശ സംഘടനകളിലും ചർച്ച ചെയ്യപ്പെടുകയുമാണ്. ഏഷ്യയിലേയും, യൂറോപ്പിലേയും നിരവധി രാജ്യങ്ങളിൽ നിന്നും വത്തിക്കാനിൽ നിന്ന് പോപ്പ് ബനഡിക്റ്റും ആസിയാ ബീവിയുടെ വധശിക്ഷാ വിധിയെ രൂക്ഷമായി അപലപിച്ചിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ പാക്കിസ്ഥാനിലെ മുല്ലായിസത്തിന്നും അന്തർദേശീയ സമ്മർദ്ദങ്ങൾക്കും മധ്യേ പാക്കിസ്താൻ ഭരണകൂടം വീർപ്പ്മുട്ടുകയാണ്.

തന്നെ വധിക്കാൻ വന്നവർക്കും അധിക്ഷേപങ്ങളുടേയും ശകാരങ്ങളുടേയും ശരവർഷം കൊണ്ട് ജീവിതം ദുസ്സഹമാക്കിയ കിരാതന്മാരായ ശത്രുക്കൾക്കും മാപ്പരുളുകയും അവരുടെ ആത്മീയവും ഭൗതികവുമായ ക്ഷേമത്തിന്വേണ്ടി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്ത റസൂൽ തിരുമേനി (സ) യുടെ മാതൃകയാണ് ഇസ്ലാമിന്റെ മാതൃക. കാരുണ്യമൂർത്തിയായ

റസൂൽ തിരുമേനി (സ)യുടെ ബഹുമതി സംരക്ഷിക്കാൻ, ഊരിപ്പിടിച്ച ഖഡ്ഗവുമായി കൊലവിളി നടത്തുന്നവരുടെ മാതൃക ഇസ്‌ലാമിന്റെ മാതൃകയല്ല.

മതങ്ങൾ ബഹുമാനിക്കുന്ന എതൊരു പുണ്യാത്മാവിനേയും നിന്ദിക്കാനോ അവമധിക്കാനോ പാടില്ല എന്നത് വിശുദ്ധ ഖുർആന്റെ മുസ്‌ലിമിനോടുള്ള കർശനമായ നിർദേശമാണ്. അല്ലാഹുവിന് പുറമേ അവർ മറ്റാരെ വിളിച്ച് പ്രാർത്ഥിക്കുന്നോ അവരെ ശകാരിക്കരുത്. (16:109) ഇവിടെയും ശിക്ഷയെക്കുറിച്ച് പറയുന്നില്ല.

നിന്ദാകരമായ ഹീനവിമർശനങ്ങൾ ക്രമസമാധാന പ്രശ്നമായി മാറുന്ന വികാരസാന്ദ്രമായ സമൂഹമാണെങ്കിൽ അത്തരം അശ്ലീല വിമർശനങ്ങൾക്കെതിരെ ഉചിത ശിക്ഷാ നിയമങ്ങളുമാവാം. ഒരു ജനാധിപത്യ സമൂഹത്തിൽ മത വിമർശനമോ മതനിന്ദയോ നടത്തുന്നത് ശിക്ഷാനിയമംകൊണ്ട് അടക്കിനിർത്തുന്നത് ആശാസ്യമല്ല വിമർശനത്തിന് പ്രതിവിമർശനം നടത്താനും മറുപടി പറയാനുമുള്ള സ്വാതന്ത്ര്യം വിമർശിക്കപ്പെട്ടവർക്കും ഉണ്ടായിരിക്കണം എന്നതാണ് പരമപ്രധാനമായിട്ടുള്ളത്. എതിരാളികൾ നടത്തുന്നത് മതങ്ങളിലെ അന്ധവിശ്വാസങ്ങളോടും അനാചാരങ്ങളോടുമുള്ള ന്യായമായ വിമർശനമായിരിക്കാം. അല്ലെങ്കിൽ അവർക്ക് യാഥാർത്ഥ്യം മനസ്സിലാകാത്തതുകൊണ്ടുമായിരിക്കാം. എല്ലാ മതവിമർശനങ്ങളും മതനിന്ദയാണെന്നും അത് ശിക്ഷാർഹമാണെന്നും പറയുന്ന മതതീവ്രവാദം നീതി നിഷേധമാണ് നടത്തുന്നത്. വിമർശനത്തിനോ നിന്ദക്കോ വിധേയമാകുന്ന മതത്തിന്റെ വക്താക്കൾ അതിന് മറുപടി പറയുമ്പോൾ വാസ്തവത്തിൽ സത്യപക്ഷത്തിന് ഒരവസരം ലഭിക്കുകയാണ് ചെയ്യുന്നത്. സത്യത്തിലും നീതിയിലും അടിയുറപ്പുള്ളവർ ഒരു നിന്ദയേയും സംവാദത്തെയും ഭയപ്പെടുന്നില്ല. നിന്ദാകരമായ വിമർശനമാവട്ടെ, വസ്തുനിഷ്ഠാപരമായ വിമർശനമാവട്ടെ ആധികാരിക സ്ഥാനങ്ങളിൽ നിന്ന് വരുന്ന ഇത്തരം എതിർപ്പുകളെ ധൈഷണിക സംവാദങ്ങളാക്കി മാറ്റുകയാണ് സത്യത്തിന്റെ വക്താക്കൾ ചെയ്യേണ്ടത്. വിശുദ്ധ ഖുർആൻ പറയുന്നു. **ഏറ്റവും ഉൽകൃഷ്ടമായ രീതിയിൽ അവരോട് സംവാദം നടത്തുകയും ചെയ്യുക. തന്റെ മാർഗത്തിൽ നിന്ന് വ്യതിചലിച്ച് പോകുന്നവരെ സംബന്ധിച്ച് അല്ലാഹു നന്നായറിയുന്നവനാണ്. നേർമാർഗം പ്രാപിച്ചവരേയും അവൻ നന്നായറിയുന്നു. (16:125)**

വാസ്തവത്തിൽ മതനിന്ദക്ക് ഇസ്‌ലാമിൽ യാതൊരു ഭൗതിക ശിക്ഷയും ശുപാർശചെയ്തിട്ടില്ല എന്നാണ് മനുഷ്യ സ്വാതന്ത്ര്യത്തിന്റെ മഹാപ്രകടന പത്രികയായ വിശുദ്ധ ഖുർആനിൽ നിന്നും നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. യേശുവിന്റെ മാതാവും പരിശുദ്ധയുമായ മർയം ബീവിയെക്കുറിച്ച് യഹൂദികൾ നടത്തുന്ന കടുത്ത അപവാദത്തെപ്പറ്റി വിശുദ്ധ ഖുർആൻ പറയുന്നു: **അവരുടെ അവിശ്വാസവും മർയമിന്റെ പേരിൽ ഗുരുതരമായ അപവാദം ആരോപിക്കുന്ന കാരണത്താലും... അവർക്ക് അതിനെപ്പറ്റി യാതൊരറിവുമില്ല. (4:157–158)** ഇവിടെ *ബുഹ്താനൻ അളീമൻ* (ഗുരുതരമായ അപവാദം) എന്ന് ഖുർആൻ തന്നെ ഈ ഹീന പ്രവൃത്തിയെ വിശദീകരിച്ചിട്ടും ആ നിന്ദക്കെതിരെ എടുക്കേണ്ട യാതൊരു നിയമനടപടികളെക്കുറിച്ചോ, ശിക്ഷയെക്കുറിച്ചോ പരാമർശിക്കുന്നില്ല. മറ്റൊരു വ്യക്തമായ ഖുർആൻ വചനം ഇങ്ങനെയാണ്.

**നമ്മുടെ ദൃഷ്ടാന്തങ്ങളെ സംബന്ധിച്ച് (വിമർശിച്ചുകൊണ്ട്) വ്യർത്ഥ സംഭാഷണം നടത്തുന്നവരെ നീ കണ്ടാൽ അവർ മറ്റൊരു വർത്തമാനത്തിൽ പ്രവേശിക്കുന്നത് വരെ നീ അവരിൽ നിന്നും മാറി നിൽക്കുക. പിശാച് വല്ലപ്പോഴും നിനക്ക് മറവി വരുത്തുന്നതായാൽ ഓർമ്മയായതിന് ശേഷം അധർമകാരികളോടൊപ്പം നീ ഇരിക്കരുത്.** (6:69)

*“മതനിന്ദയോ വിമർശനമോ നടത്തുന്നവരോടൊപ്പം നീ ഇരിക്കരുത്”* എന്ന അധ്യാപനം മാത്രമാണ് ഇവിടെ ഖുർആൻ നൽകുന്നത്. ജനാധിപത്യത്തിന്റെ ശ്രീകോവിലായ നിയമനിർമ്മാണ സഭകളിൽ വിയോജിപ്പും പ്രതിഷേധവും പ്രകടിപ്പിക്കാൻ പ്രതിപക്ഷം നടത്തുന്ന ഇറങ്ങിപ്പോക്ക്പോലെ അങ്ങേയറ്റം ജനാധിപത്യപരമായ ഒരു പ്രതികരണമായിരിക്കണം മുസ്‌ലിം പക്ഷത്ത് നിന്നും മതനിന്ദയോട് ഉണ്ടാകേണ്ടത് എന്നാണ് ഇവിടെ വിശുദ്ധ ഖുർആൻ സൂചിപ്പിക്കുന്നത്. മാത്രമല്ല, അതൊരു ശാശ്വത ബഹിഷ്ക്കരണമോ ബന്ധവിഛേദനമോ അല്ല. വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങളിലെ അങ്ങേയറ്റത്തെ ജനാധിപത്യബോധവും സംസ്കാര സമ്പന്നതയും നാം തിരിച്ചറിയേണ്ടതുണ്ട്. മതനിന്ദ നടത്തുന്നവനെ വധിച്ചുകളയണമെന്ന നിയമം ഇസ്‌ലാമിക വിരുദ്ധമാണ് എന്ന് പറയുന്നതിന്റെ പശ്ചാത്തലമിതാണ്. മതതീവ്രവാദികളും മുല്ലായിസവും വിശുദ്ധ ഖുർആന്റെ ഉദാത്തമായ അധ്യാപനങ്ങൾ തിരിച്ചറിയുമാറാവട്ടെ.

അനുസ്മരണം

# ഹിദായത്തുല്ലാഹ് ഖുബ്ശ് സാഹിബ്



**ഫ്രാൻക്ഫർട്ട്:-** അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ജർമ്മനിയിലെ പ്രമുഖാംഗവും, പ്രഗല്ഭനായ എഴുത്തുകാരനും, കവിയും, ജർമ്മനിയിലെ ജാമിഅ അഹ്മദിയ്യായിൽ അധ്യാപകനുമായ ഹിദായത്തുല്ലാഹ് ഖുബ്ശ് സാഹിബ്(65) ജനുവരി 4 ന് വഫാത്തായി. ഇന്നാലില്ലാഹി...

1960–ൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിൽ പ്രവേശിച്ച ഖുബ്ശ് സാഹിബ് സമർപ്പിതനായ അഹ്മദിയായിരുന്നു. ഇസ്‌ലാമിനെതിരെയുള്ള ആരോപണങ്ങളെ പ്രതിരോധിച്ചുകൊണ്ട് നിരവധി ഗ്രന്ഥങ്ങളെഴുതിയിട്ടുണ്ട്. തിരുനബി (സ) യെക്കുറിച്ച് രണ്ട് വാള്യങ്ങളുള്ള പുസ്തകവും ഇസ്‌ലാമിനെക്കുറിച്ചുള്ള 99 ചോദ്യങ്ങളും ഉത്തരങ്ങളും, ഇസ്‌ലാമിൽ സ്ത്രീകൾക്കുള്ള സ്ഥാനം, ഇസ്‌ലാമിലെ സ്വർഗ്ഗ നരകങ്ങൾ എന്നീ വിഷയങ്ങളെ ആസ്പദമാക്കിയുള്ള മതഗ്രന്ഥങ്ങളുമാണ് എഴുതിയത്. ഇതിന് പുറമെ 12 സാഹിത്യ പുസ്തകങ്ങൾ അദ്ദേഹം ജർമ്മൻ ഭാഷയിൽ എഴുതിയിട്ടുണ്ട്. നോബൽ സമ്മാന ജേതാവായ വിശ്വ സാഹിത്യകാരൻ ഗുന്തർ ഗ്രാസ് ഹിദായത്തുല്ലാഹ് ഖുബ്ശ് സാഹിബിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുകയും 1960 കളിലെ ജർമ്മനിയിലെ ഏറ്റവും പ്രഗല്ഭനായ എഴുത്തുകാരനായിരുന്നു ഖുബ്ശ് എന്ന് അനുസ്മരിക്കുകയും ചെയ്തു. ജർമ്മനിയിലെ 16 ദേശീയ പത്രങ്ങൾ അദ്ദേഹത്തിന്റെ നിര്യാണവാർത്ത വലിയ പ്രാധാന്യത്തോടെ പ്രസിദ്ധീകരിക്കുകയുണ്ടായി. ദേശീയ അന്തർദേശീയ നേതാക്കന്മാരും, ജർമ്മൻ സാഹിത്യ സാംസ്കാരിക രംഗത്തെ പ്രമുഖരുമടങ്ങിയ വിപുലമായ ഒരു സുഹൃദ്‌വലയം അദ്ദേഹത്തിനുണ്ടായിരുന്നു. അഗാധഭക്തനായ ഖുബ്ശ് സാഹിബ് ജമാഅത്തിൽ സമ്പൂർണ്ണ സേവന നിരതനും സമർപ്പിതവും മാതൃകാപരവുമായ ജീവിതമായിരുന്നു നയിച്ചത്. ആദ്യഭാര്യ മരിച്ചതിന് ശേഷം ഖാദിയാനിൽ നിന്നായിരുന്നു അദ്ദേഹം വിവാഹം കഴിച്ചത്.

അല്ലാഹു പരേതാത്മാവിന് ജന്നത്തും മഅ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ.




**2011 ജനുവരി 15, 16 തീയതികളിൽ കരുനാഗപ്പള്ളിയിൽ വെച്ച് നടന്ന മജ്‌ലിസ് അൻസാറുല്ലാഹ് സംസ്ഥാന ഇജ്തിമ അഖിലേന്ത്യ സദ്ർ ഖാരി നവാബ് അഹ്മദ് സാഹിബ് ഉദ്ഘാടനം ചെയ്യുന്നു.**




**മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ സംഘടിപ്പിച്ച ദക്ഷിണ കേരള നേതൃത്വ പരിശീലന ക്യാമ്പ് എറണാകുളം സോണൽ അമീർ ബി. ബി. അഹ്മദ് കബീർ സാഹിബ് ഉദ്ഘാടനം ചെയ്യുന്നു. മൗലവി എം. നാസിർ അഹ്മദ് സാഹിബ്, സി. ശമീം സാഹിബ്, ഇ.എച്ച് നജീബ് സാഹിബ്, മുഹമ്മദ് സഫ്‌വാൻ സാഹിബ് എന്നിവർ വേദിയിൽ**

# കേരളത്തിന് ഒന്നാം സ്ഥാനം

ലണ്ടൻ: വഖ്ഫ് ജദീദ് വകുപ്പിലേക്ക് കഴിഞ്ഞ വർഷം സാമ്പത്തിക ത്യാഗം സമർപ്പിച്ചതിൽ ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ കേരളമാണ് ഒന്നാം സ്ഥാനം കരസ്ഥമാക്കിയതെന്ന് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ഇപ്പോഴത്തെ ആഗോള നേതാവും അമീറുൽ മുഅ്മിനീനുമായ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹു) സാഹിബ് പ്രസ്താവിക്കുക യുണ്ടായി. ആഗോള തലത്തിൽ 2010ൽ വഖ്ഫ് ജദീദ് പദ്ധതിയിൽ ധന ത്യാഗത്തിന്റെ നിലവാരം വിവരിച്ചുകൊണ്ട് ലണ്ടനിലെ ബൈത്തുൽ ഫുതൂഹ് മസ്ജിദിൽ ഖുത്ബ നിർവഹിക്കുകയായിരുന്നു അദ്ദേഹം. ലോകാടിസ്ഥാനത്തിൽ പാക്കിസ്ഥാൻ ഒന്നാം സ്ഥാനത്തിന് അർഹത നേടി. ഇന്ത്യക്ക് ആറാം സ്ഥാനമാണുള്ളത്. രണ്ടാം സ്ഥാനം അമേരിക്കയും മൂന്നാം സ്ഥാനം യു.കെയും നാലാം സ്ഥാനം ജർമ്മനിയും അഞ്ചാം സ്ഥാനം കാനഡയുമാണ് കരസ്ഥമാക്കിയത്. ഇന്ത്യയിലെ ജമാഅത്തുക ളിൽ കോഴിക്കോട് ഒന്നാം സ്ഥാനവും കണ്ണൂർ ടൗൺ രണ്ടാം സ്ഥാനവും നേടിയപ്പോൾ കരുളായിയും പഴയങ്ങാടിയും ആദ്യത്തെ പത്ത് സ്ഥാന ങ്ങളിൽ ഇടം നേടുകയും ചെയ്തു.

ധനത്യാഗത്തിന്റെ ആത്മപുളകിതമായ സംഭവങ്ങൾ വിവരിച്ചുകൊണ്ട് നൽകിയ ഈ ഖുത്ബയിൽ നവാഗതരുടെ ത്യാഗത്തേയും ഹുസൂർ എടുത്തു പറയുകയുണ്ടായി. ജനുവരി ആദ്യവാരത്തിൽ നടത്തിയ ഈ ഖുത്ബയിൽ വഖ്ഫ് ജദീദിന്റെ നവ വൽസര പ്രഖ്യാപനം നടത്തുകയും അല്ലാഹുവിന്റെ മാർഗത്തിൽ ധനത്യാഗം ചെയ്യുന്നവർക്കായി ഖലീഫ തിരു മനസ്സ് പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്തു.

## അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിനെ കൂടുതൽ അറിയുവാൻ ബന്ധപ്പെടുക

**എച്ച്. ശംസുദ്ധീൻ സാഹിബ് : 9946021252,**

**മുഹമ്മദ് നജീബ് ഖാൻ സാഹിബ് : 9496273208**

| | | | |
|---|---|---|---|
| കണ്ണൂർ മേഖല | : | കെ. അബ്ദുസ്സലാം സാഹിബ് | 9446836787 |
| കോഴിക്കോട് മേഖല | : | മുഹമ്മദ് സലീം സാഹിബ് | 9744524001 |
| മലപ്പുറം മേഖല | : | പി. അബ്ദുന്നാസിർ സാഹിബ് | 9446766960 |
| പാലക്കാട് മേഖല | : | ടി. മുഹമ്മദ് മൻസിൽ സാഹിബ് | 9847611900 |
| എറണാകുളം മേഖല | : | നാസിർ അഹ്മദ് സാഹിബ് | 9497343704 |
| തിരുവനന്തപുരം മേഖല | : | ടി. ഷെഫീഖ് അഹ്മദ് സാഹിബ് | 9446270883 |

2011 February

Reg.No. 3332/59, Postal Regn. No.KL/CT/108/2009-11.Estd. 1925
Licensed to post without pre-payment, Licence No: KL/PMG/NR/WPP/16/KKD/09-11

Vol: LXXXIII No.2
Price Rs. **20/-**

**The Sathyadoothan Monthly**

# ദിവ്യ വചനങ്ങൾ

## ഭയഭക്തി



മനുഷ്യരെ തീർച്ചയായും നാം നിങ്ങളെ ആണിൽനിന്നും പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളെ വിവിധ സമുദായങ്ങളും ഗോത്രങ്ങളുമാക്കിയിരിക്കുന്നു. നിങ്ങൾ അന്യോന്യം അറിയുന്നതിനുവേണ്ടി. തീർച്ചയായും അല്ലാഹുവിന്റെ പക്കൽ, നിങ്ങളിൽ വെച്ച് ഏറ്റവും ബഹുമാന്യൻ നിങ്ങളിൽ വെച്ച് ഏറ്റവും ഭയഭക്തിയുള്ളവനാകുന്നു. നിശ്ചയമായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞനുമാകുന്നു. (വിശുദ്ധ ഖുർആൻ 49:14)

സർവ്വ പ്രാണികളിലും എനിക്ക് ഒരേ നിലയാണുള്ളത്. ശത്രുവെന്നോ മിത്രമെന്നോ ഉള്ള ഭാവം അവരിൽ എനിക്കില്ല. എന്നാൽ ഭയഭക്തിയോട് കൂടി എന്നെ ഭജിക്കുന്നവർ എന്നെ കൈവിടുന്നില്ല. ഞാൻ അവരേയും കൈവിടുന്നില്ല. (ശ്രീമദ് ഭഗവദ് ഗീത 2:29)





കർത്താവിനോടുള്ള ഭക്തിയാണ് അിറവിന്റെ തുടക്കം. ഭോഷർ വിജ്ഞാനവും ശിക്ഷണവും വെറുക്കുന്നു. (വിശുദ്ധ ബൈബിൾ സങ്കീർത്തനം 1:7)